ആഗസ്റ്റ് 2023

ഓണാശംസകൾ

വില: ₹ 20

# കേരള പവർ

കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ മുഖമാസിക






## KSEB കേരള മാതൃകയുടെ കാവലാളാവാം




റിസ്ട്രക്ചറിംഗ്, സ്പെഷ്യൽ റൂൾസ് വിഷയങ്ങളിന്മേൽ സംഘടിപ്പിച്ച ദ്വിദിന ശിൽപശാല സിപിഐ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി സ: പി.പി. സുനീർ ഉദ്ഘാടനം ചെയ്യുന്നു.




മികച്ച പത്രപ്രവർത്തകനുള്ള എ.എൻ. രാജൻ പുരസ്കാരം ജനയുഗം എക്സിക്യൂട്ടീവ് എഡിറ്റർ ശ്രീ. അബ്ദുൾ ഗഫൂറിന് ബഹു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി സ: ജി.ആർ. അനിൽ നൽകുന്നു.




എൻ.സി.സി.ഒ.ഇ.ഇ സമരസന്ദേശ ജാഥ:
തിരുവനന്തപുരം ഉദ്ഘാടനം സ: കെ.പി. രാജേന്ദ്രൻ, എ.ഐ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി

# കേരളപവർ

കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ പ്രസിദ്ധീകരണം

പുസ്തകം : 53
ലക്കം : 1






**ജാഗ്രതാ സദസ്**

**8** വൈദ്യുതി മേഖല കേരള മാതൃക സംരക്ഷിക്കപ്പെടണം
എം. പി. ഗോപകുമാർ

**12** പോരാട്ട ചരിത്രത്തിൽ ഇടം നേടി ജാഗ്രതാസദസ്സുകൾ
വി.ജെ. കുര്യാക്കോസ്





മുൻ മുഖ്യമന്ത്രി
**ഉമ്മൻചാണ്ടിക്ക് ആദരാഞ്ജലികൾ**





**അനുസ്മരണം**

**30** ജൂൺ 13
ജെ. ചിത്തരഞ്ജൻ ദിനം
എസ്.ബി. റോസ്‌വിൽസ്





**അനുസ്മരണം**

**20** എം. സുകുമാരപിള്ള ദിനം



**മുഖപ്രസംഗം**

**4** NCCOEEE
സമരങ്ങൾക്ക് കരുത്ത് പകരുക
കാനം രാജേന്ദ്രൻ

**ജനറൽ സെക്രട്ടറിയുടെ പേജ്**

**6** ആനുകൂല്യ നിഷേധങ്ങൾക്കെതിരെ സമരസജ്ജരാവുക
എം പി ഗോപകുമാർ





**15** സമര സന്ദേശ ജാഥയ്ക്ക് വൻ ജനപിൻതുണ
ഷാജി മംഗലയ്ക്കൽ





**വികസനം**

**28** കെ ഫോൺ: കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ്
എം. ശിവകുമാർ

**31** പ്രക്ഷോഭങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കുക

**34** കത്തുകൾ

# NCCOEEE സമരങ്ങൾക്ക് കരുത്ത് പകരുക

രാജ്യത്തിന്റെ സ്വാതായ പൊതുമേഖലാ വൈദ്യുതി വ്യവസായത്തെ സ്വകാര്യകമ്പനികൾക്ക് വിറ്റുതുലയ്ക്കാനുള്ള ഏകപക്ഷീയ നിയമനിർമ്മാണങ്ങൾക്കും നിയമഭേദഗതികൾക്കുമായി കേന്ദ്ര സർക്കാർ തുനിഞ്ഞിറങ്ങിയിട്ട് കാലമേറെയായി. 2014 –ൽ അധികാരത്തിലേറിയ മോദി സർക്കാർ 2014, 2018, 2020, 2021, 2022 വർഷങ്ങളിൽ വൈദ്യുതി നിയമം 2003 ഭേദഗതി ചെയ്യാൻ നടത്തിയ ശ്രമങ്ങൾ പാർലമെന്റിനകത്തും പുറത്തും നടന്ന ശക്തമായ പ്രതിഷേധ സമരങ്ങൾമൂലം മാറ്റിവയ്ക്കേണ്ടിവന്നു.

ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സമവർത്തി പട്ടികയിലെ (കൺകറന്റ് ലിസ്റ്റിലെ) ഇനം 38 ആണ് വൈദ്യുതി മേഖല. ഊർജ്ജ മേഖലയെ പ്രതികൂലമായി ബാധിക്കുന്നതും സംസ്ഥാനങ്ങളുടെ അധികാര അവകാശങ്ങളിന്മേൽ കടന്നുകയറ്റങ്ങൾ നടത്തുന്നതുമായ നിയമഭേദഗതി ഇൻഡ്യൻ പാർലമെന്റിൽ അവതരിപ്പിക്കുന്നതിനുമുൻപ് സംസ്ഥാന സർക്കാരുകളുമായി ചർച്ച നടത്തുവാനും സമവായ നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും കേന്ദ്ര സർക്കാറിന് ബാധ്യതയുണ്ട്. സഹകരണ ഫെഡറൽ സംവിധാനത്തിന്റെ അന്തഃസത്തയെ കാറ്റിൽ പറത്തിയുള്ള കേന്ദ്രസർക്കാരിന്റെ നിയമഭേദഗതിക്കെതിരെ കേരളമടക്കം 13 സംസ്ഥാന സർക്കാരുകൾ ശക്തമായ നിലപാടാണ് സ്വീകരിച്ചത്.

2022 ആഗസ്റ്റ് 8 ന് ലോക്സഭയിൽ അവതരിപ്പിച്ച ഭേദഗതി ബില്ലിനെതിരെ രാജ്യമാകെ വൈദ്യുതിജീവനക്കാരും ഓഫീസർമാരും കരാർ തൊഴിലാളികളും നടത്തിയ ജോലി ബഹിഷ്ക്കരണ സമരം കേന്ദ്രസർക്കാരിന്റെ സ്വകാര്യവത്ക്കരണ നീക്കങ്ങൾക്കെതിരെയുള്ള ദേശവ്യാപക പ്രതിഷേധസമരമായി മാറി. സ്വകാര്യവത്ക്കരണ പാതയൊരുക്കുവാനുള്ള അനവധി വ്യവസ്ഥകളുമായി അവതരിപ്പിക്കപ്പെട്ട വൈദ്യുതി ഭേദഗതി ബില്ലിനെതിരെ ഉയർന്നു വന്ന കടുത്ത പ്രതിഷേധം കണക്കിലെടുത്ത് ബിൽ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിടുകയുണ്ടായി. ബന്ധപ്പെട്ടവരുടെയെല്ലാം അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് തുടർ നടപടികൾ കൈക്കൊള്ളൂവെന്ന നിലപാടുമായി താത്ക്കാലിക പിൻമാറ്റം നടത്തുകയാണ് കേന്ദ്രസർക്കാർ ചെയ്തത്.

രാജ്യത്തെ പിടിച്ചുകുലുക്കിയ കർഷക സമരം പിൻവലിക്കുവാൻ സംയുക്ത കിസാൻ മോർച്ചയ്ക്ക് നൽകിയ ഉറപ്പിൽ ബന്ധപ്പെട്ടവരുമായും കർഷ സംഘടനകളുമായും സംസ്ഥാന സർക്കാരുകളുമായും തുടർ ചർച്ചകൾ നടത്തിമാത്രമേ വൈദ്യുതി ഭേദഗതി ബിൽ വീണ്ടും അവതരിപ്പിക്കുകയുള്ളൂവെന്ന് കേന്ദ്രസർക്കാർവ്യക്തമാക്കിയിരുന്നു. നിർഭാഗ്യവശാൽ ചില പ്രഹസന ചർച്ചകൾ നടത്തിയശേഷം കാര്യമായ മാറ്റങ്ങളൊന്നും കൂടാതെ ബിൽ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കുവാൻ തയ്യാറെടുക്കുകയാണ് കേന്ദ്രസർക്കാർ.

“



ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ സമവർത്തി പട്ടികയിലെ (കൺകറന്റ് ലിസ്റ്റിലെ) ഇനം 38 ആണ് വൈദ്യുതി മേഖല. ഊർജ്ജമേഖലയെ പ്രതികൂലമായി ബാധിക്കുന്നതും സംസ്ഥാനങ്ങളുടെ അധികാര അവകാശങ്ങളിന്മേൽ കടന്നുകയറ്റങ്ങൾ നടത്തുന്നതുമായ നിയമഭേദഗതി ഇൻഡ്യൻ പാർലമെന്റിൽ അവതരിപ്പിക്കുന്നതിനുമുൻപ് സംസ്ഥാന സർക്കാരുകളുമായി ചർച്ച നടത്തുവാനും സമവായ നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും കേന്ദ്രസർക്കാറിന് ബാധ്യതയുണ്ട്.

ഭരണഘടന നൽകുന്ന ഉറപ്പുകൾ പ്രകാരം എല്ലാവർക്കും വൈദ്യുതി നൽകുവാൻ ബാധ്യസ്ഥരാണ് സംസ്ഥാന സർക്കാരുകൾ. ഗുണമേന്മയുള്ള വൈദ്യുതി താങ്ങാവുന്ന വിലയ്ക്ക് എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും നൽകുവാൻ ബാധ്യതപ്പെട്ട സംസ്ഥാന സർക്കാരുകളുടെയും പുതിയ നിയമനിർമ്മാണത്തിന്റെ കെടുതികളുടെ ഷോക്കേൽക്കേണ്ടി വരുന്ന ഉപഭോക്താക്കളുടേയും ജീവനക്കാരുടെയും സംഘടനകളുടെയും അഭിപ്രായങ്ങൾ അവഗണിച്ച് മുന്നോട്ട് പോകാനുള്ള കേന്ദ്ര ബി.ജെ.പി. സർക്കാരിന്റെ ശ്രമങ്ങളെ എന്ത് വില നൽകിയും ചെറുത്തു തോൽപ്പിച്ചേ മതിയാകൂ. കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാരുകളുടെ അധികാരങ്ങൾ കവർന്നെടുക്കുവാനും ഇല്ലായ്മ ചെയ്യുവാനും കേന്ദ്രസർക്കാരിലേയ്ക്കും അവർ നിയമിക്കുന്ന ഏജൻസികളിലേയ്ക്കും അധികാരങ്ങൾ കേന്ദ്രീകരിക്കുവാനും ഇടനൽകുന്ന വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാനങ്ങളുടെയും സാധാരണ ജനങ്ങളുടെയും കർഷകരുടേയും തൊഴിലാളികളുടേയും താല്പര്യങ്ങൾക്കെതിരായതും സ്വകാര്യ കുത്തക കമ്പനികൾക്ക് പരവതാനിവിരിക്കുന്നതുമാണ്. വലിയ മുതൽ മുടക്കും പരിപാലന ചെലവും വേണ്ടിവരുന്ന വൈദ്യുതി മേഖലയിൽ യഥേഷ്ടം കടന്നുവരുവാനും ബാധ്യതയേതും കൂടാതെ പിൻമാറുവാനും സ്വകാര്യ കമ്പനികൾക്ക് അവസരമൊരുക്കുന്ന വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പൊതു ഖജനാവിൽ നിന്നും കോടികൾ മുടക്കി കെട്ടിപ്പടുത്ത രാജ്യത്തെ വൈദ്യുത പ്രതിഷ്ഠാപനങ്ങൾ സ്വകാര്യ കുത്തക കമ്പനികൾക്ക് യഥേഷ്ടം ഉപയോഗിക്കുവാനും ചുളുവിലയ്ക്ക് സ്വന്തമാക്കുവാനും വ്യവസ്ഥ ചെയ്യുന്ന വൈദ്യുതി നിയമ ഭേദഗതി രാജ്യതാത്പര്യങ്ങൾക്കെതിരാണ്.

സ്വകാര്യ കമ്പനികളുടെ നഷ്ടം പെരുപ്പിച്ച്കാണിച്ച് വൈദ്യുതി വില ഗണ്യമായി ഉയർത്തുക, നഷ്ടം നികത്തുവാനെന്ന പേര് പറഞ്ഞ് പൊതു ഖജനാവിലെ പണം കുത്തക കമ്പനികൾക്ക് ചോർത്തിക്കൊടുത്ത് സംസ്ഥാന സർക്കാരുകളെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് തള്ളിവിടുക, സേവന രംഗം എന്ന രീതി മാറി ലാഭ നഷ്ടക്കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം കാര്യനിർവ്വഹണം നടത്തുക തുടങ്ങിയവയാണ് വൈദ്യുത സ്വകാര്യവത്കരണം നടപ്പിലാക്കിയിടങ്ങളിലെ നാളിതുവരെയുള്ള അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്. ബില്ലിലെ വ്യവസ്ഥകൾ പ്രകാരം ഓരോ വർഷവും താരിഫ് പുനർ നിശ്ചയിക്കുന്നതിലൂടെ വൈദ്യുതി വിലയും പെട്രോൾ വിലപോലെ കുതിച്ചുയരുമെന്ന കാര്യം ഉറപ്പാണ്.

സബ്സിഡി - ക്രോസ് സബ്സിഡി സമ്പ്രദായങ്ങൾ അവസാനിപ്പിക്കുവാനും പരിമിതപ്പെടുത്തുവാനും ലക്ഷ്യമിടുന്ന ബിൽ നിയമമാകുന്നതോടെ കാർഷികരംഗവും ചെറുകിട വ്യവസായമേഖലയും കടുത്ത പ്രതിസന്ധിയിലാകും. സാധാരണ ഉപഭോക്താക്കൾക്കും കർഷകർക്കും ചെറുകിട വ്യവസായങ്ങൾക്കും ദുർബല വിഭാഗങ്ങൾക്കും നിലവിൽ ലഭിച്ചുവരുന്ന സൗജന്യങ്ങൾ ഇല്ലാതാവുകയോ പരിമിതപ്പെടുത്തുകയോ ചെയ്യും. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്കും ദുർബല വിഭാഗങ്ങൾക്കും വൈദ്യുതി അപ്രാപ്യമാകും. 15 ലക്ഷം വൈദ്യുതി ജീവനക്കാരുടെയും 12 ലക്ഷം കരാർ തൊഴിലാളികളുടേയും ഭാവി ജീവിത ഭദ്രതയും തൊഴിൽ സുരക്ഷയും തകർത്തെറിയലാവും സ്വകാര്യ വത്ക്കരണം മൂലം സംഭവിക്കുക.

വികസനത്തിന്റെ അടിസ്ഥാന ഘടകമായ, സമൂഹത്തിന്റെ ചാലക ശക്തിയായ വൈദ്യുതി, പൗരന്റെ മൗലികാവകാശമായ അവശ്യവസ്തുവെന്നതിൽ നിന്നും മാറി സ്വകാര്യകുത്തക കമ്പനികൾക്ക് ലാഭം കൊയ്യാനുള്ള ചരക്കായി മാറ്റപ്പെടുന്ന നിർദ്ദിഷ്ട ജനദ്രോഹ വൈദ്യുതി ഭേദഗതി ബില്ലിനെ എന്ത് വില നൽകിയും ചെറുത്തു തേൽപ്പിക്കാൻ തയ്യാറാവണം. ആഗോളവത്ക്കരണ നയങ്ങളുടെ കെടുതികൾക്ക് വിധേയരാകുന്ന ബഹു ഭൂരിപക്ഷത്തിന്റെ സംഘടിത ചെറുത്തുനിൽപ്സമരം മാത്രമാണ് മുഖ്യപോംവഴി. രാജ്യത്തെ ബഹുജനങ്ങളേയും കർഷകരേയും അണിനിരത്തി നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇല്കട്രിസിറ്റി എംപ്ലോയീസ് ആന്റ് ഇൻജിനീയേഴ്സ് (NCCOEEE) നേതൃത്വത്തിൽ തുടരുന്ന സംഘടിത സമരത്തിൽ അണിചേരുവാൻ എല്ലാ വൈദ്യുതി ജീവനക്കാരും സജ്ജരാവണം.■

***ചീഫ് എഡിറ്റർ***
കാനം രാജേന്ദ്രൻ

***എഡിറ്റർ, പ്രിന്റർ & പബ്ളിഷർ***
എം പി ഗോപകുമാർ

***എക്സിക്യൂട്ടീവ് എഡിറ്റർ***
എ എം ഷിറാസ്

***അസോസിയേറ്റ് എഡിറ്റർ***
എസ് രാജേഷ്കുമാർ

***ജോയിന്റ് എഡിറ്റേഴ്സ്***
വി സുനിൽ കുമാർ
സി പ്രദീപ്കുമാർ

***എഡിറ്റോറിയൽ ബോർഡ്***
വി ജെ കുര്യാക്കോസ്
കെ ആർ മോഹൻദാസ്
ജേക്കബ് ലാസർ വി
റ്റി ഷാജികുമാർ
എം ശിവകുമാർ
കെ സി മണി
എസ് അശ്വതി

***മാനേജിംഗ് കമ്മിറ്റി***
എസ് ബി റോസ് വിൽസ്
ഡോ. വി പി ജയിൻ
ഡി വിജയകുമാരൻ
എ സുരേഷ് കുമാർ

***കവർ ഡിസൈൻ & ലേഔട്ട്***
രതീഷ് കുമാർ ആർ

***ടൈപ്പ്സെറ്റിംഗ്***
നിഷാകുമാരി. പി
അശ്വന്ത് ശിവൻ

***ഓഫീസ്***
കേരള പവർ
ജെ. ചിത്തരഞ്ജൻ സ്മാരകം,
തൈക്കാട്,
തിരുവനന്തപുരം-695 014
മൊബൈൽ: 9400121281
email :
keralapowermonthly@gmail.com
Web: www.ksebkewf.org

***വാർഷിക വരിസംഖ്യ***
***200 രൂപ***

# ആനുകൂല്യ നിഷേധങ്ങൾക്കെതിരെ സമരസജ്ജരാവുക

വൈദ്യുതി ഉപഭോഗത്തിലെ കുതിച്ച് കയറ്റവും ആഭ്യന്തര വൈദ്യുതോത്പാദനത്തിലെ കുറവും സൃഷ്ടിക്കുന്ന താളപ്പിഴകൾ എങ്ങനെ പരിഹരിക്കണമെന്നറിയാതെ ബന്ധപ്പെട്ട അധികൃതർ ഇരുട്ടിൽ തപ്പുകയാണ്. വിദഗ്ധ ഊർജ്ജ മാനേജ്മെന്റിലൂടെ പതിറ്റാണ്ടുകളായി കെ.എസ്.ഇ.ബി. എന്ന സുപ്രധാന പൊതുമേഖലാ സ്ഥാപനം നാളിതുവരെ കൈവരിച്ച നേട്ടങ്ങളെല്ലാം അധികാരികളുടെ കെടുകാര്യസ്ഥതമൂലം കൂട്ടക്കുഴപ്പത്തിന്റെ ചുഴിയിലകപ്പെടുമോയെന്ന ആശങ്ക ഇതിനോടകം ഉയർന്നു കഴിഞ്ഞു. കേരളം നേരിടുന്ന വൈദ്യുതി കമ്മി പരിഹരിക്കാൻ 25 വർഷ കാലാവധിയിൽ നിലവിലുണ്ടായിരുന്ന ദീർഘകാല വൈദ്യുതിക്കരാറിന്മേൽ അടുത്ത കാലത്ത് സംസ്ഥാന റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച പ്രതികൂല ഉത്തരവിനെ തുടർന്ന് സൃഷ്ടിക്കപ്പെട്ട ഊർജ്ജാവശ്യകത നേരിടാൻ വിലകൂടിയ വൈദ്യുതിയെ ആശ്രയിച്ച നടപടികൾ വൈദ്യുതബോർഡിനെ ഗുരുതര സാമ്പത്തിക പ്രയാസത്തിലെത്തിച്ച ഗൗരവ വിഷയം വസ്തുതാപരമായ പരിശോധനകൾക്കും തിരുത്തലുകൾക്കും വിധേയമാക്കേണ്ടതുണ്ട്

6

സമീപ കാലത്തുണ്ടായ താരിഫ് വർദ്ധനവുകളിലൂടെ വൈദ്യുതിബോർഡിന് ഗണ്യമായ വരുമാന വർദ്ധനവ് ഉണ്ടായെന്ന പ്രതീതിയാണ് ജനമധ്യത്തിൽ സൃഷ്ടിച്ചിരിക്കുന്നത്. അതോടൊപ്പം വൈദ്യുതി ജീവനക്കാരുടെ ശമ്പളവും ഇതര ആനുകൂല്യങ്ങളും സംബന്ധിച്ച് വ്യാജ പ്രചരണങ്ങൾ നിരന്തരം നടത്തുവാൻ ചില സ്ഥാപിത താത്പര്യക്കാർ ശ്രമിച്ചു വരുന്നത് പൊതുസമൂഹത്തിൽ കുറെയേറെ ആശയക്കുഴപ്പങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്. ഈ രണ്ട് വിഷയങ്ങളിലും വസ്തുതകളും കണക്കുകളും നിരത്തി പ്രതിരോധ കവചം സൃഷ്ടിക്കേണ്ട കെ.എസ്.ഇ.ബി. മാനേജ്




“



സംഘടിത സമരങ്ങളിലൂടെ കടുത്ത വില നൽകി നേടിയെടുത്ത അവകാശ ആനുകൂല്യങ്ങൾ നിഷേധിക്കുവാനും കവർന്നെടുക്കുവാനുമുള്ള ശ്രമങ്ങൾ മുളയിലേ തടയപ്പെടണം. തൊഴിലാളി ദ്രോഹ നീക്കങ്ങളെ ഒരുമയോടെ സംഘടിതമായി ചെറുത്തുതോൽപ്പിക്കാൻ ബന്ധപ്പെട്ടവരെല്ലാം സമരസജ്ജരാവണം.



മെന്റ് സ്വീകരിച്ച അനങ്ങാപ്പാറ നയം ആശ്ചര്യകരം തന്നെയാണ്.

എല്ലാവർക്കും ഗുണമേന്മയുള്ള വൈദ്യുതി ന്യായവിലയ്ക്ക് ലഭ്യമാക്കുന്ന കെ.എസ്.ഇ.ബി. യെന്ന പൊതുമേഖലാ കമ്പനിയാണ് രാജ്യത്ത് ഏറ്റവും മാതൃകാപരമായി പ്രവർത്തിച്ചുവരുന്ന വൈദ്യുതി കമ്പനിയെന്ന യാഥാർത്ഥ്യം കണക്കുകൾ നിരത്തി സമർത്ഥിക്കുവാൻ ബന്ധപ്പെട്ട വർക്കാവണം. ദേശീയാടിസ്ഥാനത്തിൽ വൈദ്യുതി മേഖലയിൽ നിലനിൽക്കുന്ന സേവന വേതന നിരക്കുകളെ അപേക്ഷിച്ച് കുറഞ്ഞ ശമ്പളഘടനയാണ് ഇവിടെയുള്ളതെന്ന യാഥാർത്ഥ്യവും കണ്ണുപൂട്ടി വിമർശിക്കുന്നവരെ ബോധ്യപ്പെടുത്തണം. ഈ മേഖലയിലെ ജോലിസ്വഭാവവും അപകടകരമായ തൊഴിൽ സാഹചര്യവും സമഗ്ര വിലയിരുത്തലുകൾക്ക് വിധേയമാക്കേണ്ടതുണ്ട്. മഹാപ്രളയകാലത്തും കോവിഡ് മഹാമാരി കാലത്തും കാറ്റിലും മഴയിലും ജീവൻ പണയം വച്ച് രാപ്പകൾ ഭേദമന്യേ വിശ്രമരഹിതരായി പണിയെടുത്തു വരുന്ന വൈദ്യുതി ജീവനക്കാരുടെ സേവന സന്നദ്ധത തിരിച്ചറിഞ്ഞ കേരളീയ പൊതു സമൂഹം വസ്തുതകൾ മനസ്സിലാക്കി വ്യാജ പ്രചരണങ്ങളെ തള്ളിക്കളയുമെന്നകാര്യം ഉറപ്പാണ്.

അപകട തൊഴിൽ മേഖലയിൽ ജാഗ്രതാപൂർവ്വം കാര്യനിർവ്വഹണം നടത്തുന്ന ജീവനക്കാരെ പ്രോത്സാഹിപ്പിക്കുവാനും അവർക്ക്ആവശ്യമായ സൗകര്യങ്ങളും ആനുകൂല്യ സംരക്ഷണവും ഉറപ്പു വരുത്തുവാനും ബാധ്യതയുള്ള മാനേജ്മെന്റ് അടുത്ത കാലത്ത് സ്വീകരിച്ചുപോരുന്ന ചില നടപടികൾ ജീവനക്കാർക്കിടയിൽ കടുത്ത അസംതൃപ്തിക്ക് ഇടമൊരുക്കികഴിഞ്ഞു. 2022 ജനുവരി മുതൽ ക്ഷാമബത്ത നിഷേധിച്ചതും ലീവ് സറണ്ടർ ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തിയതുമെല്ലാം ആനുകൂല്യ നിഷേധങ്ങളുടെ നേർസാക്ഷ്യങ്ങളാണ്. കുതിച്ചുയരുന്ന വിലക്കയറ്റത്തിന്റെ കെടുതിയിൽ നിന്നും ആശ്വാസം നൽകുവാനുള്ള ക്ഷാമബത്തയുടെ മൂന്ന് ഗഡു തുകയും കുടുംബ ചെലവിലുണ്ടാവുന്ന അധിക സാമ്പത്തിക ബാധ്യതകൾ നിറവേറ്റുവാൻ ഗണ്യ വിഭാഗം ജീവനക്കാരും ആശ്രയിക്കുന്ന ലീവ് സറണ്ടർ തുകയും യഥാസമയം നൽകാതിരിക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയില്ല. ആനുകൂല്യ ലഭ്യതയിലുണ്ടാവുന്ന കാലതാമസം ആനുകൂല്യ നിഷേധമായതിനാൽ അത്തരം തൊഴിലാളിദ്രോഹ നടപടികൾ അടിയന്തിരമായി തിരുത്തുവാൻ അധികൃതർ തയ്യാറാവണം.

## ആരോഗ്യകരമായ തൊഴിൽ ബന്ധം അനിവാര്യം

നമ്മുടെ സ്ഥാപനത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും ഉരുണ്ടുകൂടുമ്പോൾ കാര്യങ്ങൾ അരാജക തലത്തിലേയ്ക്ക് വഴിമാറാതെ തൊഴിൽ സമാധാനം ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട ഘടകങ്ങൾക്ക് ദശാബ്ദങ്ങളായി കഴിഞ്ഞിട്ടുണ്ട്.ഉളവാകുന്ന തൊഴിൽ പ്രശ്നങ്ങൾ ഉദയകക്ഷി ചർച്ചകളിലൂടെ സമവായ തീരുമാനങ്ങളുണ്ടാക്കി സമയ ബന്ധിതമായി നടപ്പിലാക്കുന്ന രീതിയാണ് നാളിതുവരെ ഇവിടെ തുടർന്ന് വരുന്നത്. എന്നാൽ മൗലിക തൊഴിൽ വിഷയങ്ങളിൽ തൊഴിലാളി സംഘടനകൾക്ക് ഇനിമേൽ ഇടപെടലവകാശമില്ലെന്ന മട്ടിലുള്ള കരുനീക്കങ്ങൾ മാനേജ്മെന്റ് ഭാഗത്തുനിന്നും അടുത്തകാലത്തായി ഉണ്ടാവുന്നു. ആരെയോ ബോധ്യപ്പെടുത്താനായി ചില ചർച്ചാ പ്രഹസനങ്ങൾ നടത്തുക, സംഘടനകൾ കടുത്ത വിയോജിപ്പ് രേഖപ്പെടുത്തുന്ന വിഷയങ്ങളിലടക്കം ചർച്ചയിലൂടെ തീരുമാനങ്ങളെടുത്തുവെന്ന ധാരണപരത്തി തൊഴിലാളി ദ്രോഹ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന സമീപനങ്ങൾ ഗുണകരമല്ല.

സംഘടിത സമരങ്ങളിലൂടെ കടുത്ത വില നൽകി നേടിയെടുത്ത അവകാശ ആനുകൂല്യങ്ങൾ നിഷേധിക്കുവാനും കവർന്നെടുക്കുവാനുമുള്ള ശ്രമങ്ങൾ മുളയിലേ തടയപ്പെടണം. തൊഴിലാളി ദ്രോഹനീക്കങ്ങളെ ഒരുമയോടെ സംഘടിതമായി ചെറുത്തുതോൽപ്പിക്കാൻ ബന്ധപ്പെട്ടവരെല്ലാം സമരസജ്ജരാവണം.■



ടോട്ടക്സ് മാതൃക സ്മാർട്ട് മീറ്റർ വ്യാപന പദ്ധതിയുടെ അപകടം ഉയർത്തിക്കാട്ടി NCCOEEE നേതൃത്വത്തിൽ നടത്തുന്ന പ്രക്ഷോഭ പരിപാടികൾ വിജയിപ്പിക്കുവാൻ കേരളത്തിലെ വൈദ്യുതി ജീവനക്കാരോടൊപ്പം കേരള നാട് ഒന്നാകെ കൈകോർക്കണം.

# കേരള മാതൃക സംരക്ഷിക്കപ്പെടണം

നവ ഉദാരവത്ക്കരണ നയങ്ങളുടെ ഭാഗമായി രാജ്യത്തെ വൈദ്യുതി മേഖലയെ സ്വകാര്യകുത്തക കമ്പനികൾക്ക് വിറ്റഴിക്കാനുള്ള നിരന്തര പരിശ്രമത്തിലാണ് കേന്ദ്രസർക്കാർ. ഭരണഘടന പ്രകാരം വൈദ്യുതി കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒരുപോലെ ഇടപെടൽ അവകാശങ്ങളുള്ള വൈദ്യുതി മേഖലയ്ക്കുമേൽ സംസ്ഥാന സർക്കാരുകൾക്കുള്ള അധികാര അവകാശങ്ങൾ ഹനിക്കുവാനും കവർന്നെടുക്കുവാനുമുള്ള വകുപ്പുകൾ ഉൾപ്പെടുത്തി വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള കേന്ദ്ര ബി.ജെ.പി. സർക്കാരിന്റെ നീക്കങ്ങൾക്കെതിരെ രാജ്യത്തെ ജനങ്ങളും തൊഴിലാളികളും കർഷകരും നിരന്തര സമരത്തിലാണ്.

### രാജ്യത്തിന് മാതൃകയായ കേരളവൈദ്യുതി രംഗം

രാജ്യത്തെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും വൈദ്യുതി ബോർഡുകളെ വിഭജിച്ച് കമ്പനികളാക്കി സ്വകാര്യമേഖലയ്ക്ക് കൈമാറുമ്പോഴും ഉത്പാദന-പ്രസരണ-വിതരണ വിഭാഗങ്ങളെ പൊതുമേഖലയിൽ ഒറ്റ സ്ഥാപനമായി നിലനിർത്തി മാതൃക കാട്ടിയ സംസ്ഥാനമാണ് കേരളം. സമൂഹത്തിന്റെ ചാലകശക്തിയായ വൈദ്യുതി രംഗത്തെ പൊതുമേഖലയിൽ നിലനിർത്തുവാനും സംരക്ഷിക്കുവാനും കേരളം കാട്ടിയ മാതൃക രാജ്യത്തിന്റെയാകെ ശ്രദ്ധ പിടിച്ചുപറ്റിയ പുരോഗമന നടപടി തന്നെയാണ്. ഇതര സംസ്ഥാനങ്ങളിലെ വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളൊന്നാകെ അവിടങ്ങളിൽ വിഭജിക്കപ്പെട്ട (അൺബണ്ടിൽ ചെയ്യപ്പെട്ട) വൈദ്യുതി സ്ഥാപനങ്ങളെ കേരള മോഡലിൽ റീ ബണ്ടിൽ ചെയ്യണമെന്ന ആവശ്യമുന്നയിച്ച് പ്രക്ഷോഭരംഗത്ത് സജീവമായി നിലയുറപ്പിച്ചിട്ടുള്ളത് വൈദ്യുതി രംഗത്തെ കേരള മാതൃകയ്ക്കുള്ള അംഗീകാരം തന്നെയാണ്. രാജ്യമാകെ അംഗീകരിച്ചിട്ടുള്ള വൈദ്യുതി രംഗത്തെ കേരള മാതൃകയെ പാടേ അട്ടിമറിക്കുവാനും തകർക്കുവാനും ഉദ്ദേശിച്ച് ഇവിടെയും സ്വകാര്യവൈദ്യുതി കമ്പനികളെ കടത്തിക്കൊണ്ടുവരുവാനുള്ള കുറുക്കുവഴിയായി മാത്രമേ ഇപ്പോൾ കേന്ദ്രസർക്കാർ നിർബന്ധിതമായി നടപ്പിലാക്കാൻ ശ്രമിക്കുന്ന ടോട്ടക്സ് മാതൃക സ്മാർട്ട് മീറ്റർ വ്യാപന പദ്ധതിയേയും കാണുവാൻ സാധിക്കുകയുള്ളൂ. സ്വകാര്യകമ്പനികൾവഴി പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ കേന്ദ്രഫണ്ട് നൽകില്ലായെന്ന ഭീഷണി ഉയർത്തി കേരള വൈദ്യുതി രംഗത്തും സ്വകാര്യ മേഖലയെ കടത്തിക്കൊണ്ടുവരുവാനുള്ള പാതയൊ



രുക്കുകയാണ് കേന്ദ്രസർക്കാർ. കേരള നാടിനേയും കെ.എസ്.ഇ.ബി.യെന്ന പൊതുമേഖലാ സ്ഥാപനത്തേയും ഉപഭോക്താക്കളേയും ചൂഷണം ചെയ്യാൻ സ്വകാര്യകുത്തക കമ്പനികൾക്ക് അവസരമുണ്ടാക്കുന്ന ജനദ്രോഹ പദ്ധതിയാണ് 'ടോട്ടക്സ് മാതൃക' സ്മാർട്ട് മീറ്റർ പദ്ധതി. സ്മാർട്ട് മീറ്റർ സ്ഥാപിച്ചശേഷം ഉപഭോക്താക്കൾക്കുണ്ടാവുന്ന അധിക ബാധ്യതയും പദ്ധതിയുടെ കാണാചരടുകളും അപകടങ്ങളും ചതിക്കുഴികളും ബഹു. കേരള സർക്കാരിൽ നിന്നും മറച്ചു വച്ചുകൊണ്ട് 11-03-2022 ൽ പദ്ധതി രൂപ രേഖയ്ക്കും പദ്ധതി റിപ്പോർട്ടിനും കേരള ക്യാബിനറ്റ് അംഗീകാരം നേടിയെടുത്തതു തന്നെ ആശ്ചര്യകരമാണ്. കെ.എസ്.ഇ.ബി എന്ന സുപ്രധാന പൊതുമേഖലാ വ്യവസായത്തിലെ വിതരണ രംഗം ആത്യന്തികമായി സ്വകാര്യ കുത്തക കമ്പനികളുടെ വിളനിലമാക്കുന്ന നവഉദാരവത്ക്കരണ പദ്ധതി സംബന്ധിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുമായോ രാഷ്ട്രീയ നേതൃത്വങ്ങളുമായോ ചർച്ച നടത്താതെ അവരെ പൂർണ്ണമായും ഇരുട്ടിൽ നിർത്തി കരുനീക്കങ്ങൾ നടത്തിയ വൈദ്യുതി ബോർഡ് മാനേജ്മെന്റ് കേരളം ഭരിക്കുന്ന എൽ.ഡി.എഫ് സർക്കാരിന്റെ നയങ്ങളല്ല നടപ്പിലാക്കുന്നതെന്ന് നിസ്സംശയം പറയുവാൻ കഴിയും.

### സ്മാർട്ട്മീറ്റർ

വൈദ്യുതി മീറ്ററുകളെ ഇന്റർനെറ്റ് ശൃംഖലയിൽ ബന്ധിപ്പിച്ച് കേന്ദ്രീകൃത സംവിധാനത്തിലൂടെ റീഡിംഗ് എടുക്കുവാൻ സാധിക്കുന്നതാണ് സ്മാർട്ട് മീറ്റർ സംവിധാനം. മീറ്റർ റീഡർമാർ മീറ്ററുകളുടെ അടുത്തുപോയി റീഡിംഗ് എടുക്കുന്ന നിലവിലെ രീതി ആവശ്യമില്ല. ഉപഭോക്താവ് പണമടച്ചില്ലെങ്കിൽ വൈദ്യുതി വിച്ഛേദിക്കുന്നതിനും തിരിച്ചു നൽകുന്നതിനുമൊക്കെയുള്ള സംവിധാനങ്ങളും വിദൂരത്ത് നിന്നും കേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിന് സ്മാർട്ട് മീറ്ററിൽ അനുബന്ധ സംവിധാനങ്ങൾ ഒരുക്കുവാൻ സാധിക്കും. സ്മാർട്ട് മീറ്റർ സാങ്കേതിക വിദ്യ വളരെ ചെലവേറിയതാണ്.

നഗരമേഖലയിൽ 15% ത്തിന് മുകളിലും ഗ്രാമീണ മേഖലയിൽ 25% ന് മുകളിലും പ്രസരണ-വിതരണ നഷ്ടമുള്ളയിടങ്ങളിലും ബില്ലിംഗ് കാര്യക്ഷമതയും കളക്ഷൻ എഫിഷ്യൻസിയും കുറഞ്ഞ ഇടങ്ങളിലുമാണ് സ്മാർട്ട് മീറ്റർ സ്ഥാപിക്കണമെന്ന് കേന്ദ്രം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. കേരളത്തിൽ എ.ടി. & സി (അഗ്രിഗേറ്റ് ടെക്നിക്കൽ ആന്റ് കൊമേഴ്സ്യൽ ലോസ്സ്) നഷ്ടം 8.89% മാത്രമാണ്. കൂടാതെ ബില്ലിംഗ് കാര്യക്ഷമത 100% വും അതുകൊണ്ട് തന്നെ സിസ്റ്റം മെച്ചപ്പെടുത്തലിന്റെ ഭാഗമായി ഇവിടെ സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ട ഒരു അടിയന്തിര സാഹചര്യവും നിലവിലില്ല.

### ടോട്ടക്സ് മാതൃക

വൈദ്യുതി വിതരണ ശൃംഖല നവീകരണമടക്കം എല്ലാ പദ്ധതികൾക്കും കേന്ദ്ര സഹായം കിട്ടുന്നതിന് ടോട്ടക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കണമെന്നാണ് കേന്ദ്രസർക്കാർ




നിലപാട്, ടോട്ടക്സ് എന്നാൽ ടോട്ടൽ എക്സ്പെന്റിച്ചർ എന്നാണ്. അതായത് സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ കരാർ ലഭിക്കുന്ന കമ്പനി സ്വന്തം ചെലവിൽ മീറ്റർ സ്ഥാപിക്കുകയും മീറ്ററിന്റെ വിലയും പരിപാലനചെലവുമുൾപ്പെടെ 93 മാസം കൊണ്ട് തിരികെ ഉപഭോക്താവിൽ നിന്നും ഈടാക്കുകയും ചെയ്യും. മീറ്റർ, അനുബന്ധ സാമഗ്രികൾ, ബില്ല് തയ്യാറാക്കൽ എന്നിവയെല്ലാം കരാർ കമ്പനിയുടെ നിയന്ത്രണത്തിലാവും, വൈദ്യുതി ബോർഡിന്റെ റവന്യൂ വിഭാഗം പ്രവർത്തനങ്ങൾ ഒന്നാകെ പുറംകരാർ കൊടുക്കാനും സ്വകാര്യവത്ക്കരിക്കുവാനുമാണ് ലക്ഷ്യമെന്ന് വ്യക്തം. ഉപഭോക്താക്കളെ കൊള്ളയടിക്കാൻ സ്വകാര്യ കമ്പനികൾക്ക് സാഹചര്യമൊരുക്കുകയും ജീവനക്കാരുടെ എണ്ണം വ്യാപകമായി കുറയ്ക്കലുമാണ് മാനേജ്മെന്റ് ലക്ഷ്യം.

കേന്ദ്രസർക്കാർ സമ്മർദ്ദങ്ങൾക്ക് വിധേയമായി ടോട്ടക്സ് മാതൃകയിൽ മീറ്ററൊന്നിന് ശരാശരി 6000 രൂപ വില കണക്കാക്കി 8200 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനാണ് കെ.എസ്.ഇ.ബി. എൽ. മാനേജ്മെന്റിന്റെ ശ്രമം. 37 ലക്ഷം മീറ്ററുകൾ ഒന്നാം ഘട്ടമായി സ്ഥാപിക്കാൻ ലക്ഷ്യമിട്ട് ഓർഡർ നടപടികൾ പൂർത്തിയായപ്പോൾ സ്വകാര്യ കമ്പനികളിൽ നിന്നും ലഭിച്ച ഏറ്റവും കുറഞ്ഞ വാഗ്ദാനം മീറ്ററൊന്നിന് 9400 രൂപ ചെലവാകുമെന്നാണ്. അങ്ങനെയെങ്കിൽ പദ്ധതിയുടെ ആകെ ചെലവ് 12800 കോടി രൂപയ്ക്ക് മുകളിൽ വരും. ഈ ബാധ്യതയൊന്നാകെ വൈദ്യുതി ഉപഭോക്താക്കളുടെ ചുമലിലാകുമെന്ന കാര്യം നിസ്തർക്കമാണ്. ഓരോ ഉപഭോക്താവും പ്രതിമാസം 100 രൂപയ്ക്ക് മുകളിൽ തുക അധിക ഫീസ് നൽകേണ്ടി വരുമെന്നകാര്യം ഉറപ്പാണ്.

കെ.എസ്.ഇ.ബി. യുടെ ആകെ ഉപഭോക്താക്കൾ 1 കോടി 30 ലക്ഷം ആണ്. അതിൽ 96 ലക്ഷവും ഗാർഹിക ഉപഭോക്താക്കളാണ്. 58 ലക്ഷം ഗാർഹിക ഉപഭോക്താക്കളും പ്രതിമാസം 100 യൂണിറ്റിൽ താഴെ വൈദ്യുതി ഉപയോഗിക്കുന്ന സാധാരണക്കാരാണ്. അവരുടെ പ്രതിമാസ വൈദ്യുതി നിരക്ക് നിലവിൽ 150 രൂപയിൽ താഴെയാണ്. അതോടൊപ്പം 100 രൂപയ്ക്ക് മേൽ അധികഭാരം ഓരോ ബില്ലിനോടൊപ്പവും നൽകേണ്ടി വരുന്ന സാഹചര്യം വലിയ പ്രതിഷേധങ്ങൾക്ക് ഇടയൊരുക്കുമെന്ന കാര്യം ബന്ധപ്പെട്ടവരെല്ലാം തിരിച്ചറിയണം.

വൈദ്യുതി ലൈനും അനുബന്ധ സംവിധാനങ്ങളും കെ.എസ്.ഇ.ബി.യും മീറ്ററും അനുബന്ധകാര്യങ്ങളും കരാർ കമ്പിനിയും പരിപാലിക്കുന്ന ടോട്ടക്സ് രീതി വലിയ ആശയക്കുഴപ്പങ്ങൾക്കും ഉപഭോക്താക്കളുടെ പരാതികൾ യഥാസമയം പരിഹരിക്കുന്നതിന് തടസ്സവും സൃഷ്ടിക്കും. ഇതിനോടകം സ്മാർട്ട് മീറ്റർ പരീക്ഷണാർത്ഥം സ്ഥാപിച്ചയിടങ്ങളിലെല്ലാം കാര്യങ്ങളാകെ കുഴപ്പത്തിലായെന്നതും അധികൃതർ കണ്ണുതുറന്ന് കാണണം.

താഴെ പറയുന്ന കാരണങ്ങളാൽ ഇപ്പോൾ വിഭാവനം ചെയ്ത നിലയിലുള്ള സ്മാർട്ട് മീറ്റർ വ്യാപനവുമായി മുന്നോട്ട് പോകുന്നത് സ്ഥാപനത്തിന് ഗുണകരമാകില്ല.

1. ടോട്ടക്സ് മാതൃക ബോർഡിന്റെ റവന്യൂ പ്രവർത്തനങ്ങൾ പൂർണ്ണമായും പുറം കരാർ നൽകുന്ന രീതിയാണ്. വൈദ്യുതി മേഖലയിൽ കേന്ദ്രസർക്കാർ മുന്നോട്ട് വയ്ക്കുന്ന കണ്ടന്റും കാര്യേജും വേർതിരിക്കുക എന്ന സമീപനം പരോക്ഷമായി നടപ്പാക്കുന്നതാണ് ഈ നടപടി.
2. വൈദ്യുതി ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം നൂറ് രൂപയിലധികം അധിക ബാധ്യതയുണ്ടാകുന്നു.
3. കേരളത്തിൽ വൈദ്യുതി മോഷണമടക്കം വാണിജ്യനഷ്ടം വളരെ കുറവാണ്. ബില്ലിംഗ് കാര്യക്ഷമത 100% ത്തോളമാണ്. അതുകൊണ്ട് തന്നെ വലിയ ചെലവിൽ വ്യാപകമായി സ്മാർട്ട് മീറ്റർ വയ്ക്കുന്നതുകൊണ്ട് പ്രത്യേക നേട്ടമൊന്നും കേരളത്തിനുണ്ടാകാനില്ല.
4. ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിന് മാത്രമായി റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനെ. പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസിയായി നിശ്ചയിക്കുകയും ആകെ ലഭിക്കുന്ന കേന്ദ്ര സഹായത്തിന്റെ പകുതി ഈ സ്ഥാപനത്തിന് ഫീസായി നൽകുകയും ചെയ്യേണ്ടയാതൊരു സാഹചര്യവും നിലവിലില്ല. കെ.എസ്.ഇ.ബിക്ക് സ്വന്തം നിലയിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നത് യാതൊരു പരിമിതികളുമില്ല.
5. കേരളത്തിന്റെ സ്വന്തം കമ്മ്യൂണിക്കേഷൻ ശൃഖലയായ കെ-ഫോൺ സ്മാർട്ട് മീറ്റർ സംവിധാനത്തിന്റെ കമ്മ്യൂണിക്കേഷൻ മാധ്യമമായി ഉപയോഗിക്കാൻ കഴിയും. സ്മാർട്ട് മീറ്റർ ഇന്റഗ്രേഷന് ആവശ്യമായ സോഫ്റ്റ്‌വെയർ കെ.എസ്.ഇ.ബി. തന്നെ വികസിപ്പിച്ചിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാസ്ഥാപനമായ തിരുവനന്തപുരത്തെ സി-ഡാക് കെ.എസ്.ഇ.ബിക്ക് വേണ്ടി ഏറ്റെടുത്ത ഗവേഷണപ്രവർത്തനത്തിന്റെ ഭാഗമായി സ്മാർട്ട് മീറ്റർ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ സാദ്ധ്യതയുപയോഗിച്ച് കേന്ദ്ര സമീപനത്തിന് ബദലായതും ചെലവ് കുറഞ്ഞതുമായ സ്മാർട്ട് മീറ്റർ വ്യാപന പദ്ധതി രൂപീകരിക്കാൻ കേരളത്തിന് കഴിയും.

വൈദ്യുതി വിതരണ രംഗത്ത് സമ്പൂർണ്ണ സ്വകാര്യവൽക്കരണമാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. വൈദ്യുതി ലൈനുകൾ നിർമ്മിക്കലും പരിപാലിക്കലുമെല്ലാം പൊതുമേഖല ചെയ്തുകൊള്ളണം. അതിലൂടെ വൈദ്യുതി കടത്തിക്കൊണ്ടുപോയി വിറ്റ് ലാഭമുണ്ടാക്കാൻ സ്വകാര്യ കമ്പനികൾക്ക് അവസരം നൽകണം. സാധാരണ ഉപഭോക്താക്കൾക്കും കൃഷി, വ്യവസായം തുടങ്ങിയ മേഖലകൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ കെ.എസ്.ഇ.ബിക്ക് കഴിയുന്നത് ധനശേഷി കൂടിയ വൻകിട ഉപഭോക്താക്കളിൽ നിന്നും ഉയർന്ന നിരക്ക് ഈടാക്കുന്നതിലൂടെയാണ്. അതിലൂടെ ലഭിക്കുന്ന അധിക തുകയുടെ ആനുകൂല്യം സാധാരണ ഉപഭോക്താക്കൾക്ക് നൽകുന്നതാണ് ക്രോസ് സബ്സിഡി സംവിധാനം. പുതുതായി കടന്നുവരുന്ന സ്വകാര്യ കമ്പനികൾ ഇത്തരം വൻകിട ഉപഭോക്താക്കളെയാണ് ലക്ഷ്യം വെക്കുക. ഇവരുടെ നിരക്കിൽ ചെറിയ ഇളവ് നൽകിയാലും നല്ല ലാഭം കിട്ടും. ഇത്തരം ഉപഭോക്താക്കൾ നഷ്ടപ്പെടുന്നതിലൂടെ പൊതുമേഖല വലിയ പ്രതിസന്ധിയിലാകും. സാധാരണക്കാരന്റെ വൈദ്യുതി നിരക്ക് വൻതോതിൽ വർദ്ധിപ്പിക്കേണ്ട സ്ഥിതിയാണ് തുടർന്ന് ഉണ്ടാകുക. ടോട്ടക്സ് രീതിയിലുള്ള സ്മാർട്ട് മീറ്റർ വ്യാപനം സാധാരണ ഉപഭോക്താക്കൾക്ക് ഇരുട്ടടിയായിത്തീരുക തന്നെ ചെയ്യും.

## കേരളം ബദൽ പദ്ധതി നടപ്പിലാക്കണം

കേന്ദ്രനയം അങ്ങിനെതന്നെ പിന്തുടരേണ്ട സാഹചര്യമൊന്നും കേരളത്തിനില്ല. വളരെ പെട്ടെന്ന് സ്മാർട്ട് മീറ്ററിലേക്ക് പോകേണ്ട സാഹചര്യവും






നിലവിലില്ല. കെ.എസ്.ഇ.ബി. നേരിട്ടോ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൺസോർഷ്യം ഉണ്ടാക്കിയോ ആവശ്യാനുസരണം ഘട്ടം ഘട്ടമായി സ്മാർട്ട് മീറ്റർ വ്യാപനം സാദ്ധ്യമാണ്. തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഡിഡാക് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സ്മാർട്ട് മീറ്റർ സാങ്കേതിക വിദ്യ വികസിപ്പിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കുറഞ്ഞ ചെലവിൽ സ്മാർട്ട് മീറ്റർ നിർമ്മിക്കാൻ കഴിയും. കെ-ഫോൺ നെറ്റ് വർക്ക് ഉപയോഗപ്പെടുത്തി കെ.എസ്.ഇ.ബി.യുടെ നിയന്ത്രണത്തിൽ പദ്ധതി നടപ്പാക്കുന്നത് ആകെ ചെലവ് കുറച്ചു നിർത്തുന്നതിനും ഉപഭോക്താക്കൾക്ക് അധികഭാരം ഏൽപ്പിക്കാതെ ആധുനിക സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിനും സഹായിക്കും. സംസ്ഥാനം പിന്തുടരുന്ന ബദൽ നയം സ്മാർട്ട് മീറ്റർ വ്യാപനത്തിലും സാദ്ധ്യമാകണം.

## വൈദ്യുതി ജീവനക്കാർക്കെതിരെ വ്യാജപ്രചരണം

കേന്ദ്രസർക്കാർ പിന്തുടരുന്ന ജനവിരുദ്ധ നയങ്ങൾ സംസ്ഥാനത്തും അടിച്ചേൽപ്പിക്കുന്നതിനുള്ള നീക്കങ്ങളാണ് നടക്കുന്നത്. വൈദ്യുതി മേഖലയിലെ പരിഷ്ക്കാരങ്ങളുടെ ലക്ഷ്യവും ഇതുതന്നെയാണ്. ടോട്ടക്സ് രീതിയിലുള്ള സ്മാർട്ട് മീറ്റർ പദ്ധതി ഇതിന്റെ ഭാഗമാണ്. എന്നാൽ അപകടം മനസ്സിലാക്കി ബദൽ നയം സ്വീകരിക്കുന്നതിന് വിമുഖത കാണിക്കുന്ന സമീപനമാണ് ബോർഡ് അധികാരികളിൽ നിന്നുമുണ്ടാകുന്നത്. വൈദ്യുതി മേഖലയിലെ തൊഴിലാളി ഓഫീസർ സംഘടനകളുടെ കൂട്ടായ്മയായ നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് എൻജിനീയേഴ്സ് (എൻ.സി.സി.ഒ.ഇ.ഇ.ഇ) നേതൃത്വത്തിൽ പദ്ധതിയുടെ ജനവിരുദ്ധ സ്വഭാവവും സ്വകാര്യവൽക്കരണ താല്പര്യവും തുറന്നുകാണിച്ചു രംഗത്തുവന്നത് തല്പരകക്ഷികൾക്ക് പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. ബഹുജനങ്ങൾക്കുമുന്നിൽ വൈദ്യുതിജീവനക്കാരെ താറടിച്ചു കാണിക്കുന്ന വ്യാജപ്രചരണങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് ജനവിരുദ്ധനയങ്ങൾക്കെതിരായ കൂട്ടായ ചെറുത്തുനിൽപ്പ് ദുർബലപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുണ്ടാകുന്നത് ഈ സാഹചര്യത്തിലാണ്.

ദേശീയാടിസ്ഥാനത്തിൽ വൈദ്യുതി മേഖലയിൽ നിലനിൽക്കുന്ന സേവനവേതന നിലവാരം അപേക്ഷിച്ച് കുറഞ്ഞ ശമ്പളനിരക്കുകൾ മാത്രമാണ് കെ.എസ്.ഇ.ബി.യിൽ നിലനിൽക്കുന്നത്. വൈദ്യുതി മേഖലയിലെ ജോലി സ്വഭാവമോ അപകടകരമായ തൊഴിൽ സാഹചര്യമോ ഒന്നും കണക്കിലെടുക്കാതെ തെറ്റിദ്ധാരണപരത്തി വൈദ്യുതി ജീവനക്കാർ കുഴപ്പക്കാരാണെന്ന നിലയിൽ പ്രചരിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഉയർന്നുവരുന്ന ജനകീയ കൂട്ടായ്മ തകർക്കുന്നതിന് ലക്ഷ്യമാക്കിയിട്ടുള്ള ഗൂഢതന്ത്രമാണെന്ന് ഏവരും തിരിച്ചറിയണം. അതിനാൽ വ്യാജപ്രചരണങ്ങൾ തള്ളിക്കളയാനും കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെ പ്രതിരോധിക്കാനും എല്ലാ ജനവിഭാഗങ്ങളുടെയും പിന്തുണ ഉണ്ടാകണം. ഉപഭോക്താക്കൾക്ക് അധികഭാരം അടിച്ചേൽപ്പിക്കുന്നതും വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിലേക്ക് നയിക്കുന്നതുമായ ടോട്ടക്സ് പദ്ധതിക്കെതിരായ പ്രക്ഷോഭം ശക്തിപ്പെടുത്തണം. കേരളത്തിന്റെ ബദൽ വികസന നയം തകർക്കുന്ന വൈദ്യുതി ബോർഡ് മാനേജ്മെന്റ് സമീപനങ്ങളെ തിരുത്തിക്കാൻ ശക്തമായ ജനകീയ മുന്നേറ്റം ഉയർന്നു വരണം.

ടോട്ടക്സ് മാതൃക സ്മാർട്ട് മീറ്റർ വ്യാപന പദ്ധതിയുടെ അപകടം ഉയർത്തിക്കാട്ടി NCCOEEE നേതൃത്വത്തിൽ നടത്തുന്ന പ്രക്ഷോഭ പരിപാടികൾ വിജയിപ്പിക്കുവാൻ കേരളത്തിലെ വൈദ്യുതി ജീവനക്കാരോടൊപ്പം കേരള നാട് ഒന്നാകെ കൈകോർക്കണം.■

2023 ജൂലൈ 31 നിലവിലെ ദീർഘകാല കരാറിന്റെ കാലാവധി തീരുന്ന ദിനമാണ്. പുതിയ കരാർ പ്രാബല്യത്തിൽ വരേണ്ട ആഗസ്റ്റ് മാസം 1–ാം തീയതി സർക്കിൾ കേന്ദ്രങ്ങളിൽ നടക്കുന്ന പ്രതിഷേധസമരപരിപാടികളിലൂടെ ജാഗ്രതാസദസ്സുകളുടെ ആദ്യഘട്ടം പൂർത്തിയാകും. ജാഗ്രത സദസ്സുകളിലൂടെ വർക്കേഴ്സ് ഫെഡറേഷൻ മുന്നോട്ട് വച്ച മുദ്രാവാക്യങ്ങൾ ഏറ്റെടുത്ത പ്രബുദ്ധരായ വൈദ്യുതി ജീവനക്കാർക്ക് ഹൃദയാഭിവാദ്യങ്ങൾ അർപ്പിക്കുന്നു.



# പോരാട്ട ചരിത്രത്തിൽ ഇടം നേടി ജാഗ്രതാസദസ്സുകൾ






കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ആശങ്ക ഉണർത്തുന്ന ഉത്തരവുകളും നടപടികളുമായി മാനേജ്മെന്റ് മുന്നോട്ടുപോവുകയാണ്. എല്ലാ ജനാധിപത്യ മര്യാദകളും ലംഘിച്ച്, ഏകപക്ഷീയ തീരുമാനങ്ങളും പ്രവർത്തനങ്ങളും ഒന്നിനു പുറകേ ഒന്നായി വന്നുകൊണ്ടിരിക്കുന്നു. ഇത്തരം നീക്കങ്ങളെല്ലാം തന്നെ തൊഴിലാളി വിരുദ്ധവും ആർജ്ജിത ആനുകൂല്യങ്ങളിൽ കുറവുവരുത്തുന്നതുമാണ്. ഇൻഡ്യയ്ക്കാകെ മാതൃകയായ പ്രവർത്തനമികവിന്റെ ഒരു സ്ഥാപനമാണ് ഇന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ്. ഈ നേട്ടങ്ങൾക്കെല്ലാംപിന്നിൽ ആത്മാർത്ഥതയോടെ പ്രവർത്തിച്ച തൊഴിലാളികളുടെ അർപ്പണ മനോഭാവവും അത്യദ്ധ്വാനവും നമുക്ക് കാണാൻ സാധിക്കും. ആ സേവനങ്ങളെയാകെ വിസ്മരിച്ചുകൊണ്ടാണ് തൊഴിലാളി ദ്രോഹ നടപടികൾ മാനേജ്മെന്റ് സ്വീകരിച്ചു പോകുന്നത്. തൊഴിലാളി വിരുദ്ധ സമീപനങ്ങൾക്കെതിരെ ചെറുത്തുനിൽപ്പ് സംഘടിപ്പിക്കുന്നതിനും, തൊഴിലാളി പിന്തുണ നേടിയെടുക്കുന്നതിനുംവേണ്ടി കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.റ്റി.യു.സി.) നേതൃത്വത്തിൽ ജാഗ്രതാ സദസ്സുകൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 2023

ഏപ്രിൽ 1 മുതൽ ജൂലൈ 31 വരെ കേരളത്തിലെ പ്രധാന ഓഫീസുകൾക്കു മുമ്പിൽ വലിയ തൊഴിലാളി പിന്തുണയോടെ നടത്തുവാൻ നിശ്ചയിച്ച ജാഗ്രതാ സദസ് വൈദ്യുതി തൊഴിലാളികൾ സർവ്വാത്മനാ സ്വീകരിച്ചു എന്നാണ് ഇതുവരെയുള്ള അനുഭവം. ജാഗ്രതാസദസ്സികളിൽ ചർച്ചചെയ്യപ്പെടുന്ന വിഷയങ്ങൾ താഴെ സൂചിപ്പിക്കുന്നു.



## തൊഴിലാളി വിരുദ്ധ നിർദ്ദേശങ്ങൾ അടങ്ങിയ റീസ്ട്രക്ചറിംഗ്, സ്പെഷ്യൽ റൂൾസ് പിൻവലിക്കുക

ഗുണഫലങ്ങൾ ഉണ്ടാക്കുന്ന പുനഃസംഘടന പൊതുവേ സ്വാഗതം ചെയ്യപ്പെടാറുണ്ട്. എന്നാൽ വൈദ്യുതി ബോർഡിൽ ഇപ്പോൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന പുനഃസംഘടനാ നിർദ്ദേശങ്ങളുടെ കാതൽ വൻതോതിലുള്ള തസ്തിക വെട്ടിക്കുറയ്ക്കലും ആനുകൂല്യ നിഷേധവുമാണ്. ഏതാണ്ട് 7000 ജീവനക്കാരുടെ കുറവുണ്ടാക്കുന്നതാണ് നിലവിലെ നിർദ്ദേശങ്ങൾ. ശമ്പളാനുബന്ധ ചിലവുകളിൽ 25% കുറവു വരുത്തുകയും പുനഃസംഘടനാ ഉദ്ദേശങ്ങളിൽപ്പെടുന്നു. കരാർനിയമനവും ഔട്ട്സോഴ്സിംഗും സാർവ്വത്രികമാകും. കരാർജീവനക്കാരുടെ നിയമനകാര്യങ്ങൾക്കായി ഒരു സബ്സിഡിയറി കമ്പനി രൂപീകരിക്കാനും നിർദ്ദേശമുണ്ട്. സെക്ഷൻ ഓഫീസുകളെ ശക്തിപ്പെടുത്തുന്നതിനു പകരം ചിറകരിയുന്ന നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിൽനിയമങ്ങളെയും, ജോലിസമയം സംബന്ധിച്ച ഐ.എൽ.ഒ. നിർദ്ദേശങ്ങളെയും ലംഘിക്കുന്ന പരിഷ്ക്കാരങ്ങളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിന്റെ ഊർജ്ജ ഉൽപാദന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിക്കാതെ എല്ലാം സ്വകാര്യമേഖലയ്ക്ക് കൈമാറുന്നതിനുള്ള നിർദ്ദേശങ്ങളാണ് പൊതുവിൽ റീസ്ട്രക്ചറിംഗ് നിർദേശങ്ങളിൽ ഉള്ളത്.

നിയമനങ്ങളും പ്രമോഷനും അനുബന്ധകാര്യങ്ങളും സംബന്ധിച്ച സ്പെഷ്യൽ റൂൾസിലും വലിയ മാറ്റങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. തസ്തികകളുടെ പേര് ഏകപക്ഷീയമായി മാറ്റുക, നിയമനം ഐ.റ്റി.ഐ. യും ഉയർന്ന യോഗ്യതയുള്ളവർക്കും മാത്രമായി പരിമിതപ്പെടുത്തുക, ക്വോട്ടാ പ്രമോഷൻ ഇല്ലാതാക്കുക, ആശ്രിതനിയമനം നിഷേധിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുക, പ്രമോഷൻ മാനദണ്ഡങ്ങൾ അട്ടിമറിക്കുക, ഗ്രേഡ് പ്രമോഷൻ ചട്ടങ്ങൾ തൊഴിലാളി വിരുദ്ധമായി പരിഷ്ക്കരിക്കുക, ട്രാൻസ്ഫർ മാനദണ്ഡങ്ങൾ അട്ടിമറിക്കുക തുടങ്ങി ഒട്ടനവധി തൊഴിലാളി ദ്രോഹ നിർദ്ദേശങ്ങൾ സ്പെഷ്യൽ റൂൾസിൽ ഉൾക്കൊള്ളിക്കപ്പെട്ടിരിക്കുന്നു.

## കരാർ വ്യവസ്ഥകൾ സംരക്ഷിക്കുക

വൈദ്യുതി ബോർഡിലെ സേവന വേതന പരിഷ്കരണം നടക്കുന്നത് വ്യവസായ തർക്ക നിയമത്തിൻ കീഴിൽ മാനേജ്മെന്റും തൊഴിലാളി സംഘടനകളുമായി നടക്കുന്ന ഉഭയകക്ഷി ചർച്ചകളിലൂടെ ഉരുത്തിരിയുന്ന ദീർഘകാല കരാറുകളിലൂടെയാണ്. വൈദ്യുതി ബോർഡിൽ നിലനിൽക്കുന്ന സമാധാനപൂർണ്ണമായ തൊഴിലന്തരീക്ഷത്തിന് പ്രധാന കാരണം ദീർഘകാല കരാർ വ്യവസ്ഥകളാണ്. എന്നാൽ കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായ കാര്യങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന സാചര്യമാണ് നിലവിലുള്ളത്. ബോർഡിലെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും വളരെ കൂടുതലാണ് എന്ന രീതിയിൽ വാർത്താമാധ്യമങ്ങളിലും സോഷ്യൽമീഡിയയിലും ഈയടുത്ത കാലത്ത് വന്ന തെറ്റിദ്ധാരണാജനകമായ വാർത്തയ്ക്കു പിന്നിൽ മാനേജ്മെന്റിൽ ചിലരുടെ കൈകളാണെന്നുള്ളത് വസ്തുതയാണ്. ശമ്പളാനുകൂല്യ ചിലവ് കുറയ്ക്കുവാനുള്ള ബോധപൂർവ്വമായ ശ്രമം നടന്നുവരുന്നു. ജീവനക്കാരുടെ എണ്ണം കുറയ്ക്കുക, ക്വോട്ടാ പ്രമോഷൻ ഇല്ലാതാക്കുക, നിയമന-പ്രമോഷൻ രീതികൾ മാറ്റുക, ക്ഷാമബത്ത, ലീവ് സറണ്ടർ ആനുകൂല്യങ്ങൾ വൈകിപ്പിക്കുക തുടങ്ങി ആർജ്ജിതാനുകൂല്യങ്ങൾക്ക് വിരുദ്ധ സമീപനമാണ് മാനേജ്മെന്റ് ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പളം ഏകീകരിക്കുവാനുള്ള സർക്കാർ നീക്കം ഏകപക്ഷിയവും തൊഴിലാളി വിരുദ്ധവും അപലപനീയവും തിരുത്തപ്പെടേണ്ടതുമാണ്.

## കേരള മാതൃക തുടരുക

വൈദ്യുതി വ്യവസായത്തിൽ രാജ്യത്തിനാകെ മാതൃകയായ നിലപാടുകൾ സ്വീകരിച്ച സംസ്ഥാനമാണ് കേരളം. വൈദ്യുതി ബോർഡുകളുടെ അന്തകനായ 2003 വൈദ്യുതി നിയമം രാജ്യത്താകെ നടപ്പാക്കിയപ്പോൾ കേരളം വ്യത്യസ്തത പുലർത്തി. ബോർഡിനെ വിഭജിക്കാതെ ഒറ്റ സ്ഥാപനമാക്കി സംസ്ഥാന ഗവൺമെന്റിന്റെ പൂർണ ഉടമസ്ഥതയിലുള്ള കമ്പനിയാക്കി. ആ മാതൃക തുടരണമെന്നാണ് ഇൻഡ്യ ഒട്ടാകെയുള്ള വൈദ്യുതി തൊഴിലാളികൾ ആഗ്രഹിക്കുന്നത്. വിതരണരംഗം സ്വകാര്യവൽക്കരിക്കുന്ന നിർദ്ദേശങ്ങള

13

ടങ്ങിയ 2022 വൈദ്യുതി നിയമഭേദഗതിയും,ടോട്ടക്സ്മാതൃകയിലുള്ളസ്മാർട്ട് മീറ്റർ പദ്ധതിയുമൊക്കെ ദുഷ്ടലാക്കോടെ കേന്ദ്രം അവതരിപ്പിക്കുമ്പോൾ കേരളം വ്യത്യസ്ത നിലപാടെടുക്കും എന്ന് എല്ലാവരും പ്രതീക്ഷിക്കുന്നു. എന്നാൽ അത്ര ശുഭകരമല്ല കാര്യങ്ങൾ എന്നാണ് നിലവിലെ സൂചനകൾ. ടോട്ടക്സ് മാതൃക കേരളത്തിൽ നടപ്പിലാക്കാൻ ശ്രമം നടക്കുന്നു. പുനഃസംഘടനയുടെ ഭാഗമായി 'KPISC' എന്ന കമ്പനി രൂപീകരണം വിഭാവനം ചെയ്യുന്നു. നിയമന-പ്രമോഷൻ വ്യവസ്ഥകളിൽ ഏകപക്ഷീയ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നു. ആർജ്ജിത ആനുകൂല്യങ്ങൾ നിഷേധിക്കുന്നു തുടങ്ങി ഇന്ത്യയ്ക്കാകെ മാതൃകയായ കേരള മോഡൽ തകർക്കുന്ന നടപടികൾ വ്യാപകമായി ഉണ്ടാകുന്നു.




## ക്ഷാമബത്ത, ലീവ് സറണ്ടർ അനുവദിക്കുക

2016 ദീർഘകാല കരാർ വ്യവസ്ഥ അനുസരിച്ച് ഉപഭോക്തൃ വില സൂചിക പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞാൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ പ്രഖ്യാപനത്തിനു കാത്തിരിക്കാതെ സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ക്ഷാമബത്ത പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ നിലവിൽ 2022 ജനുവരി മുതലുള്ള 4 ഗഡു ക്ഷാമബത്ത കുടിശികയാണ്. സി.എ.ജി. റിപ്പോർട്ട് പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ഈ ആനുകൂല്യ നിഷേധം നടത്തുന്നത് എന്നത് ഖേദകരമാണ്. ഇതുതന്നെയാണ് ലീവ് സറണ്ടർ കാര്യത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ ഉത്തരവ് മറയാക്കി ആനുകൂല്യ നിഷേധം തുടരുന്നു.

## പെൻഷൻ - പ്രശ്നങ്ങൾക്ക് പരിഹാരം കാണുക

- പെൻഷൻ പ്രായം വർദ്ധിപ്പിക്കുക,
- പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പാക്കുക.
- പെൻഷൻ ഫണ്ട് ഗവൺമെന്റ് ഗ്യാരണ്ടിയോടെ പ്രവർത്തനക്ഷമവും കാര്യക്ഷമവും ആക്കുക.

പെൻഷനുമായി ബന്ധപ്പെട്ട മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളാണ്. എന്നാൽ ഈ വിഷയങ്ങളിലെല്ലാം മുഖംതിരിച്ചുനിൽക്കുന്ന സമീപനമാണ് മാനേജ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിൽ ആയുർ ദൈർഘ്യം ഏറ്റവും കൂടിയ കേരളത്തിലാണ് ഏറ്റവും കുറഞ്ഞ പെൻഷൻ പ്രായം നിലവിലുള്ളത്. വിവിധ സംസ്ഥാനങ്ങളിൽ 58 മുതൽ 63 വരെ പെൻഷൻപ്രായം നിലവിലുള്ളപ്പോൾ കേരളത്തിൽ അത് 56 വയസായി തുടരുന്നു.

പങ്കാളിത്ത പെൻഷൻ പദ്ധതി നിർത്തലാക്കുമെന്ന ഇടതുപക്ഷമുന്നണിയുടെ പ്രകടനപത്രിക വാഗ്ദാനം ഇനിയും നടപ്പിലായിട്ടില്ല. പല സംസ്ഥാനങ്ങളും ഇതിനകം സ്റ്റാറ്റ്യൂട്ടറി പെൻഷൻ രീതിയിലേയ്ക്ക് മാറിയത് അധികാരികളുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

പെൻഷൻ ഫണ്ടും മാസ്റ്റർ ട്രസ്റ്റുമെല്ലാം നോക്കുകുത്തികളായി തുടരുന്നു. 30000 കോടിയിലധികം രൂപാ പെൻഷൻ ബാധ്യത കണക്കാക്കപ്പെട്ടിരിക്കുന്ന സ്ഥാപനത്തിലെ പെൻഷൻ ഫണ്ട് കാലിയാണെന്ന യാഥാർത്ഥ്യം ആശങ്കകൾ വർദ്ധിപ്പിക്കുന്നു. പെൻഷൻ ഫണ്ടിൽ ആവശ്യത്തിനു തുക ലഭ്യമാക്കാനും പെൻഷൻ വിതരണം നിർവിഘ്നം നടക്കുന്നു എന്നുറപ്പു വരുത്തുവാനും ഗവൺമെന്റ് ഗ്യാരന്റി നൽകണമെന്ന ആവശ്യത്തിന് കമ്പനി രൂപീകരണകാലത്തോളം പഴക്കമുണ്ട്. എന്നാൽ ഇപ്പോഴും പെൻഷൻ ഫണ്ട് കടലാസ് സംവിധാനമായി മാത്രം നിലകൊള്ളുന്നു.

സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ മാറ്റങ്ങളാണ് വിഭാവനം ചെയ്ത് മുന്നോട്ടു പോകുന്നത്. ഇപ്പോൾ ഉണ്ടാകുന്ന ഏറ്റവും ലഘു എന്ന് തോന്നുന്ന മാറ്റം പോലും ഭാവി തൊഴിലന്തരീക്ഷത്തിൽ വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. തൊഴിലും കൂലിയും വരെ വെല്ലുവിളി നേരിടുന്ന സാഹചര്യമാണ് ഉണ്ടാകുവാൻ പോകുന്നത്. മുൻപ് കമ്പനിവൽക്കരണകാലത്ത് ഉണ്ടായതിനേക്കാൾ വലിയ മാറ്റങ്ങളാണ് സ്ഥാപനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന ഏതൊരു ജാഗ്രതക്കുറവിനും നാളെ വലിയ വിലകൊടുക്കേണ്ടിവരും. ഈ ജാഗ്രതാ സദസ് ഒരു ഉണർത്തുകാഹളമാണ്. ഉറങ്ങുന്നവരെയും, ഉറക്കം നടിക്കുന്നവരെയും പോരാട്ടവഴിയിലേക്ക് ആനയിക്കാനുള്ള ശ്രമമാണിത്. നാളിതുവരെയുള്ള അനുഭവം തൊഴിലാളികൾ ഈ മുദ്രാവാക്യങ്ങൾ തങ്ങളുടേതായി ഏറ്റെടുത്തു എന്നാണ്. വലിയ പോരാട്ട പാരമ്പര്യമുള്ള വൈദ്യുതി തൊഴിലാളികൾ അവരുടെ ഹൃദയത്തിൽ ഈ മുദ്രാവാക്യങ്ങൾ സംവഹിക്കുന്നു. തൊഴിലും ആനുകൂല്യങ്ങളും തൊഴിലന്തരീക്ഷവും സംരക്ഷിക്കാൻ കൂടുതൽ തൊഴിലാളികൾ പിന്തുണയുമായി മുന്നോട്ടുവരുന്ന കാഴ്ച എവിടെയും ദൃശ്യമാണ്. 2023 ജൂലൈ 31 നിലവിലെ ദീർഘകാല കരാറിന്റെ കാലാവധി തീരുന്ന ദിനമാണ്. പുതിയ കരാർ പ്രാബല്യത്തിൽ വരേണ്ട ആഗസ്റ്റ് മാസം 1-ാം തീയതി സർക്കിൾ കേന്ദ്രങ്ങളിൽ നടക്കുന്ന പ്രതിഷേധസമരപരിപാടികളിലൂടെ ജാഗ്രതാസദസ്സുകളുടെ ആദ്യഘട്ടം പൂർത്തിയാകും. ജാഗ്രത സദസ്സുകളിലൂടെ വർക്കേഴ്സ് ഫെഡറേഷൻ മുന്നോട്ട് വച്ച മുദ്രാവാക്യങ്ങൾ ഏറ്റെടുത്ത പ്രബുദ്ധരായ വൈദ്യുതിജീവനക്കാർക്ക് ഹൃദയാഭിവാദ്യങ്ങൾ അർപ്പിക്കുന്നു.■



വൈദ്യുതി നിയമം നടപ്പിലാക്കുകയും വിതരണത്തിന്റെ ചുമതല സ്വകാര്യകമ്പനികൾ ഏറ്റെടുക്കുകയും ചെയ്ത സംസ്ഥാനങ്ങളിൽ അവരെ സഹായിക്കുന്നതിനാണ് പ്രധാനമായും സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ കേന്ദ്രഗവൺമെന്റ് ഉദ്ദേശിച്ചത്.

# സമര സന്ദേശ ജാഥയ്ക്ക് വൻ ജനപിൻതുണ



ജനങ്ങൾക്ക് അമിതഭാരം അടിച്ചേൽപ്പിക്കുന്ന ടോട്ടക്സ് മോഡൽ സ്മാർട്ട് മീറ്റർ പദ്ധതി ഉപേക്ഷിക്കുക. സ്മാർട്ട് മീറ്റർ പദ്ധതി പൊതുമേഖലയിൽ കെ.എസ്.ഇ.ബി വഴി നടപ്പിലാക്കുക. സ്മാർട്ട് മീറ്റർ പദ്ധതിയിലൂടെ വൈദ്യുതി ബോർഡിന്റെ റവന്യൂ വിഭാഗത്തെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ഉപേക്ഷിക്കുക. ജീവനക്കാർക്കെതിരെയും കെ.എസ്.ഇ.ബി.ക്കെതിരെയും സ്വകാര്യവൽക്കരണ ദല്ലാളന്മാരായ ചില വ്യക്തികളും മാധ്യമങ്ങളും നടത്തുന്ന വ്യാജപ്രചരണങ്ങൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് രാജ്യത്തെ വൈദ്യുതി ജീവനക്കാരുടെയും, ഓഫീസർമാരുടെയും, പെൻഷൻകാരുടെയും, കോൺട്രാക്ട് ജീവനക്കാരുടെയും സംയുക്ത സമര വേദിയായ നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് ആന്റ് എഞ്ചിനിയേഴ്സിന്റെ കേരള ഘടകത്തിന്റെ ആഭിമുഖ്യത്തിൽ ജൂൺ 20 മുതൽ ജൂലൈ 10 വരെ തീയതികളിൽ സംസ്ഥാനത്തൊട്ടാകെ സമര സന്ദേശ പ്രചരണ ജാഥകൾ നടത്തി.

രാജ്യത്തെ വൈദ്യുതി മേഖല പൂർണ്ണമായും സ്വകാര്യവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ട വൈദ്യുതി നിയമഭേദഗതി ബിൽ 2022 പാർലമെന്റിനകത്തും പുറത്തും നടന്ന ശക്തമായ പ്രതിഷേധങ്ങളുടെ ഫലമായി ഊർജ്ജകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് കൈമാറിയിരിക്കുകയാണ്. ജീവിതത്തിന്റെ നാനാമേഖലകളിൽപ്പെട്ട ജനവിഭാഗങ്ങളുമായി സംവദിച്ചശേഷം സ്റ്റാന്റിംഗ് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമഭേദഗതി നിർദ്ദേശങ്ങൾ നടപ്പിലാക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് എന്നിരിക്കെ പല സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഭേദഗതി നിർദ്ദേശങ്ങൾ പുറംവാതിലിലൂടെ അടിച്ചേൽപ്പിക്കാനാണ് കേന്ദ്രഗവൺമെന്റ് ശ്രമിക്കുന്നത്.

സമീപകാലത്ത് ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ഉത്തരാഖണ്ഡ്, ജമ്മുകാശ്മീർ തുടങ്ങിയ സംസ്ഥാനങ്ങളിൽ ഉണ്ടായ സ്വകാര്യവൽക്കരണ ശ്രമങ്ങളെ ശക്തമായ തൊഴിലാളി പ്രക്ഷോഭങ്ങളിലൂടെ പരാജയപ്പെടുത്താൻ കഴിഞ്ഞെങ്കിലും കേന്ദ്രഗവൺമെന്റ് പൂർണ്ണമായും പിൻമാറാൻ തയ്യാറാകുന്നില്ല എന്നത് ഗവൺമെന്റിന്റെ ഫെഡറിലിസത്തോടുള്ള വിരുദ്ധ സമീപനത്തെയാണ് കാണിക്കുന്നത്. വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണത്തിനെതിരായ പ്രക്ഷോഭങ്ങളുടെ നേതൃത്വരംഗത്ത് പ്രവർത്തിക്കുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ട് തന്നെ കേരളത്തെ ഏതുവിധേനയും സ്വകാര്യവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ടോട്ടക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

വൈദ്യുതി ബോർഡ് മാനേജ്മെന്റ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുമായി ആവശ്യമായ കൂടിയാലോചനകൾ നടത്താതെയും സ്വകാര്യകമ്പനിവഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് ബന്ധപ്പെട്ടവരെ വേണ്ടവിധം ധരിപ്പിക്കാതെയുമാണ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങളിലേയ്ക്ക് കടന്നത്. വളരെ രഹസ്യ സ്വഭാവത്തോടുകൂടിയാണ് ഇതുമായി ബന്ധപ്പെട്ട കരാറുകളിലെല്ലാം മാനേജ്മെന്റ് ഏർപ്പെട്ടത്. 6000 രൂപ മീറ്ററൊന്നിന് ചെലവ് വരുന്ന രീതിയിൽ പദ്ധതി തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കി ടെണ്ടർ ഓപ്പൺ ചെയ്യുമ്പോൾ ഏറ്റ

വും കുറഞ്ഞ തുകയായി മീറ്റർ ഒന്നിന് കണക്കാക്കപ്പെട്ടിരിക്കുന്നത് 8200 രൂപയാണ്. ഈ തുക വൈദ്യുതി ചാർജ്ജിനോടൊപ്പം തവണകളായി ഉപഭോക്താക്കൾ നൽകേണ്ടിവരും. ജനങ്ങൾക്ക് അമിതഭാരം അടിച്ചേൽപ്പിക്കുന്ന ഈ സമീപനം എൽ.ഡി.എഫ്. നയങ്ങൾക്കെതിരാണ്.

വൈദ്യുതി നിയമം നടപ്പിലാക്കുകയും വിതരണത്തിന്റെ ചുമതല സ്വകാര്യ കമ്പനികൾ ഏറ്റെടുക്കുകയും ചെയ്ത സംസ്ഥാനങ്ങളിൽ അവരെ സഹായിക്കുന്നതിനാണ് പ്രധാനമായും സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാൻ കേന്ദ്രഗവൺമെന്റ് ഉദ്ദേശിച്ചത്. ജീവനക്കാരില്ലാതെ റീഡിംഗ് എടുക്കുന്നതിനും, ഉപഭോക്താവ് പണമടച്ചില്ലെങ്കിൽ വൈദ്യുതി ബന്ധം സ്വമേധയാ വിച്ഛേദിക്കുന്നതിനും, പണമടച്ചാൽ പുനഃസ്ഥാപിക്കുന്നതിനും കഴിയുന്നതിനാൽ മനുഷ്യരുടെ ഇടപെടൽ ഇവിടെ ആവശ്യമില്ല. അതായത് കെ.എസ്.ഇ.ബി.എൽ. ന്റെ മനുഷ്യമുഖം നഷ്ടപ്പെടുന്നു എന്നർത്ഥം. റീഡിംഗ് എടുത്ത് ബിൽ തയ്യാറാക്കി പണം പിരിച്ചെടുക്കുന്നത് ചുമതലപ്പെടുത്തുന്ന സ്വകാര്യ കമ്പനികളായിരിക്കും. അതായത് റവന്യൂ മേഖല പൂർണ്ണമായും സ്വകാര്യ കമ്പനികളുടെ നിയന്ത്രണത്തിലായിരിക്കും. വാണിജ്യനഷ്ടം കൂടിയ സംസ്ഥാനങ്ങളിൽ ഇത്തരം മീറ്ററുകൾ സ്ഥാപിക്കണമെന്നാണ് മറ്റൊരു നിർദ്ദേശം. എന്നാൽ വാണിജ്യനഷ്ടം താരതമ്യേന കുറവുള്ള, മീറ്റർ റീഡിംസ് കൃത്യമായി നടത്തുന്ന, കളക്ഷൻ എഫിഷ്യൻസി 100% മുള്ള കേരളത്തിൽ അടിയന്തിരമായി എല്ലാ ഉപഭോക്താക്കൾക്കും അമിതഭാരം അടിച്ചേൽപ്പിക്കുന്ന തരത്തിൽസ്മാർട്ട്മീറ്റർനടപ്പിലാക്കുന്നതിന്റെ ഉദ്ദേശശുദ്ധി മനസ്സിലാകുന്നില്ല.



മറിച്ച് പൊതുമേഖലാ സ്ഥാപനമായ സിഡാക്ക്, യൂണീലെക്ക്, കെൽട്രോൺ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെ.എസ്.ഇ.ബി.എൽ ന്റെ നിയന്ത്രണത്തിൽ കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റായ KPhone ന്റെ സഹായത്തോടെ ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കണമെന്നാണ് NCCOEEE യുടെ അഭിപ്രായം.

ജീവനക്കാർ സ്മാർട്ട് മീറ്ററിന്റെ ദോഷവശങ്ങൾ ഉയർത്തിക്കാട്ടി പ്രക്ഷോഭരംഗത്ത് വന്നപ്പോൾ ജീവനക്കാരെ ജനങ്ങൾക്ക് എതിരാക്കി മാറ്റുന്നതിന് കേരളത്തിലെ വൈദ്യുതിരംഗം സ്വകാര്യവൽക്കരിക്കുന്നതിനുള്ള അച്ചാരം വാങ്ങിയ ഉന്നത ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി ചില മുഖ്യധാരാ മാധ്യമങ്ങൾ വൈദ്യുതി ബോർഡിനെതിരായും ജീവനക്കാർ അനധികൃതമായി അധികശമ്പളം പറ്റുന്നവരാണ് എന്ന രീതിയിലും വ്യാജപ്രചരണങ്ങൾ നടത്തുന്നു. കഥയറിയാതെ ആട്ടം കാണുന്ന രീതി മാധ്യമങ്ങൾ ഉപേക്ഷിക്കണമെന്നാണ് ഈ ജാഥയിലൂടെ NCCOEEE ആവശ്യപ്പെടുന്നത്.

ജില്ലകളിൽ നടന്ന സമര സന്ദേശ ജാഥകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

## തിരുവനന്തപുരം

തിരുവനന്തപുരം ഗാന്ധിപാർക്ക് മൈതാനിയിൽ ജൂൺ 22 വൈകുന്നേരം 5.30-ന് എ.ഐ.ടി.യു.സി. യുടെ അഖിലേന്ത്യാ വൈസ് പ്രസിഡന്റും സംസ്ഥാന ജനറൽ സെക്രട്ടറിയുമായ സ: കെ.പി. രാജേന്ദ്രൻ ജാഥ ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി കെ.എസ്. സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ ഐ.എൻ.ടി.യു.സി. സംസ്ഥാന ജനറൽ സെക്രട്ടറി വി.ജെ. ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ജൂൺ 23, 24, 26 തീയതികളിൽ പര്യടനം നടന്ന ജാഥയുടെ ക്യാപ്റ്റനായി കേരള പവർ വർക്കേഴ്സ് കോൺഗ്രസ് സംസ്ഥാന ട്രഷറർ എസ്.നുസറയും, മാനേജരായി വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ട്രഷറർ സജു.എ.എച്ച്ഉം, വൈസ് ക്യാപ്റ്റൻമാരായി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന വൈസ്പ്രസിഡന്റ് റ്റി. ഷാജികുമാർ, ഓഫീസേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി പ്രവീൺ എന്നിവരും, ഡെപ്യൂട്ടി മാനേജരായി പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി ജനാർദ്ദനൻ നായരും ജാഥയ്ക്ക് നേതൃത്വം നൽകി. ജാഥയുടെ സമാപനം പാളയത്ത് സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി കെ.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഐ.എൻ.ടി.യു.സി. ജില്ലാ പ്രസിഡന്റ് വി.ആർ.പ്രതാപൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം.പി. ഗോപകുമാർ മുഖ്യപ്രഭാഷണം നടത്തി. ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എം.ജി.സുരേഷ്കുമാർ വിഷയം അവതരിപ്പിച്ചുകൊണ്ട് സ്വാഗതം ആശംസിച്ചു. ജാഥാ അംഗങ്ങളായ വർക്കേഴ്സ് ഫെഡറേഷൻ നേതാക്കളായ എം.ശിവകുമാർ, എസ്.ബി. റോസ്‌വിൽസ്, വി.സുനിൽകുമാർ, വർക്കേഴ്സ് അസോസിയേഷൻ നേതാക്കളായ എസ്.സനൽകുമാർ, എം.പി. സജീവ്കുമാർ, കെ.ഉണ്ണികൃഷ്ണൻ നായർ, എസ്. ലാലു, ജി.ശ്രീനാഥ്, അജിത, ഓഫീസേഴ്സ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി പത്മകുമാർ എന്നിവർ വിവിധ കേന്ദ്രങ്ങളിൽ പ്രസംഗിച്ചു. വിവിധ സ്വീകരണ കേന്ദ്രങ്ങളിൽ എ.ഐ.ടി.യു.സി. ജില്ലാ സെക്രട്ടറി മീനാങ്കൽ കുമാർ, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റിചെയർമാൻ വിളപ്പിൽ രാധാകൃഷ്ണൻ, സി.പി.ഐ. മണ്ഡലം സെക്രട്ടറിമാരായ എം.എസ്. റഷീദ്, ചന്ദ്രബാബു, ശ്രീകുമാർ നെയ്യാറ്റിൻകര, ശ്രീകുമാർ കഴക്കൂട്ടം എന്നിവരും, എ.ഐ.ടി.യു.സി. നേതാക്കളായ സി.കെ.സിന്ധുരാജൻ, അഭിലാഷ് ആൽബർട്ട്, എസ്.ആർ.വിജയൻ, ഉദയകുമാർ, ചന്ദ്രബാബു, ബി.കെ.എം.യു. സംസ്ഥാന നേതാവ് മനോജ് ബി ഇടമന, സി.പി.എം. നേതാക്കളായ കെ.ഗിരി, വർ




**തിരുവനന്തപുരം വൈദ്യുതി ഭവൻ**
ഉദ്ഘാടനം
സ: എം.പി. ഗോപകുമാർ
ജനറൽ സെക്രട്ടറി




**തൊടുപുഴ വൈദ്യുതി ഭവൻ**
ഉദ്ഘാടനം
സ: വി.ജെ. കുര്യാക്കോസ്,
എ.ഐ.എഫ്.ഇ.ഇ
ഡെപ്യൂട്ടി ജനറൽ
സെക്രട്ടറി




**കൊട്ടാരക്കര വൈദ്യുതി ഭവൻ**
ഉദ്ഘാടനം
സ: എ.എം. ഷിറാസ്
വർക്കിംഗ് പ്രസിഡന്റ്




**പാലക്കാട് സർക്കിൾ ഓഫീസ്**
ഉദ്ഘാടനം
സ: കെ.ആർ. മോഹൻദാസ്
വർക്കിംഗ് പ്രസിഡന്റ്

17




എറണാകുളം സർക്കിൾ ഓഫീസ്
ഉദ്ഘാടനം
സ: വി. ജേക്കബ് ലാസർ
ട്രഷറർ




ആലപ്പുഴ സർക്കിൾ ഓഫീസ്
ഉദ്ഘാടനം
സ: എസ്.ബി. റോസ്‌വിൽസ്
ഓർഗനൈസിംഗ് സെക്രട്ടറി






പത്തനംതിട്ട സർക്കിൾ ഓഫീസ്
ഉദ്ഘാടനം
സ: മനോജ്ദത്ത്. എൻ
വൈസ് പ്രസിഡന്റ്



കണ്ണൂർ സർക്കിൾ ഓഫീസ്
ഉദ്ഘാടനം
സ: എ. രാധാകൃഷ്ണൻ
ഓർഗനൈസിംഗ് സെക്രട്ടറി




തൃശൂർ സർക്കിൾ ഓഫീസ്
ഉദ്ഘാടനം
സ: ഷൈലിഷ്. പി.പി
ഓർഗനൈസിംഗ് സെക്രട്ടറി




**കാസറഗോഡ് സർക്കിൾ ഓഫീസ്**
ഉദ്ഘാടനം
സ: എസ്.എ. സദർ റിയാസ്
സെക്രട്ടറി




**തിരൂർ സർക്കിൾ ഓഫീസ്**
ഉദ്ഘാടനം
സ: ടി. ശ്രീകുമാർ
സെക്രട്ടറി




**കോട്ടയം സർക്കിൾ ഓഫീസ്**
ഉദ്ഘാടനം: സ: എസ്. സിന്ധു, ഓർഗനൈസിംഗ് സെക്രട്ടറി



**വയനാട്, കൽപ്പറ്റ സർക്കിൾ ഓഫീസ്**
ഉദ്ഘാടനം: സ: കെ. അനിൽ, സെക്രട്ടറി





**കോഴിക്കോട് സർക്കിൾ ഓഫീസ്** – ഉദ്ഘാടനം: സ: കെ. രതീഷ് കുമാർ, വൈസ് പ്രസിഡന്റ്

# എം സുകുമാരപിള്ള ഫൗണ്ടേഷൻ പുരസ്കാര വിതരണം





ആതുര സേവനരംഗത്തെ മികവിനുള്ള അവാർഡ് കൊല്ലം വിളക്കുടി സ്നേഹതീരം ട്രസ്റ്റ് ഡയറക്ടർ സിസ്റ്റർ റോസ്‌ലിൻ, മികച്ച സാമൂഹിക പ്രവർത്തകനുള്ള അവാർഡ് ആലപ്പുഴ 'അത്താഴക്കൂട്ടം' സെക്രട്ടറി എ.ആർ. നൗഷാദ് എന്നിവർ സ: ബിനോയ് വിശ്വം എം.പി. യിൽ നിന്നും ഏറ്റുവാങ്ങുന്നു.



ഉദ്ഘാടനം
സ: ബിനോയ് വിശ്വം എം.പി
സിപിഐ ദേശീയ
സെക്രട്ടേറിയറ്റ് അംഗം



മുഖ്യപ്രഭാഷണം
സ: പി. പ്രസാദ്
ബഹു. കൃഷി വകുപ്പ് മന്ത്രി



അധ്യക്ഷൻ
സ: എം പി ഗോപകുമാർ
പ്രസിഡന്റ്, എം. സുകുമാരപിള്ള
ഫൗണ്ടേഷൻ



സ്വാഗതം
എസ്. ബാബുക്കുട്ടി
സെക്രട്ടറി, എം. സുകുമാരപിള്ള
ഫൗണ്ടേഷൻ





എം സുകുമാരപിള്ളയുടെ ഒൻപതാം ചരമ വാർഷിക ദിനാചരണവും അനുസ്മരണ സമ്മേളനവും സിപിഐ ദേശീയ സെക്രട്ടേറിയറ്റ് അംഗം ബിനോയ് വിശ്വം എം.പി ഉദ്ഘാടനം ചെയ്തു. എം. സുകുമാരപിള്ള ഫൗണ്ടേഷൻ പ്രസിഡന്റ് എം പി ഗോപകുമാർ അധ്യക്ഷത വഹിച്ചു. കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് മുഖ്യപ്രഭാഷണം നടത്തി. മുൻ എം.പി ഡോ. സെബാസ്റ്റ്യൻ പോൾ, സി.പി.ഐ എറണാകുളം ജില്ലാ സെക്രട്ടറി കെ.എം.ദിനകരൻ, പ്രൊഫ. കെ അരവിന്ദാക്ഷൻ, കെഎസ്ഇബി പെൻഷനേഴ്സ് അസോസിയേഷൻ പ്രസിഡന്റ് എൻ. വേണുഗോപാൽ, തുടങ്ങിയവർ സംസാരിച്ചു. ആതുര സേവനരംഗത്തെ മികവിനുള്ള ഒരു ലക്ഷം രൂപയുടെ കാഷ് അവാർഡ് കൊല്ലം വിളക്കുടി സ്നേഹതീരം ട്രസ്റ്റ് ഡയറക്ടർ സിസ്റ്റർ റോസ്‌ലിൻ ഏറ്റുവാങ്ങി.

മികച്ച സാമൂഹിക പ്രവർത്തകനുള്ള 25,000 രൂപയുടെ അവാർഡ് ആലപ്പുഴ 'അത്താഴക്കൂട്ടം' സെക്രട്ടറി എ.ആർ. നൗഷാദിനും സമ്മാനിച്ചു. തെരഞ്ഞെടുക്കപ്പെട്ട നിർധന രോഗികൾക്ക് 25,000 രൂപ വീതമുള്ള ചികിത്സാ സഹായവും ഫൗണ്ടഷന്റെ നേതൃത്വത്തിൽ നടന്നു.

ഫൗണ്ടേഷൻ നടത്തിയ സൗജന്യ എൽഎൽബി എൻട്രൻസ് പരിശീലന പരിപാടിയിൽ പങ്കെടുത്ത് ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള പുരസ്കാരവിതരണവും, ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ച എൽഎൽബി എൻട്രൻസ് ഗൈഡിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു.

## NCCOEEE
## സമരസന്ദേശ ജാഥ




**തൃശ്ശൂർ**

ഉദ്ഘാടനം
സ: കെ പി രാജേന്ദ്രൻ
AITUC സംസ്ഥാന
ജനറൽ സെക്രട്ടറി



**പറവൂർ**

സമാപന സമ്മേളനം
ഉദ്ഘാടനം
സ: എസ്. ശർമ്മ
മുൻ മന്ത്രി






**കാസർഗോഡ്**

സമാപന സമ്മേളനം
ഉദ്ഘാടനം
സ: ഇ. ചന്ദ്രശേഖരൻ
എം.എൽ.എ




**ആലപ്പുഴ**

ഉദ്ഘാടനം
സ: എ എം ആരിഫ്
എം പി




**കൊല്ലം**
ഉദ്ഘാടനം
ശ്രീ. ആർ. ചന്ദ്രശേഖരൻ
ഐഎൻടിയുസി
സംസ്ഥാന പ്രസിഡന്റ്



**എറണാകുളം**
സമാപന സമ്മേളനം
ഉദ്ഘാടനം
സ: കെ.സി. മണി
വൈസ് പ്രസിഡന്റ്




**കോഴിക്കോട്**
ഉദ്ഘാടനം
അഡ്വ. കെ. സത്യൻ
മുനിസിപ്പൽ വൈസ്
ചെയർമാൻ



**ചിറ്റൂർ ഡിവിഷൻ**
ഉദ്ഘാടനം
സ: കെ.എം. ജോയ്
പാലക്കാട് ജില്ലാ
സെക്രട്ടറി



## വയനാട്

സമാപന സമ്മേളനം
ഉദ്ഘാടനം
സ: സി.എസ്. സ്റ്റാലിൻ
എഐടിയുസി ജില്ലാ
സെക്രട്ടറി




## ആലപ്പുഴ

സമാപന സമ്മേളനം
ഉദ്ഘാടനം
സ: എച്ച് സലാം
എംഎൽഎ




## കാസർഗോഡ്

ഉദ്ഘാടനം
സ: സി.എച്ച്. കുഞ്ഞമ്പു
എം.എൽ.എ.




## കോട്ടയം

മുണ്ടക്കയം
ജാഥാ ക്യാപ്റ്റൻ
സ: കെ.വി. നടരാജൻ
(ഓർഗ. സെക്രട്ടറി)
സംസാരിക്കുന്നു

23

## NCCOEEE
## സമരസന്ദേശ ജാഥ




**മലപ്പുറം**
വൈസ് പ്രസിഡന്റ്
സ: ടി. ശ്രീകുമാർ
സംസാരിക്കുന്നു




**പട്ടാമ്പി ഡിവിഷൻ**
ജാഗ്രതാ സദസ്സ്
ഉദ്ഘാടനം
സ: കെ ആർ മോഹൻദാസ്
സംസ്ഥാന വർക്കിംഗ്
പ്രസിഡന്റ്




**വൈദ്യുതി ഭവൻ ഡിവിഷൻ**
ഉദ്ഘാടനം
സ: റ്റി. ഷാജികുമാർ
സംസ്ഥാന വൈസ്
പ്രസിഡന്റ്




മലപ്പുറം പൊൻമുണ്ടം
സെക്ഷൻ ഓഫീസിൽ
ജീവനക്കാർക്കെതിരെ
നടന്ന ആക്രമണങ്ങളിൽ
പ്രതിഷേധിച്ച് നടന്ന
യോഗം
വൈസ് പ്രസിഡന്റ്
ടി. ശ്രീകുമാർ
സംസാരിക്കുന്നു.

ക്കല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സ്മിത സുന്ദരേശൻ, ഐ.എൻ.ടി.യു.സി. നേതാക്കളായ ആന്റണി ആൽബർട്ട്, കാട്ടാക്കട രാമു, ജോൺ, താജ്ജുദ്ദീൻ എന്നിവരും പ്രസംഗിച്ചു.

## കൊല്ലം

ജാഥ ജൂൺ 27-ന് വൈകുന്നേരം 5 മണിക്ക് കൊല്ലം ചിന്നക്കടയിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം.പി. ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച യോഗം ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി എസ്. അശ്വതി ജാഥ ക്യാപ്റ്റനും, വർക്കേഴ്സ് അസോസിയേഷൻ ജില്ലാ കോ-ഓർഡിനേഷൻ കൺവീനർ വി.അനിൽകുമാർ ഉദ്ഘാടനം ജാഥാ മാനേജരും, ഐ.എൻ.ടി.യു.സി കൊല്ലം ജില്ലാ സെക്രട്ടറി ഡെയ്സൺ ആന്റണി, ഓഫീസേഴ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റിയംഗം എസ്.വിഷ്ണു എന്നിവർ വൈസ് ക്യാപ്റ്റന്മാരും, ഓഫീസേഴ്സ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി ജോഷോ ബൻസിലി, പെൻഷേനേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി അനിൽകുമാർ.പി എന്നിവർ ഡെപ്യൂട്ടി മാനേജർമാരുമായുള്ള ജാഥ ജൂൺ 30, ജൂലൈ 1, 3 തീയതികളിൽ ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ സഞ്ചരിച്ചു. സമാപന യോഗം വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എസ്.ഹരിലാൽ ഉദ്ഘാടനം ചെയ്തു. വിവിധ കേന്ദ്രങ്ങളിൽ ശ്രീജാ ഹരീഷ് (കൊല്ലം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ്) എ.ഐ.റ്റി.യു.സി നേതാക്കളായ കെ. ബാബു, എൻ. രവീന്ദ്രൻ, എൻ. സദാനന്ദൻ പിള്ള, കടത്തൂർ മൻസൂർ, മോഹൻദാസ്, ലാൽപ്രകാശ്, പി.മുരളീധരൻ, വർക്കേഴ്സ് ഫെഡറേഷൻ നേതാക്കളായ ഒ.ഫിലിപ്പോസ്, പ്രദീപ് കുമാർ. സി, സി.ഐ.റ്റി.യു. ജില്ലാ സെക്രട്ടറി എസ്.ജയമോഹൻ, ഐ.എൻ.ടി.യു.സി ജില്ലാ പ്രസിഡന്റ് എ.കെ. ഹഫീസ് എന്നിവർ പ്രസംഗിച്ചു.

## കോട്ടയം

ജാഥ ജൂലൈ 3, 4, 5 തീയതികളിൽ പര്യടനം നടത്തി. 3-ാം തീയതി രാവിലെ എ.ഐ.ടി.യു.സി സംസ്ഥാന വർക്കിംഗ് കമ്മിറ്റി അംഗം രഞ്ജിത്ത് അദ്ധ്യക്ഷത വഹിച്ച യോഗം സി.ഐ.ടി.യു. സംസ്ഥാന വൈസ് പ്രസിഡന്റ് ടി.ആർ. രഘുനാഥൻ ഉദ്ഘാടനം ചെയ്തു. ഓഫീസേഴ്സ് കോൺഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എം.പി. മനോജ് മുഖ്യപ്രഭാഷണം നടത്തി. ജാഥയുടെ ക്യാപ്റ്റൻ വർക്കേഴ്സ് ഫെഡറേഷന്റെ സംസ്ഥാന സെക്രട്ടറി കെ.വി. നടരാജനും, ജാഥാ മാനേജരായി വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ഭാരവാഹി അരുൺദാസും, ഓഫീസേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി അനൂപ്രാജ്, കെ.പി.ഡബ്ല്യു.സി. ജില്ലാ സെക്രട്ടറി ഇ.ജെ. മാത്യു, പെൻഷനേഴ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എം. മനോഹരൻ എന്നിവർ വൈസ് ക്യാപ്റ്റന്മാരും കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി സന്തോഷ് ജോസഫ്, ഓഫീസേഴ്സ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി അജിത് സി.മോഹൻ എന്നിവർ ഡെപ്യൂട്ടി മാനേജർമാരായും ജാഥയ്ക്ക് നേതൃത്വംനൽകി.സമാപനയോഗംസി.ഐ.ടി.യു കോട്ടയം ജില്ലാ ജോയിന്റ് സെക്രട്ടറി ലാലിച്ചൻ ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ പവർ വർക്കേഴ്സ് കോൺഗ്രസ്സ് (ഐ.എൻ.ടി.യു.സി) സംസ്ഥാന ജനറൽ സെക്രട്ടറി പ്രതീപ് നെയ്യാറ്റിൻകര ഉദ്ഘാടനം ചെയ്തു. എ.ഐ.ടി.യു.സി ജില്ലാ സെക്രട്ടറി വി.കെ.സന്തോഷ് കുമാർ മുഖ്യപ്രഭാഷണം നടത്തി. എ.ഐ.റ്റി.യു.സി നേതാക്കളായ റ്റി.എൻ. രമേശൻ, രാമചന്ദ്രൻ, സി.പി.ഐ. കോട്ടയം മണ്ഡലം സെക്രട്ടറി റ്റി.സി. ബിനോയ്, വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി എസ്. സിന്ധു എന്നിവർ വിവിധ കേന്ദ്രങ്ങളിൽ പ്രസംഗിച്ചു.

## പാലക്കാട്

ജില്ലയിലെ ജാഥ ജൂലൈ 4, 5, 6 തീയതികളിൽ പ്രയാണം നടത്തി. ജാഥയുടെ ഉദ്ഘാടനം ജൂലൈ 3 വൈകുന്നേരം സി.ഐ.ടി.യു ജില്ലാ വൈസ് പ്രസിഡന്റ് ഇ.എൻ. സുരേഷ് ബാബു നിർവ്വഹിച്ചു. ഇ.ഇ.എഫ്.ഐ. ദേശീയ സെക്രട്ടറി സി. ഉണ്ണികൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. എ.ഐ.ടി.യു.സി ചിറ്റൂർ മണ്ഡലം സെക്രട്ടറി മുത്തു, കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വിവി. വിജയൻ, വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് കെ.ആർ. മോഹൻദാസ് എന്നിവർ പ്രസംഗിച്ചു. ജാഥാ ക്യാപ്റ്റനായി വർക്കേഴ്സ് ഫെഡറേഷന്റെ ജില്ലാ പ്രസിഡന്റ് മണി കുളങ്ങരയും, മാനേജരായി വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി ശിവദാസും, വൈസ് ക്യാപ്റ്റനായി ഓഫീസേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി പി.റ്റി. സുരേഷും, ഡെപ്യൂട്ടി മാനേജരായി കേരള പവർ വർക്കേഴ്സ് കോൺഗ്രസ് ജില്ലാ സെക്രട്ടറി എസ്.എ. സാബുകുമാർ എന്നിവർ ജാഥയിൽ സഞ്ചരിച്ചു. സി.ഐ.റ്റി.യു. സംസ്ഥാന കമ്മിറ്റി അംഗം എസ്.ബി. രാജു എ.ഐ.റ്റി.യു.സി. ജില്ലാ സെക്രട്ടറി എൻ.ജി. മുരളീധരൻ നായർ, മുൻ എം.എൽ.എ. ചെന്താമരാക്ഷൻ, ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് എം.ജി.സുരേഷ് കുമാർ, വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എം.സി. ആനന്ദൻ, ജില്ലാ സെക്രട്ടറി കെ.എം. ജോയി, രമേശൻ, അസോസിയേഷൻ നേതാക്കളായ കൃഷ്ണകുമാർ, വിജീഷ് എന്നിവർ വിവിധ സ്വീകരണ കേന്ദ്രങ്ങളിൽ പ്രസംഗിച്ചു.



## വയനാട്

ജില്ലയിലെ ജാഥ ജൂൺ 26, 27 തീയതികളിൽ പ്രയാണം നടത്തി. ജാഥയുടെ ഉദ്ഘാടനം സി.ഐ.ടി.യു. ജില്ലാ ജനറൽ



സെക്രട്ടറി വി.വി. ബേബി നിർവ്വഹിച്ചു. എ.ഐ.ടി.യു.സി. സംസ്ഥാന വർക്കിംഗ് കമ്മിറ്റി അംഗം എസ്.ജി. സുകുമാരൻ മുഖ്യപ്രഭാഷണം നടത്തി. വർക്കേഴ്സ് അസോസിയേഷന്റെ സംസ്ഥാന ജോയിന്റ് സെക്രട്ടറി ദിലീപ്.കെ.പി ക്യാപ്റ്റനായും, ഓഫീസേഴ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി പ്രകാശൻ. കെ.എം. മാനേജരായും, വർക്കേഴ്സ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി റസാഖ് എം.പി, ഓഫീസേഴ്സ് ഫെഡറേഷൻ സംസ്ഥാന നിർവ്വാഹക സമിതി അംഗം എം. ഷംജാൻ, ഓഫീസേഴ്സ് അസോ
26 സിയേഷൻ നേതാവ് സുധീഷ്. സി.പി. എന്നിവർ വൈസ് ക്യാപ്റ്റന്മാരായും, വർക്കേഴ്സ് അസോസിയേഷൻ നേതാക്കളായ ജിജീഷ്. എൻ.ആർ, ജോഷി. കെ.പി., വർക്കേഴ്സ് ഫെഡറേഷൻ നേതാവായ സന്തോഷ്കുമാർ.ടി.പി എന്നിവർ ഡെപ്യൂട്ടി മാനേജർമാരുമായി ജാഥയ്ക്ക് നേതൃത്വം നൽകി. സമാപനയോഗം എ.ഐ.ടി.യു.സി. ജില്ലാ സെക്രട്ടറി സി.എസ്. സ്റ്റാലിൻ ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു. ജില്ലാ കമ്മിറ്റി അംഗം മുഹമ്മദാലി അദ്ധ്യക്ഷത വഹിച്ചു. സി.ഐ.ടി.യു. ജില്ലാ പ്രസിഡന്റ് പി.വി. സഹദേവൻ അഭിവാദ്യം ചെയ്തു.

### എറണാകുളം

ജാഥ ജൂൺ 23 മുതൽ 27 വരെ തീയതികളിൽ പ്രയാണം നടത്തി. വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.ആർ. ബാലകൃഷ്ണൻ ക്യാപ്റ്റനായും, വർക്കേഴ്സ് ഫെഡറേഷന്റെ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.സി. മണി മാനേജരായും, ഓഫീസേഴ്സ് അസോസിയേഷൻ നേതാവ് മനോജ് കുട്ടപ്പൻ, വർക്കേഴ്സ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി വി.അനിൽകുമാർ, പെൻഷനേഴ്സ് അസോസിയേഷൻ നേതാവ് രാഘവൻ എന്നിവർ വൈസ് ക്യാപ്റ്റന്മാരായും, അലി അറക്കപ്പടി കേരള പവർ വർക്കേഴ്സ് കോൺഗ്രസ്, ഇസ്മായേൽ കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ, റെജി മത്തായി വർക്കേഴ്സ് അസോസിയേഷൻ, തൃപുടി ജയൻ ഓഫീസേഴ്സ് അസോസിയേഷൻ ഡെപ്യൂട്ടി മാനേജർമാരായും ജാഥയിൽ സഞ്ചരിച്ചു. ജാഥയുടെ ഉത്ഘാടനം സി.ഐ.ടി.യു.സി. ജില്ലാ പ്രസിഡന്റ് ജോൺ ഫെർണാണ്ടസ് നിർവ്വഹിച്ചു. കെ.കെ. ഇബ്രാഹിംകുട്ടി ഐ.എൻ.ടി.യു.സി ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി, മുൻ വൈദ്യുതി മന്ത്രി എസ്. ശർമ്മ, റ്റി.എസ്. സഞ്ചിത്ത്, മുജീബ് റഹ്മാൻ, പി.ആർ.മുരളീധരൻ, വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ട്രഷറർ ജേക്കബ് ലാസർ എന്നിവർ വിവിധ വേദികളിൽ ജാഥയെ അഭിവാദ്യം ചെയ്തു. സമാപന സമ്മേളനം സി.ഐ.ടി.യു ദേശീയ സെക്രട്ടറിയും വർക്കേഴ്സ് അസോസിയേഷൻ വൈസ്പ്രസിഡന്റുമായ ദീപ കെ രാജൻ ഉത്ഘാടനം ചെയ്തു.

### ആലപ്പുഴ

ജില്ലയിൽ ജാഥ ജൂൺ 24 മുതൽ 27 വരെ തീയതികളിൽ പ്രയാണം നടത്തി. ജാഥയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട എം.പി. എ.എം.ആരിഫ് നിർവ്വഹിച്ചു. വർക്കേഴ്സ് ഫെഡറേഷന്റെ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് എ.എം. ഷിറാസ് അദ്ധ്യക്ഷത വഹിച്ചു. ജാഥയുടെ ക്യാപ്റ്റൻ ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി നന്ദകുമാർ, ജാഥയുടെ മാനേജർ വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കെ. രഘുനാഥ്, വൈസ് ക്യാപ്റ്റനായി വർക്കേഴ്സ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി സി.ഡി.സജിത് റാം, ഓഫീസേഴ്സ് ഫെഡറേഷന്റെ സംസ്ഥാന സെക്രട്ടറി ജി.ഗിരികുമാർ, പെൻഷനേഴ്സ് അസോസിയേഷൻ നേതാവ് കെ.പി. സന്തോഷ് കുമാർ, കേരള പവർ വർക്കേഴ്സ് കേൺഗ്രസ് നേതാവ് എ. ജാഫർമോൻ ഡെപ്യൂട്ടി മാനേജരായും ജാഥയ്ക്ക് നേതൃത്വം നൽകി. വർക്കേഴ്സ് ഫെഡറേഷന്റെ നേതാക്കളായ എ.ബി. സജീവ്കുമാർ, യേശുദാസ്. വി.വി, ജയദേവൻ. പി, ആസാദ്. എ. എം, അഭിലാഷ്. കെ.എ, ജോഷി.പി.ജി, ഉഷാദേവി.സി.ആർ, എ.ഐ.റ്റി.യു.സി. ജില്ലാ പ്രസിഡന്റ് അഡ്വ.മോഹൻദാസ് എന്നിവർ വിവിധ വേദികളിൽ പ്രസംഗിച്ചു. സമാപന സമ്മേളനം അമ്പലപ്പുഴ എം.എൽ.എ എച്ച്. സലാം ഉദ്ഘാടനം ചെയ്തു.

### കാസർഗോഡ്

ജാഥ ജൂൺ 30, ജൂലൈ 1 തീയതികളിൽ പ്രയാണം നടത്തി. ഒന്നാം ദിവസത്തെ ജാഥ സി.എച്ച്. കുഞ്ഞമ്പു എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വർക്കേഴ്സ്അസോസിയേഷൻസംസ്ഥാന വൈസ് പ്രസിഡന്റ് വി. ജനാർദ്ദനൻ ക്യാപ്റ്റനും, ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗം ഒ.വി. രമേഷ് മാനേജരും, വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി



സദർ റിയാസ് ജാഥാ ഡയറക്ടറുമായിരുന്നു. രണ്ടാം ദിനത്തെ ജാഥ മുൻ മന്ത്രി ഇ. ചന്ദ്രശേഖരൻ എം.എൽ.എ. ഉത്ഘാടനം ചെയ്തു. വി.വി.പ്രസന്ന കുമാരി, നെയ്യാറ്റിൻകര പ്രതീപ്, പി.വി. കുഞ്ഞമ്പു, ബിജു ഉണ്ണിത്താൻ, സുബൈർ പടുപ്പ് എന്നിവർ വിവിധ കേന്ദ്രങ്ങളിൽ പ്രസംഗിച്ചു.

### മലപ്പുറം

ജൂലൈ 3, 4, 5 തീയതികളിൽ നടന്ന ജാഥ സി.ഐ.ടി.യു. സംസ്ഥാന വൈസ് പ്രസിഡന്റ് ശശികുമാർ ഉദ്ഘാടനം ചെയ്തു. എ.ഐ.റ്റി.യു.സി ജില്ലാ വൈസ് പ്രസിഡന്റ് ഉമ്മർ അഭിവാദ്യം ചെയ്തു. ജാഥ ക്യാപ്റ്റനായി വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് എം. വിശ്വനാഥൻ, ജാഥ വൈസ് ക്യാപ്റ്റനായി ഇലക്ട്രിസ്റ്റി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി റ്റി. ശ്രീകുമാർ, ജാഥ മാനേജർ പി.പി. ജയൻദാസ് എന്നിവർ ജാഥയ്ക്ക് നേതൃത്വം കൊടുത്തു. ജാഥയുടെ സമാപന സമ്മേളനം സി.ഐ.ടി.യു. ജില്ലാ സെക്രട്ടറി വി.പി. സക്കറിയ ഉദ്ഘാടനം ചെയ്തു. സി.പി.ഐ. തവന്നൂർ മണ്ഡലം സെക്രട്ടറി പ്രഭാകരൻ നടുവട്ടം, എ.ഐ.റ്റി.യു.സി. സംസ്ഥാന വൈസ് പ്രസിഡന്റ് സി. സുബ്രഹ്മണ്യം, ജില്ലാ സെക്രട്ടറി എം.എ. റസാഖ്, ജില്ലാ വൈസ് പ്രസിഡന്റ് ഹരീഷ് തിരൂർ, എ.ഐ.റ്റി.യു.സി. തവന്നൂർ മണ്ഡലം പ്രസിഡന്റ് മംഗലം മോഹനൻ, എ.ഐ.റ്റി.യു.സി. സംസ്ഥാന സെക്രട്ടറി കവിത രാജൻ, എസ്.റ്റി.യു സംസ്ഥാന ജനറൽ സെക്രട്ടറി അബ്ദുൾ ഗഫൂർ, വർക്കേഴ്സ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി മുഹമ്മദ് അഷ്റഫ്, വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ വി. രമേഷ്, കെ. ഗീത, കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ നേതാവ് പി.പി. കൃഷ്ണൻ, ഓഫീസേഴ്സ് അസോസിയേഷൻ റീജിയണൽ സെക്രട്ടറി പി.ജി. വിജയൻ, ഓഫീസേഴ്സ് ഫെഡറേഷൻ റീജിയണൽ സെക്രട്ടറി സി. ജോജി എന്നിവർ വിവിധ കേന്ദ്രങ്ങളിൽ സംസാരിച്ചു. ഫെഡറേഷൻ നേതാക്കളായ സാജൻ, ശിവദാസൻ, ഹാരീസ്, രാജൻ, സുധീഷ്.എൻ, അലവി, ദിനേശൻ, ഓഫീസേഴ്സ് ഫെഡറേഷൻ കേന്ദ്ര കമ്മിറ്റി അംഗം എസ്. വിനോദ് എന്നിവർ വിവിധ സ്വീകരണ വേദികളിൽ ജാഥയോടൊപ്പം സഞ്ചരിച്ചു.

### ഇടുക്കി

ജാഥ ജൂൺ 22 മുതൽ 24 വരെ തീയതികളിൽ ജില്ലയിൽ പര്യടനം നടത്തി. ജാഥ ക്യാപ്റ്റനായി പ്രതീപ് നെയ്യാറ്റിൻകര, ജാഥ മാനേജർ ആർ. ജ്യോതികുമാർ, ജാഥ വൈസ് ക്യാപ്റ്റന്മാരായി മോഹൻ വാഴൂർ, പി.എസ്. ഭോഗീന്ദ്രൻ, ജാഥ ഡയറക്ടറായി പി.കെ. സതീഷ്കുമാർ എന്നിവർ ജാഥയ്ക്ക് നേതൃത്വം നൽകി. സി.ഐ.ടി.യു. ജില്ലാ ജോയിന്റ് സെക്രട്ടറി റ്റി..എം. ജോൺ ജാഥ ഉദ്ഘാടനം ചെയ്തു. 24-ന് വൈകുന്നേരം 5-ന് സി.പി.ഐ. തൊടുപുഴ മണ്ഡലം സെക്രട്ടറി കെ.സി. പ്രമദ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

### കോഴിക്കോട്

ജാഥ ജൂലൈ 3, 4, 5 തീയതികളിൽ ജില്ലയിൽ പര്യടനം നടത്തി. സി.ഐ.റ്റി.യു. സംസ്ഥാന വൈസ്പ്രസിഡന്റ് റ്റി.പി. രാമകൃഷ്ണൻ എം.എൽ.എ. ഉദ്ഘാടനം ചെയ്ത ജാഥയ്ക്ക് ജാഥ ക്യാപ്റ്റനായി ഓഫീസേഴ്സ് അസോസിയേഷൻ നേതാവ് ജിജി.പി, മാനേജരായി വർക്കേഴ്സ് അസോസിയേഷൻ നേതാവ് പ്രമോദ്. പി.കെ, വൈസ് ക്യാപ്റ്റന്മാരായി വർക്കേഴ്സ് ഫെഡറേഷൻ നേതാവ് രതീഷ്കുമാർ.കെ, കേരള പവർ വർക്കേഴ്സ് കോൺഗ്രസ് നേതാവ് രമേശൻ.എ എന്നിവർ നേതൃത്വം നൽകി. അക്ബർ എം.എം. (വർക്കേഴ്സ് അസോസിയേഷൻ), ഇസ്മയിൽ. എം (എസ്.റ്റി.യു), അജിത്കുമാർ. എ (ഓഫീസേഴ്സ് അസോസിയേഷൻ) ഗോപകുമാർ സി.എം (കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ) എന്നിവർ ജാഥയിൽ അംഗങ്ങളായിരുന്നു. അഡ്വ. കെ. സത്യൻ, കെ. ജയപ്രകാശ്, ഡോ. എം.ജി. സുരേഷ്കുമാർ, രാജീവ്. എ, പി.കെ. നാസർ എന്നിവർ വിവിധ കേന്ദ്രങ്ങളിൽ പ്രസംഗിച്ചു.

### പത്തനംതിട്ട

ജാഥ ജൂലൈ 3, 4 തീയതികളിൽ ജില്ലയിൽ പര്യടനം നടത്തി. സി.ഐ.ടി.യു ജില്ലാ പ്രസിഡന്റ് ഹരിദാസ് ജാഥ ഉദ്ഘാടനം ചെയ്തു. ഐ.എൻ.ടി.യു.സി ജില്ലാ പ്രസിഡന്റ് മലയാലപ്പുഴ ജ്യോതിഷ്കുമാർ മുഖ്യ പ്രഭാഷണം നടത്തി. ജാഥ ക്യാപ്റ്റനായി വർക്കേഴ്സ് അസോസിയേഷൻ നേതാവ് എസ്. പ്രകാശ്, ജാഥാ മാനേജരായി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് മനോജ്ദത്ത്, വൈസ് ക്യാപ്റ്റൻമാരായി ബൈജു. ജി (ഓഫീസേഴ്സ് അസോസിയേഷൻ), രാജു.ബി (ഓഫീസേഴ്സ് ഫെഡറേഷൻ), വിനോദ്. പി.എസ് (പവർ വർക്കേഴ്സ് കോൺഗ്രസ്) എന്നിവരും ഡെപ്യൂട്ടി മാനേജരായി തമ്പിക്കുട്ടി.വി.പി (വർക്കേഴ്സ് അസോസിയേഷൻ) എന്നിവരും ജാഥയ്ക്ക് നേതൃത്വം നൽകി. റാന്നിയിൽ നടന്ന സമാപന സമ്മേളനം സി.പി.ഐ. മണ്ഡലം സെക്രട്ടറി ജോജോ കോവൂർ ഉദ്ഘാടനം ചെയ്തു. ഐ.എൻ.ടി.യു.സി. നേതാവ് വീരേന്ദ്രകുമാർ അടൂരിൽ ജാഥയെ അഭിസംബോധന ചെയ്തു.



### തൃശൂർ

ജാഥ ജൂലൈ 4, 5, 6 തീയതികളിൽ ജില്ലയിൽ പര്യടനം നടത്തി. ജൂലൈ 3ന് വൈകുന്നേരം 4.30 -ന് തൃശൂർ പടിഞ്ഞാറേക്കോട്ടയിൽ എ.ഐ.ടി.യു.സി സംസ്ഥാനജനറൽസെക്രട്ടറിസ:കെ.പി. രാജേന്ദ്രൻ ജാഥ ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു. ജില്ലാ ജോയിന്റ് സെക്രട്ടറി റ്റി. സുധാകരൻ അദ്ധ്യക്ഷത വഹിച്ച

യോഗത്തിൽ ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ആർ. രഞ്ജനാദേവി മുഖ്യപ്രഭാഷണം നടത്തി. ജാഥ ക്യാപ്റ്റനായി ഓഫീസേഴ്സ് അസോസിയേഷൻ നേതാവ് പ്രദീപൻ. സി യും വൈസ് ക്യാപ്റ്റനായി പി.പി. ഷൈലിഷ്, ജാഥ മാനേജരായി വർക്കേഴ്സ് അസോസിയേഷൻ നേതാവ് എ.എം. സിദ്ദിഖ്, കൺവീനറായി കോൺട്രാക്ട് വർക്കേഴ്സ് അസോസിയേഷൻ നേതാവ് ജോസ്.കെ.വി. യും, ജോയിന്റ് കൺവീനർമാരായി ഷീജ.എം.കെ (ഓഫീസേഴ്സ് ഫെഡറേഷൻ), സദാനന്ദൻ.പി.കെ (പെൻഷനേഴ്സ് അസോസിയേഷൻ) എന്നിവർ ജാഥയ്ക്ക് നേതൃത്വം നൽകി. സമാപനയോഗം വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി സി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി വി.പി. ഷൈലിഷ് മുഖ്യപ്രഭാഷണം നടത്തി. സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗം രാകേഷ് കണിയാംപറമ്പിൽ, ഡി.വൈ.എഫ്.ഐ ജില്ലാ സെക്രട്ടറി എൻ.വി.വൈശാഖൻ, വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി കെ.വി.വിജോയ് എന്നിവർ വിവിധ വേദികളിൽ പ്രസംഗിച്ചു.

**കണ്ണൂർ**

ജാഥ ജൂൺ 26, 27, 29, 30 തീയതികളിൽ ജില്ലയിൽ പര്യടനം നടത്തി. മുൻ എം.എൽ.എ. ടി.വി. രാജേഷ് ജാഥ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം കണ്ണൂരിൽ സി.പി.ഐ.എം. കണ്ണൂർ ജില്ലാ സെക്രട്ടറി എം.വി.ജയരാജൻ ഉത്ഘാടനം ചെയ്തു. എ.ഐ.റ്റി.യു.സി. ജില്ലാ സെക്രട്ടറി സി.പി. സന്തോഷ്കുമാർ അഭിവാദ്യം ചെയ്തു. ജാഥ ലീഡറായി വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി കെ. രഘുനാഥും, ജാഥ മാനേജരായി ഓഫീസേഴ്സ് അസോസിയേഷൻ നേതാവ് സൂരജ്.റ്റി.പി യും, ജാഥ ഡയറക്ടറായി വർക്കേഴ്സ് ഫെഡറേഷൻ നേതാവ് എ.രാധാകൃഷ്ണനും, സ്ഥിരാംഗമായി ലക്ഷ്മണൻ പവിഴക്കുന്നേലും, കണ്ണൂർ ജില്ലാ സെക്രട്ടറി രാജീവൻ.പി.വി യും, കണ്ണൂർ ഡിവിഷൻ സെക്രട്ടറി അരവിന്ദ്കുമാർ.കെ യും ജാഥയ്ക്ക് നേതൃത്വം നൽകി.■

1548 കോടി രൂപയുടെ ബ്രഹത്പദ്ധതി വഴി 30,000 കിലോമീറ്ററിലാണ് ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിച്ചത്. 100 എം ബി പി എസ് വേഗതയിൽ 1.5 ജിബി ഡാറ്റ പ്രതിദിനം ലഭിക്കും.



# കെ ഫോൺ കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ്

ഇന്ത്യ ഒട്ടാകെ 'കേരള ബദൽ' എന്ന മുദ്രാവാക്യം ഉയരുമ്പോൾ ജനകീയ ബദലുകളുടെ ലോകം തൊട്ട കേരളം മറ്റൊരു കുതിപ്പിനു കൂടി സാക്ഷ്യം വഹിക്കുകയാണ്. സ്വന്തമായി ഇന്റർനെറ്റ് സംവിധാനമുള്ള ഇന്ത്യയിലെ ഏക സംസ്ഥാനം എന്ന പൊൻകിരീടം കേരളത്തിന് സ്വായത്തമാകുന്നു. ഇന്റർനെറ്റ് പൗരാവകാശമാക്കി വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്കുള്ള കുതിപ്പിന് ചുവടുവെപ്പ് ആകുന്ന പദ്ധതിയാണ് 'കെ ഫോൺ'. ഇന്ത്യൻ ഡിജിറ്റൽ തുല്യതയ്ക്ക് കേരളത്തിന്റെ ബദലാണ് കെ ഫോൺ.കേരളാ സ്റ്റേറ്റ് ഐ. റ്റി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്(കെ.എസ്.ഐ.ടി.ഐ.എൽ) ന്റെയും കെ.എസ്.ഇ.ബിയുടെയും സംയുക്ത സംരംഭമാണ് കെ ഫോൺ പദ്ധതി. 1161 കോടിയുടെ പദ്ധതിക്ക് ധനസഹായം ഉറപ്പാക്കിയത് കിഫ്ബി ആണ്. ഇന്റർനെറ്റ് അവകാശമാക്കി ഈ പദ്ധതി 2023 ജൂൺ അഞ്ചിന് നിയമസഭ കോംപ്ലക്സിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ കേരളത്തിന് സമർപ്പിച്ചു. കേരളത്തിലെ സാമൂഹിക അസമത്വങ്ങൾക്ക് കടിഞ്ഞാൺ ഇട്ടതുപോലെ ഡിജിറ്റൽ അസമത്വത്തിനും ഇടത് സർക്കാർ അന്ത്യം കുറിക്കുകയാണ്. ഇടത് മുന്നണി ഗവൺമെന്റിന്റെ പ്രകടന പത്രികയിലെ പ്രഖ്യാപിത ലക്ഷ്യമാണ് പ്രസ്തുത പദ്ധതി. കെ ഫോൺ പദ്ധതിയുടെ ആദ്യഘട്ടത്തിൽ കേരളത്തിലെ പതിനാലായിരം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നു. അതുപോലെ മുപ്പതിനായിരം സർക്കാർ സ്ഥാപനങ്ങളിലും ഇന്റർനെറ്റ് ശൃംഖല ശക്തിപ്പെടുത്തുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കും അതിവേഗ ഇന്റർനെറ്റ് സേവനം ഉറപ്പുവരുത്തുന്നതിനും ഗ്രാമങ്ങളിലും സ്റ്റാർട്ടപ്പുകൾക്കും കുറഞ്ഞ നിരക്കിൽ ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതി സഹായകരമാകും. ബിപിഎൽ ഇതര വിഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ സേവനം നൽകുന്നതിനും രണ്ടായിരം പൊതു ഇടങ്ങളിൽ സൗജന്യ വൈഫൈ നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

സമഗ്രമായ സാമൂഹിക പുരോഗതിക്ക് സാങ്കേതികവിദ്യ ഉപയോഗപ്പെ




ടുത്തുന്നതിനുള്ള കേരളത്തിന്റെ ജനകീയ ബദലാണ് കെ ഫോൺ എന്ന് മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറയുകയുണ്ടായി. സ്വന്തമായി ഇന്റർനെറ്റ് ഉള്ള സംസ്ഥാനമായി കേരളം മാറുകയാണ്. വിജ്ഞാന സമ്പദ് വ്യവസ്ഥയെന്ന വലിയ ലക്ഷ്യത്തിലേക്കുള്ള കേരളത്തിന്റെ സാമൂഹ്യ മുന്നേറ്റത്തിന്റെ പ്രധാന കാൽവെപ്പാണ് കെ ഫോൺ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.കോവിഡ് മഹാമാരിക്കാലത്ത് വർക്ക് ഫ്രം ഹോമിലൂടേയും ഓൺലൈൻ വിദ്യാഭ്യാസ പഠന പദ്ധതിയിലൂടേയും ഇന്റർനെറ്റിന്റെ ആവശ്യകത കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കിയതാണ്. ഇതര സ്വകാര്യ ഇന്റർനെറ്റ് കുത്തകകൾ ഈ ആവശ്യകത മനസ്സിലാക്കി സാധാരണക്കാരെ ചൂഷണം ചെയ്യാൻ മത്സരബുദ്ധിയോടെ പ്രവർത്തിച്ച കാലഘട്ടമായിരുന്നു അത്. ഇക്കാര്യം മനസ്സിലാക്കിക്കൊണ്ടുതന്നെ ഇത്തരത്തിലുള്ള കേരളത്തിന്റെ തനതായ കേരള ഫൈബർ ഒപ്ടിക് നെറ്റ് വർക്ക് എന്ന സ്വന്തം കെ ഫോൺ ഈ സംസ്ഥാനത്തിന് സമർപ്പിച്ചിട്ടുള്ളത്.

കെ ഫോൺ യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിലെ മുഴുവൻ സർക്കാർ ഓഫീസുകൾക്കും 20 ലക്ഷം കുടുംബങ്ങൾ, ഏകദേശം 14000 റേഷൻ കടകൾ, 2000 സപ്ലൈകോ ഔട്ട്‌ലെറ്റുകൾ, കേരള ബാങ്ക് എന്നിവിടങ്ങളിൽ വാണിജ്യ അടിസ്ഥാനത്തിലും അല്ലാതെയും കണക്ഷൻ എത്തിക്കും. വയനാട് കണിയാമ്പറ്റ പന്തലാടിക്കുന്ന് കോളനികളിൽ 100 എം ബി പി എസ് സ്പീഡിൽ കെ ഫോണിന്റെ കണക്ടിവിറ്റി ഇപ്പോൾ തന്നെ ലഭ്യമാണ്. ദേവികുളത്തെ കൊരങ്ങാട്ടി, സൂര്യൻകൂടി, തലമാലി, കുതിരയാള, തുമ്പിപ്പാറക്കുടി തുടങ്ങിയ ആദിവാസി ഊരുകളിൽ കാടും മലയും പുഴയും കടന്ന് കെ ഫോണിന്റെ നെറ്റ്‌വർക്ക് കണക്ടിവിറ്റി ലഭ്യമാക്കി കഴിഞ്ഞതും ചരിത്രനേട്ടം തന്നെ. ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിനായി ഓരോ മണ്ഡലത്തിലും 100 വീടുകൾ വീതമാണ് ആദ്യഘട്ടം എന്ന നിലയിൽ ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്നത്. ഇത്തരത്തിൽ 140 മണ്ഡലത്തിലെ 14000 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ ആണ് ലക്ഷ്യമിടുന്നത്. എല്ലാ കണക്ഷനുകളുടേയും തൽസമയ നിരീക്ഷണം നടത്തുന്നതിന് കെ ഫോൺ വാർ റൂം സജ്ജമാക്കിയിട്ടുണ്ട്. കെ ഫോൺ ഇന്റർനെറ്റ് മിതമായ നിരക്കിൽ കേരളത്തിലെ ജനങ്ങൾക്ക് എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

1548 കോടി രൂപയുടെ ബ്രഹത്പദ്ധതി വഴി 30,000 കിലോമീറ്ററിലാണ് ഒപ്റ്റിക്കൽ ഫൈബർ ശൃംഖല സ്ഥാപിച്ചത്. 100 എം ബി പി എസ് വേഗതയിൽ 1.5 ജിബി ഡാറ്റ പ്രതിദിനം ലഭിക്കും. കെ ഫോൺ പദ്ധതി പൂർണ്ണമാകുന്നതോടെ ഉയർന്ന പഠന നിലവാരത്തിനുള്ള സാധ്യത തുറക്കുന്നതോടൊപ്പം തൊഴിൽ അന്വേഷകർക്കും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടും. ഇ-മെഡിസിൻ, ഇ-ഹെൽത്ത്, ഇ-സ്കൂൾ എന്നിവയെല്ലാം ഓൺലൈനിൽ ആകും. ജനങ്ങൾ അവരുടെ ദൈനംദിന ആവശ്യങ്ങൾക്കായി നേരിട്ട് എത്തുന്ന ഓഫീസുകളുടെ പ്രവർത്തന രീതികൾക്ക് മാറ്റം സംഭവിക്കും. വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്കുള്ള പ്രയാണത്തിന്റെ നാഴികക്കല്ലും സാങ്കേതികത്വത്തിന്റെ ഉയർത്തെഴുന്നേൽപ്പുമാണ് കെ ഫോൺ പദ്ധതിയിലൂടെ കേരളം ലക്ഷ്യമിടുന്നത്. കേരളത്തിന്റെ മറ്റൊരു വികസന നേട്ടമായി കെ ഫോണിനെ നമുക്ക് കാണാൻ കഴിയും. നമ്മുടെ കൊച്ചുകേരളം ഒരിക്കൽകൂടി രാജ്യത്തിനും ലോകത്തിനും മാതൃകയായതിൽ ഓരോ കേരളീയനും അഭിമാനിക്കാം.■





സൗമ്യത മുഖമുദ്രയാക്കിയ ജെ. ചിത്തരഞ്ജൻ കേരളത്തിലെ ഇലക്ട്രിസിറ്റി ജീവനക്കാർക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത നേതാവാണ്.

# ജൂൺ 13 ജെ. ചിത്തരഞ്ജൻ ദിനം



ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ദേശീയ നേതാവും വർക്കേഴ്സ് ഫെഡറേഷന്റെ സ്ഥാപക പ്രസിഡന്റുമായിരുന്ന ജെ. ചിത്തരഞ്ജന്റെ പതിനഞ്ചാമത് ചരമ വാർഷികമായിരുന്നു 2023 ജൂൺ 13. വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ പൊതുരംഗത്ത് കടന്നുവരികയും വൈവിദ്ധ്യമാർന്ന മേഖലകളിൽ വ്യക്തിമുദ്രപതിപ്പിക്കുകയും ചെയ്ത നേതാവായിരുന്നു അദ്ദേഹം.ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ കഴിഞ്ഞിരുന്ന കൊല്ലത്തെ കശുവണ്ടി തൊഴിലാളികളെ സംഘടിപ്പിച്ച് അവർക്ക് സംഘബോധവും വർഗ്ഗബോധവും പകർന്ന് നൽകി അവകാശങ്ങൾ നേടിയെടുക്കാൻ നേതൃത്വം നൽകിയ മികച്ച സംഘാടകൻ കൂടിയായിരുന്നു സഖാവ് ചിത്തൻ. ഉജ്ജ്വലനായ ട്രേഡ് യൂണിയൻ നേതാവും ശ്രദ്ധേയനായ പാർലമെന്റേറിയനുമായിരുന്ന അദ്ദേഹം എം.ൽ.എ, എം.പി, സംസ്ഥാന മന്ത്രി എന്നീ നിലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച്ച വയ്ക്കുകയും, എ.ഐ.റ്റി.യു. സി പ്രസിഡന്റ് പദവി വരെ എത്തിയ ആദ്യ മലയാളിയാവുകയും ചെയ്തു.

സൗമ്യത മുഖമുദ്രയാക്കിയ ചിത്തരഞ്ജൻ കേരളത്തിലെ ഇലക്ട്രിസിറ്റി ജീവനക്കാർക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത നേതാവാണ്. വൈദ്യുതി ബോർഡിൽകാറ്റഗറിഅടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന സംഘടനകളെ യോജിപ്പിച്ചു 1975ൽ കേരളാ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷനെന്ന പൊതു സംഘടന രൂപീകരിക്കാൻ കഴിഞ്ഞതും തുടർന്ന് ഫെഡറേഷനെ എ.ഐ.റ്റി.യു. സിയുമായി അഫിലിയേറ്റ് ചെയ്യാൻ കഴിഞ്ഞതും അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും കൊണ്ടുമാത്രമാണ്. ദേശീയ സംസ്ഥാന രംഗങ്ങളിൽ തിരക്കേറിയ നേതാവായിരിക്കുമ്പോഴും ഇലക്ട്രിസിറ്റി ജീവനക്കാരുടെ വിഷയങ്ങൾ ആഴത്തിൽ മനസിലാക്കി തക്കതായ ഇടപെടലുകൾ നടത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.ഏത് പ്രക്ഷുബ്ധ സാഹചര്യങ്ങളിലും ആത്മനിയന്ത്രണം കൈവിടാതെ ശാന്തമായി പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നത്. തൊഴിലാളികളുടെ മേൽ നിരന്തര കടന്നാക്രമണങ്ങൾ കേന്ദ്ര സർക്കാർ നടത്തിവരുന്ന വർത്തമാന കാലഘട്ടത്തിൽ സഖാവിനെപോലുള്ള നേതാക്കന്മാരുടെ അഭാവം തീരാനഷ്ടം തന്നെയാണ്.

സഖാവ് ജെ.ചിത്തരഞ്ജൻ അനുസ്മരണം ജൂൺ 13 ന് എല്ലാ ജില്ലകളിലും കേരളാ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷനും AITUCയും നടത്തുകയുണ്ടായി. തിരുവനന്തപുരത്ത് കേരളാ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ കേന്ദ്ര ഓഫീസ്സായ ചിത്തരഞ്ജൻ സ്മാരകത്തിലെ എ.എൻ.രാജൻ ഹാളിൽ എ.ഐ.റ്റി.യു.സി സംസ്ഥാന പ്രസിഡന്റ് ജെ.ഉദയഭാനുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന അനുസ്മരണ യോഗത്തിൽ കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറിയും എ.ഐ.റ്റി.യു.സി സംസ്ഥാന സെക്രട്ടറിയുമായ സ: എം.പി.ഗോപകുമാർ സ്വാഗതം ആശംസിച്ചു. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി സ: ജി.ആർ. അനിൽ മുഖ്യപ്രഭാഷണം നടത്തി. സഖാക്കൾ എം.ജി.രാഹുൽ, കവിതാ രാജൻ, മീനാങ്കൽ കുമാർ, സോളമൻ വെട്ടുകാട്, പള്ളിച്ചൽ വിജയൻ, മധുസൂധനൻ നായർ, പി.എസ്.നായിഡു, പട്ടം ശശിധരൻ, പാപ്പനംകോട് അജയൻ, പേട്ട രവീന്ദ്രൻ, അരവിന്ദാക്ഷൻ, പത്മകുമാർ, എം.ശിവകുമാർ, പി.എൻ. സീതാലക്ഷ്മി, എസ്.ബി.റോസ്‌വിൽസ് എന്നിവർ സംസാരിച്ചു. വൈസ് പ്രസിഡന്റ് സ: റ്റി.ഷാജികുമാർ കൃതജ്ഞത രേഖപ്പെടുത്തി.■

**കേന്ദ്ര ട്രേഡ് യൂണിയനുകളുടേയും സ്വതന്ത്ര ഫെഡറേഷനുകളുടേയും അസ്സോസിയേഷനുകളുടേയും സംയുക്താഭിമുഖ്യത്തിൽ 2023 ജനുവരി 30 – ന് ന്യൂഡൽഹി കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽചേർന്ന ദേശീയ കൺവെൻഷൻെറ പ്രഖ്യാപനം**

# പ്രക്ഷോഭങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കുക

നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. സർക്കാർ പിന്തുടരുന്ന നയങ്ങൾ കാരണം രാജ്യത്തെ സാധാരണക്കാരുടേയും തൊഴിലാളികളുടേയും ജീവിത സാഹചര്യങ്ങൾ അത്യന്തം ദുരിതമയവും ഭയാനകവുമായി മാറിയിരിക്കുന്നു. ആ സാഹചര്യങ്ങൾ വിലയിരുത്തുന്നതിനാണ് തൊഴിലാളികളെയാകെ പ്രതിനിധീകരിക്കുന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടേയും സ്വതന്ത്ര സംഘടനകളുടേയും സംയുക്താഭിമുഖ്യത്തിൽ മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിത്വദിനമായ ജനുവരി 30–ന് ഈ കൺവെൻഷൻ ചേരുന്നത്.

മോദി സർക്കാരിൻെറ നയങ്ങൾ തൊഴിലാളി വിരുദ്ധവും കർഷക വിരുദ്ധവും ജനവിരുദ്ധവുമെന്ന് മാത്രമല്ല ദേശവിരുദ്ധവുമാണ്. അത് നമ്മുടെ സമ്പദ്ഘടനക്കും നമ്മുടെ രാജ്യത്തിൻെറ ഐക്യത്തിനും അഖണ്ഡതക്കും വിനാശകരമാണെന്ന് തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ആ നയങ്ങളിൽ നിന്ന് രാജ്യത്തെ വിമുക്തമാക്കാനും ജനങ്ങളെ രക്ഷിക്കാനുമാവശ്യമായ ഭാവി പരിപാടികൾ ആവിഷ്ക്കരിക്കുകയാണ് ഈ കൺവെൻഷൻെറ ലക്ഷ്യം.

ഇവിടെ ഒത്തുചേർന്നിരിക്കുന്ന നാം രാജ്യത്തെ സമ്പദ്ഘടനയുടെ മിക്കവാറും എല്ലാ മേഖലകളിലുമുള്ള തൊഴിലാളികളെ പ്രതിനിധീകരിക്കുന്നു. സംഘടിത മേഖല, അസംഘടിത മേഖല, സേവന മേഖല, പൊതു മേഖല, സ്വകാര്യ മേഖല, നിർമ്മാണ മേഖല, അടിസ്ഥാന സൗകര്യവികസന മേഖല എന്നീ മേഖലകളിലെ തൊഴിലാളികൾ, സ്കീം തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, കരാർ തൊഴിലാളികൾ, കയറ്ററിക്ക് തൊഴിലാളികൾ, ചുമട്ട് തൊഴിലാളികൾ, എണ്ണ–വാതക പര്യവേഷണ തൊഴിലാളികൾ, റോഡ്–റയിൽ ഗതാഗത മേഖലയിലെ തൊഴിലാളികൾ, ഖനന മേഖലയിലെ തൊഴിലാളികൾ, മത്സ്യബന്ധനത്തൊഴിലാളികൾ, വഴിയോര കച്ചവടക്കാർ, ഗാർഹിക തൊഴിലാളികൾ, നെയ്ത്ത് തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ, കാർഷിക തൊഴിലാളികൾ, ഗിഗ് തൊഴിലാളികൾ, ഐ.ടി ജീവനക്കാർ, ബാങ്ക്-ഇൻഷുറൻസ് ജീവനക്കാർ, കേന്ദ്ര–സംസ്ഥന സർക്കാർ ജീവനക്കാർ, പ്രതിരോധ സിവിലിയൻ ജീവനക്കാർ, ടെലികോം–തപാൽ ജീവനക്കാർ, തുറമുഖ തൊഴിലാളികൾ, വൈദ്യുതിജീവനക്കാർ, ആരോഗ്യ മേഖലയിലേയും വിദ്യാഭ്യാസ മേഖലയിലേയും ജീവനക്കാർ, കലാ–സാംസ്കാരിക–ശാസ്ത്ര മേഖലയിലെ ജീവനക്കാർ, അച്ചടി-ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളിലെ ജീവനക്കാർ തുടങ്ങി മിക്കവാറും എല്ലാ മേഖലകളിലെ തൊഴിലാളികളേയും നാം പ്രതിനിധീകരിക്കുന്നു.

2014 മുതലുള്ള മോദി സർക്കാരിന്റെ ഭരണം അവതരിപ്പിക്കുന്നത് സ്വന്തം ജനങ്ങളുടെ ജീവനോപാധികൾക്ക് നേരേ ഒരു സർക്കാർ കാട്ടുന്ന ആക്രമണോത്സുകതയുടെ ഭയാനക ചിത്രമാണ്. ദാരിദ്ര്യവും തൊഴിലില്ലായ്മയും അസമത്വവും അനിയന്ത്രിതമായി വർദ്ധിച്ചു. ഉപജീവനമാർഗ്ഗങ്ങളെ ഗുരുതരമായി ബാധിച്ച നോട്ട് നിരോധനത്തോടെയാണ് അതാരംഭിച്ചത്. സാമ്പത്തിക മാന്ദ്യം ദാരിദ്ര്യത്തെ വർദ്ധിപ്പിച്ചു. അത് തൊഴിൽ നഷ്ടത്തിലേക്കും തൊഴിലില്ലായ്മയിലേക്കും നയിച്ചു. അനിയന്ത്രിതമായ വിലക്കയറ്റത്തിന് അത് ഇടയാക്കി. ഈ പ്രശ്നങ്ങളിലേക്ക് സർക്കാരിൻെറശ്രദ്ധയാകർഷിക്കുന്നതിനും ഫലപ്രദമായ ഇടപെടലുകൾ ആവശ്യപ്പെട്ടുകൊണ്ടും പണിമുടക്കുകളുൾപ്പെടെയുള്ള അനവധി പ്രക്ഷോഭങ്ങൾ നാം സംഘടിപ്പിച്ചു. എന്നാൽ ഭരണ വർഗ്ഗം പ്രതികരിച്ചതേയില്ല. എന്ന് മാത്രമല്ല പ്രതിസന്ധികൾക്കുംപ്രശ്നങ്ങൾക്കുംകാരണമായ അതേ നയങ്ങൾ വർദ്ധിതവീര്യത്തോടും ധാർഷ്ട്യത്തോടും തുടരുകയുമാണ്.

തൊഴിലില്ലായ്മയാൽ നമ്മുടെ ചെറുപ്പക്കാർ വിഷമിക്കുകയാണ്. എന്നാൽ സർക്കാർ വകുപ്പുകളിലെ ഒഴിവു കൾ പോലും നികത്തുന്നില്ല. നിരവധിപൊതുമേഖല സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ സ്വകാര്യമേഖലക്ക് തീറെഴുതുകയോ ചെയ്യുകയാണ്. സ്വകാര്യമേഖലക്ക് കൈമാറിയ സ്ഥാപനങ്ങളെല്ലാം തൊഴിലാളികളെ പിരിച്ചു വിടുകയാണ്. തൊഴിൽ നഷ്ടത്തിൻറേയും പിരിച്ചുവിടലിൻറേയും ഇരകളായി തൊഴിലാളികൾ മാറിയിരിക്കുന്നു.

കോവിഡ് കാലത്ത് ആരോഗ്യ മേഖലയിൽ പണിയെടുത്തിരുന്ന കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുമെന്ന വാഗ്ദാനം ലംഘിച്ചു കൊണ്ട് അവരേയും പിരിച്ചു വിടുകയാണ്. കോവിഡാനന്തര കാലത്ത് തൊഴിൽ മേഖലയുടെ പുനരുജ്ജീവനം അത്യന്താപേക്ഷിതമാകുമ്പോഴും വ്യവസായശാലകൾ അടച്ചു പൂട്ടുവാൻ അനുവദിക്കുകയാണ് സർക്കാർ.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ തൊഴിൽ ദിനങ്ങൾ 200 ആയി വർദ്ധിപ്പിക്കണമെന്ന് നാം ആവശ്യപ്പെട്ടു. സമാനമായ പദ്ധതി നഗര പ്രദേശങ്ങ

ളിലും നടപ്പാക്കണമെന്നും നാം ആവശ്യപ്പെട്ടു. എന്നാൽ പദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ 50 ആയി വെട്ടിക്കുറകയാണ് സർക്കാർ ചെയ്തത്. പദ്ധതിയുടെ ബജറ്റ് വിഹിതം കുറച്ചു. അതുപോലും പൂർണ്ണമായി വിനിയോഗിക്കപ്പെടുന്നില്ല.

സ്കീം തൊഴിലാളികളെ സർക്കാർ തസ്തികകളിൽ സ്ഥിരപ്പെടുത്തണമെന്ന് നാം ആവശ്യപ്പെട്ടു. പക്ഷേ അവർക്ക് പ്രശംസയല്ലാതെ മറ്റൊന്നും സർക്കാർ നൽകുന്നില്ല. കോവിഡ് കാലത്തെ അവരുടെ സേവനങ്ങളെ പ്രകീർത്തിക്കുകയും ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്ന സർക്കാരിൻെറ പ്രവൃത്തി ക്രൂരമായ തമാശയല്ലാതെ മറ്റൊന്നുമല്ല.

മൂന്നരക്കോടിയോളം വരുന്ന മാലിന്യ സംസ്ക്കരണ തൊഴിലാളികൾക്കും ഗാർഹിക തൊഴിലാളികൾക്കും അന്യസംസ്ഥാന തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷ പദ്ധതികളുടെ പരിരക്ഷ ഉറപ്പാക്കണമെന്ന് നാം ആവശ്യപ്പെട്ടു. സർക്കാർ ധനസഹായത്തോടെ സാമൂഹ്യ സുരക്ഷ പദ്ധതികളും പെൻഷനും സാർവ്വത്രികമാക്കണ മെന്നും നാം ആവശ്യപ്പെട്ടു. പുതിയ പെൻഷൻ പദ്ധതി പിൻവലിക്കണമെന്നും പഴയ പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു. എന്നാൽ അതൊന്നും അംഗീകരിക്കാൻ സർക്കാർ തയ്യാറല്ല. ഇ.പി.എസ്-95 സംബന്ധിച്ച സുപ്രീം കോടതി വിധി നടപ്പാക്കണമെന്നും ഏറ്റവും കുറഞ്ഞ പ്രതിമാസ പെൻഷൻ 8000 രൂപയാക്കണമെന്നുമാണ് നാം ആവശ്യപ്പെടുന്നത്.

സ്ഥിരം തൊഴിലുകളിൽ വൻ തോതിലുള്ള കരാർവൽക്കരണം അവസാനിപ്പിക്കണമെന്ന് നാം ആവശ്യപ്പെട്ടു. ഒരേ ജോലി ചെയ്യുന്ന സ്ഥിരം തൊഴിലാളിക്കും കരാർ തൊഴിലാളിക്കും തുല്യ വേതനം നൽകണമെന്ന് നാം ആവശ്യപ്പെട്ടു. പക്ഷേ കോർപ്പറേറ്റ് പ്രീണനം കൈമുതലാക്കിയ സർക്കാർ കരാർവൽക്കരണം വ്യാപകമാക്കുവാനും നിയമവിധേയമാക്കുവാനുമാണ് ശ്രമിക്കുന്നത്.

മോണിറ്റൈസേഷൻ പൈപ്പ് ലൈൻ പദ്ധതിയെന്ന പേരിൽ പൊതുമേഖല സ്ഥാപനങ്ങളും പൊതു സ്വത്തുക്കളും വിറ്റഴിക്കാനും സ്വകാര്യവൽക്കരിക്കാനുമുള്ള നീക്കങ്ങൾ ഉപേക്ഷിക്കാൻ നാം ആവശ്യപ്പെട്ടു. എന്നാൽ "വിറ്റഴിക്കാവുന്നതും വിറ്റഴിക്കാൻ കഴിയാത്തതുമായ എല്ലാം വിൽക്കും" എന്ന് ലജ്ജ കൂടാതെ പ്രഖ്യാപിച്ചു കൊണ്ട് അഹങ്കാരത്തിനും ധാർഷ്ട്യത്തിനും ഒരതിരുമില്ലെന്ന് തെളിയിക്കുകയാണ് സർക്കാർ.

നമ്മുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം താങ്ങാവുന്ന ചിലവിൽ നൽകണമെന്നാണ് നാമാവശ്യപ്പെട്ടത്. എന്നാൽ പുതിയ വിദ്യാഭ്യാസ നയത്തിലൂടെ കുട്ടികളുടെ വിദ്യാഭ്യാസാവകാശങ്ങൾ നിഷേധിക്കുകയാണ് സർക്കാർ. സർക്കാർ സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും ആവശ്യത്തിന് അദ്ധ്യാപകരില്ല. പൊതു വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ സ്വകാര്യ മേഖലക്ക് കൈമാറുന്നു. സിലബസ്സും പാഠപുസ്തകങ്ങളും വർഗ്ഗീയ സംഘടനകളുടെ ആശയങ്ങൾക്കനുസൃതമായി മാറ്റി പാഠ്യപദ്ധതിയെ വികലമാക്കുന്നു.

ലേബർ കോഡുകളെ നാം ശക്തിയായി എതിർക്കുകയാണ്. രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടേയും തൊഴിൽ മേഖലയിൽ അത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളുടേയും പശ്ചാത്തലത്തിൽ തൊഴിലവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും പരിഷ്ക്കരിക്കപ്പെടുകയും വേണമെന്നാണ് നാം ആവശ്യപ്പെട്ടത്. എന്നാൽ നമ്മുടെ എതിർപ്പുകളേയും അഭിപ്രായങ്ങളേയുമവഗണിച്ചു കൊണ്ട് കോർപ്പറേറ്റ് ചങ്ങാതിമാരെ പ്രീണിപ്പിക്കുന്നതിനായി തൊഴിലാളികളെ അടിമത്തത്തിലേക്ക് തള്ളിവിടുന്ന ലേബർ കോഡുകൾ അടിച്ചേൽപ്പിക്കുകയാണ് സർക്കാർ. ലേബർ കോഡുകൾക്കെതിരായി നാം നിരന്തരമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. അവ നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല എങ്കിലും അവ പിൻവലിക്കപ്പെട്ടിട്ടില്ല. എപ്പോൾ വേണമെങ്കിലും അവ നടപ്പാക്കാൻ സർക്കാരിനാവും. അതാണ് നിലവിലെ അവസ്ഥ.

കർഷകരുടെ ആവശ്യ പ്രകാരമല്ല മൂന്ന് കാർഷിക നിയമങ്ങൾ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചത്. കർഷകർ ആ നിയമങ്ങളെയാകെ തിരസ്ക്കരിച്ചു. കർഷകവിരുദ്ധമായ ആ നിയമങ്ങൾക്കെതിരേ തൊഴിലാളികളുടെ പിൻബലത്തോടെ അവർ നടത്തിയ ചരിത്രപരമായ പ്രക്ഷോഭത്തിന് രാജ്യം സാക്ഷ്യം വഹിച്ചു. അതോടെ ആ നിയമങ്ങൾ പിൻവലിക്കാൻ കേന്ദ്രം നിർബന്ധിതമായി. പക്ഷേ ആ പിൻവലിക്കലും ഒരു തരം തന്ത്രമായിരുന്നുവെന്ന് ഇപ്പോൾ തെളിയുന്നു. കാർഷിക വിളകളുടെ തറവില സംബന്ധിച്ചും വിള സംഭരണത്തെ സംബന്ധിച്ചും നൽകിയ വാഗ്ദാനങ്ങൾ ഇനിയും പാലിക്കപ്പെട്ടിട്ടില്ല.

അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ തീരുമാന പ്രകാരം എല്ലാ വർഷവും ഒരിക്കലെങ്കിലും ത്രികക്ഷി സമ്മേളനങ്ങൾ വിളിച്ചു ചേർക്കേണ്ടതാണ്. എന്നാൽ 2015-ന് ശേഷം ഇൻഡ്യൻ ലേബർ കോൺഫറൻസ് ചേർന്നിട്ടില്ല. ലേബർ കോൺഫറൻസ് വിളിച്ചു ചേർക്കണമെന്ന് നാം നിരന്തരമായി ആവശ്യപ്പെടുകയാണ്. എന്നാൽ ആ ആവശ്യം സർക്കാർ അവഗണിക്കുന്നു. അന്താരാഷ്ട്ര തൊഴിൽ സംഘടന അംഗീകരിച്ച കൺവെൻഷൻ 87 (സംഘടിക്കുവാനുള്ള സ്വാതന്ത്ര്യം), 98 (കൂട്ടായ വിലപേശലിനുള്ള അവകാശം), 189 (സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിലിടങ്ങൾ), 190 (തൊഴിലിടങ്ങളിലെ അതിക്രമങ്ങളും പീഡനങ്ങളും നിരോധിക്കുന്നത് സംബന്ധിച്ച്) എന്നിവ നടപ്പാക്കണമെന്ന് നാം ആവശ്യപ്പെട്ടു. ഒരോ ട്രേഡ് യൂണിയനുകളേയും ഒറ്റക്കൊറ്റക്ക് വിളിച്ച് സംസാരിക്കാനും ലേബർ കോഡുകൾ അടിച്ചേൽപ്പിക്കാനുമുള്ള തൊഴിൽ മന്ത്രാലയത്തിൻെറ നീക്കങ്ങൾ അവസാനിപ്പിക്കണമെന്നും നാം ആവശ്യപ്പെടുന്നു.

സമ്പത്ത് സൃഷ്ടിക്കുകയും ദേശീയ സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്താൻ യത്നിക്കുകയും ചെയ്യുന്ന തൊഴിലാളികളുടേയും സാധാരണക്കാരുടേയും കൈകളിൽ പണം എത്തിച്ചും, സാമൂഹ്യ സുരക്ഷ പദ്ധതികൾ സാർവ്വത്രികമാക്കിയും, കോർപ്പറേറ്റ് നികുതി വർദ്ധിപ്പിച്ചും, സ്വത്തു നികുതി നടപ്പാക്കിയും സമ്പദ്ഘടനക്ക് ഹാനികരമായ ഡിജിറ്റൽ കറൻസി എന്ന ആശയം ഉപേക്ഷിച്ചും നവലിബറൽ ക്രമം സൃഷ്ടിച്ച് പ്രതിസന്ധിയിൽ നിന്ന് സമ്പദ് വ്യവസ്ഥയെ പുനഃരുജ്ജീവിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്നാണ് നാം ആവശ്യപ്പെടുന്നത്.

ഭക്ഷണം, മരുന്ന്, മറ്റ് അവശ്യവസ്തുക്കൾ, പൊതുസേവനങ്ങൾ എന്നിവക്കുള്ള ചരക്ക്-സേവന നികുതിയും മറ്റ് പരോക്ഷ നികുതികളും കുറക്കണമെന്ന് നാം ആവശ്യപ്പെട്ടു. എന്നാൽ വൻ

കിട കുത്തകകളുടെ താൽപ്പര്യങ്ങൾക്ക് അടിമപ്പെട്ട സർക്കാർ കോർപ്പറേറ്റ് നികുതിയാണ് കുറച്ചത്. ചരക്ക് സേവന നികുതിയും മറ്റ് പരോക്ഷ നികുതികളും വർദ്ധിപ്പിക്കുകയും ചെയ്തു.

തുടർച്ചയായി മാന്ദ്യം നേരിടുന്ന സമ്പദ് വ്യവസ്ഥ, അടിത്തറയിളകിയ വ്യവസായ മേഖല, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ തകർച്ച തുടങ്ങിയ കാരണങ്ങളാൽ ഭൂരിപക്ഷം ജനങ്ങളുടെ മേലുള്ള ഭാരം വർദ്ധിക്കുന്നു.

രാജ്യത്ത് സാമ്പത്തിക അസമത്വം തീവ്രമായി. മൊത്തം ദേശീയ വരുമാനത്തിൻെറ 72 ശതമാനവും ജനസംഖ്യയിൽ 10 ശതമാനം വരുന്ന സമ്പന്നരുടെ കൈവശമാണ്. ദേശീയ വരുമാനത്തിൻെറ 40.5 ശതമാനം കയ്യടക്കി വച്ചിരിക്കുന്നതാകട്ടെ ജനസംഖ്യയിൽ ഒരു ശതമാനം മാത്രം വരുന്ന അതിസമ്പന്നരും. ഏറ്റവും താഴെക്കിടയിലുള്ളവരുടെ വരുമാനം ദേശീയ വരുമാനത്തിൻെറ 3 ശതമാനം മാത്രമാണ്. കോവിഡ് മഹാമാരിക്ക് മുമ്പ് രാജ്യത്തെ ശതകോടീശ്വരന്മാരുടെ എണ്ണം 100 ആയിരുന്നുവെങ്കിൽ ഇന്നത് 166 ആയി വർദ്ധിച്ചു. ഇവരിൽ 21 പേരുടെ സമ്പത്താകട്ടെ രാജ്യത്തെ 70 ശതമാനം ജനങ്ങളുടെ സ്വത്തിനേക്കാൽ കൂടുതലാണ്. ഭയാനകമായ ഈ പ്രതിഭാസം കാരണം രാജ്യത്ത് ദരിദ്രരുടെ എണ്ണം വർദ്ധിക്കുന്നു. ദാരിദ്യം, പട്ടിണി, ശിശുസംരക്ഷണം, സ്ത്രീ സുരക്ഷ, ആവിഷ്ക്കാര സ്വാതന്ത്ര്യം, മനുഷ്യാവകാശം തുടങ്ങി എല്ലാ സൂചികകളിലും ഇൻഡ്യ താഴേക്ക് പതിച്ചു കൊണ്ടിരിക്കുന്നു.

ഇതിനേക്കാളേറെ വിപത്ക്കരമായ മറ്റൊരു സ്ഥിതിവിശേഷമുണ്ട്. തങ്ങളുടെ കൊള്ള ഭരണം നിലനിർത്താനായി കേന്ദ്രം ഭരിക്കുന്ന പാർട്ടിയും ആ പാർട്ടിയുടെ നേതൃത്വത്തിലുള്ള ചില സംസ്ഥാന സർക്കാരുകളും രാജ്യത്ത് സൃഷ്ടിക്കുന്ന വർഗ്ഗീയ ധ്രൂവീകരണമാണത്. ലൗജിഹാദും, പൗരത്വ ഭേദഗതി നിയമവും മറ്റും കൊണ്ട് വന്ന് തൊഴിലാളികളേയും ജനങ്ങളേയും ഭിന്നിപ്പിക്കാനും നീറുന്ന ജീവിത പ്രശ്നങ്ങളിൽ നിന്നും അവരുടെ ശ്രദ്ധ തിരിച്ചു വിടാനുമുള്ള ശ്രമത്തിൻെറ ഭാഗമാണിത്. കോർപ്പറേറ്റ് ഉടമസ്ഥതയിലുള്ള മാധ്യമങ്ങളുടെ പിന്തുണയോടെയാണവർ ഇത് സാദ്ധ്യമാക്കുന്നത്. ഇ.ഡി., സി.ബി.ഐ., എൻ.ഐ.എ തുടങ്ങിയ ഏജൻസികളെ ദുരുപയോഗപ്പെടുത്തി തങ്ങളെ വിമർശിക്കുന്ന എഴുത്തുകാരേയും മാധ്യമ പ്രവർത്തകരേയും സാമൂഹ്യ പ്രവർത്തകരേയുമെല്ലാം സർക്കാർ ഭീഷണിപ്പെടുത്തുന്നു. വിമത സ്വരങ്ങളെ നിശ്ശബ്ദമാക്കുന്നു. ജനാധിപത്യ പ്രക്രിയകളെ അട്ടിമറിക്കുന്നു. ഒരു ജനാധിപത്യ സർക്കാരിൽ നിന്നും നാം പ്രതീക്ഷിക്കുന്നതിന് കടക വിരുദ്ധമായ പ്രവൃത്തികളാണ് ഇതെല്ലാം.

ഈ ദേശവിരുദ്ധ, ജനവിരുദ്ധ വിധ്വംസക ഭരണത്തിനെതിരേ നാം പണിമുടക്കുകളുൾപ്പെടെ നിരന്തരമായ പ്രക്ഷോഭങ്ങൾ നടത്തി. അതു കാരണം പല വിഷയങ്ങളിലും സർക്കാർ പിൻവാങ്ങാൻ നിർബന്ധിതമായി. ഒരുമയോടുള്ള പോരാട്ടങ്ങളുടെ ഫലമായി ബി.പി.സി.എൽ., സി.ഇ.എൽ., ചില സ്റ്റീൽ പ്ലാൻറുകൾ എന്നിവയുടെ സ്വകാര്യവൽക്കരണ പ്രക്രിയ തത്ക്കാലം നിർത്തിവക്കപ്പെട്ടു. വൈദ്യുതി തൊഴിലാളികളുടെ സമരം കാരണം വൈദ്യുതിവിതരണം സ്വകാര്യവൽക്കരിക്കുന്നതിൽ നിന്ന് മഹാരാഷ്ട്ര സർക്കാരിന് പിന്തിരിയേണ്ടി വന്നു. കഴിഞ്ഞ ഒന്നര വർഷത്തിനിടെ ഉത്തർപ്രദേശ്, ചണ്ഡിഗഢ്, ജമ്മു-കശ്മീർ എന്നിവിടങ്ങളിൽ തൊഴിലാളി വിരുദ്ധ നയങ്ങളെ നേരിടാൻ തൊഴിലാളി വർഗ്ഗത്തിൻെറ യോജിച്ച പോരാട്ടങ്ങൾക്ക് കഴിയുമെന്ന് തെളിയിച്ചു.

മോദി സർക്കാരിൻെറ ദേശവിരുദ്ധവും വിനാശകരവുമായ നയങ്ങളാണ് രാജ്യത്തിൻേറയും ജനങ്ങളുടേയും തൊഴിലാളികളുടേയുംയഥാർത്ഥശത്രുവെന്ന തിരിച്ചറിവ് ജനങ്ങൾക്കുണ്ടാക്കുകയാണ് ഇന്നത്തെ അടിയന്തിരാവശ്യം. കേന്ദ്ര സർക്കാരിൻെറഈ ദേശദ്രോഹ നയങ്ങൾ മാറേണ്ടതുണ്ട്. അതിനവർ തയ്യാറല്ലാത്ത പക്ഷം അവരെ അധികാരത്തിൽ നിന്നും മാറ്റേണ്ടതുണ്ട്. ആ ദൗത്യം രാജ്യത്തെ ജനങ്ങളോടൊപ്പം നിന്നു കൊണ്ട് നിർവ്വഹിക്കുവാൻ തൊഴിലാളി വർഗ്ഗം വിധിക്കപ്പെട്ടിരിക്കുന്നു.

അടുത്ത വർഷം നടക്കാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിന് മുമ്പുള്ള നിർണ്ണായക വർഷമാണ് 2023. രാജ്യത്തേയും ജനങ്ങളേയും അഭൂതപൂർവ്വമായ പ്രതിസന്ധിയിലേക്ക് തള്ളി വിടുന്നവർക്കെതിരായ പ്രക്ഷോഭങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കുന്നതിന് അശ്രാന്തമായി പരിശ്രമിക്കേണ്ട വർഷമാണിത്. മുൻകാലാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ യോജിച്ച പോരാട്ടങ്ങളെ അതിൻെറ അത്യുന്നത തലങ്ങളിലേക്ക് എത്തിക്കാൻ തൊഴിലാളികളുടെ ഈ ദേശീയ കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു. ഈ ഗവണ്മെന്റിന്റെ പിന്തിരിപ്പൻ നയങ്ങൾക്കെതിരേയും ജനദ്രോഹ നടപടികൾക്കെതിരേയുമുള്ള നമ്മുടെ പോരാട്ടങ്ങൾ അതിന്റെ അത്യുച്ചസ്ഥായി യിലെത്തിക്കേണ്ട വർഷമാണ് 2023.

ഭരണകൂടത്തിൻെറ നവലിബറൽ നയങ്ങൾക്ക് ബദലായി തൊഴിലാളി വർഗ്ഗം മുന്നോട്ട് വച്ച 14 ആവശ്യങ്ങൾ ഈ ദേശീയ സമ്മേളനം ആവർത്തിക്കുന്നു. ആ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും ചരിത്രപരമായി തൊഴിലാളി വർഗ്ഗത്തിലർപ്പിതമായ ദൗത്യം നിർവ്വഹിക്കുന്നതിനും ഇനി പറയുന്ന പരിപാടികൾ സംഘടിപ്പിക്കാൻ ഈ സമ്മേളനം ആഹ്വാനം ചെയ്യുന്നു.

- 2023 മാർച്ച് മുതൽ മേയ് വരെ സംസ്ഥാന, ജില്ല, മേഖലാ തല കൺവെൻഷനുകൾ സംഘടിപ്പിക്കണം
- ജൂൺ മുതൽ പദയാത്രകൾ, വാഹന പ്രചരണ ജാഥകൾ എന്നിവ സംഘടിപ്പിച്ച് ജനകീയ പ്രചരണങ്ങൾ നടത്തണം.
- ആഗസ്റ്റ് 9-ന് ക്വിറ്റ് ഇൻഡ്യാ ദിനത്തിൽ സംഘടിപ്പിക്കുന്ന "മഹാപടവ്" (വമ്പിച്ച ധർണ്ണ) പരിപാടിയോടെ പ്രചരണ പരിപാടികൾ അവസാനിപ്പിക്കണം.
- കർഷക പ്രക്ഷോഭത്തിനിടെ ശക്തിപ്പെടുത്തിയ തൊഴിലാളി-കർഷക ഐക്യം ഇനിയും മുന്നോട്ട് കൊണ്ട് പോകേണ്ടതുണ്ട്. അതിനായി ചില സംയുക്ത പ്രക്ഷോഭ പരിപാടികളും ആവിഷക്കരിക്കണം. വർഷാവസാനം രാജ്യവ്യാപകമായ പണിമുടക്കുൾപ്പെടെയുള്ള തുടർ പ്രക്ഷോഭ പരിപാടികൾക്ക് മഹാപടവിന് ശേഷം ചേരുന്ന അവലോകന യോഗം രൂപം നൽകണം.

**സംയുക്ത ട്രേഡ് യൂണിയൻ സമിതി:**

**ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., എച്ച്.എം.എസ്സ്., സി.ഐ.ടി.യു., എ.ഐ.യു.ടി.യു.സി. ടി.യു.സി.സി., സേവ, എ.ഐ.സി.സി.ടി.യു., എൽ.പി.എഫ്., യു.ടി.യു.സി., സ്വതന്ത്ര ഫെഡറേഷനുകൾ, അസ്സോസിയേഷനുകൾ**

ജി.എസ് 17/2023 31.07.2023

ഡോ. രാജൻ എൻ. ഖൊബ്രഗഡെ ഐ എ എസ്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കെ.എസ്.ഇ.ബി ലിമിറ്റഡ്

സർ,

ഉഭയകക്ഷി സമ്മതപ്രകാരം രൂപപ്പെടുത്തിയ ദീർഘകാല കരാറുകളാണ് കെഎസ്.ഇ.ബി ജീവനക്കാരുടെ വേല വേതന വ്യവസ്ഥകളുടെ ആധാരം. നിലവിലെ ദീർഘകാലകരാറിന്റെ കാലാവധി 2023 ജൂലൈ 31 ന് അവസാനിക്കുന്ന വിവരം താങ്കളുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നു. കരാർ കാലാവധി അവസാനിക്കുന്ന ഘട്ടത്തിലും ഒട്ടേറെ വ്യവസ്ഥകൾ ഇനിയും നടപ്പിലാക്കിയിട്ടില്ലായെന്നത് തികച്ചും ഖേദകരമാണ്. കൂടാതെ അലംഘനീയങ്ങളായി തുടരേണ്ട ഒട്ടേറെ കരാർ വ്യവസ്ഥകൾ അടിക്കടി ലംഘിക്കുന്ന നടപടികൾ മാനേജ്മെന്റ് ഭാഗത്തുനിന്നും ഉണ്ടാകുന്നത് തീർത്തും ആശങ്കാജനകമാണ്. എല്ലാ വിഷയങ്ങളും യഥാസമയം കത്തിലൂടെയും ലഭ്യമായ ചർച്ചാവേദികളിലും ഈ സംഘടന ഉന്നയിച്ചിട്ടുണ്ട്. നിലവിലെ ഗൗരവ സാഹചര്യത്തിൽ,

കെ എസ് ഇ ബി – കേരള മാതൃക സംരക്ഷിക്കുക, ശമ്പള പരിഷ്കരണം അട്ടിമറിക്കരുത്, ഡി എ ഉൾപ്പെടെ ആനുകൂല്യ നിഷേധങ്ങൾ അവസാനിപ്പിക്കുക, പ്രൊമോഷനുകളും നിയമനങ്ങളും നൽകുക, ആശ്രിത നിയമനത്തിലെ കാലതാമസം ഒഴിവാക്കുക, പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുക, പെൻഷൻ പ്രായം ഉയർത്തുക, റീ സ്ട്രക്ചറിംഗ് & സ്പെഷൽ റൂൾസ് – തൊഴിലാളി ദ്രോഹ നിർദേശങ്ങൾ പിൻവലിക്കുക, വൈദ്യുതി അപകടങ്ങളുടെ പേരിൽ നിരപരാധികളായ ജീവനക്കാരെ ബലിയാടാക്കാതിരിക്കുക, ജീവനക്കാർക്കും ഓഫീസുകൾക്കും നേരെയുള്ള ആക്രമണങ്ങളിൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക

എന്നീ ആവശ്യങ്ങൾ മുൻനിർത്തി 2023 ആഗസ്റ്റ് 1 ന് തിരുവനന്തപുരം വൈദ്യുതി ഭവനിലേക്കും ജില്ലാ കേന്ദ്രങ്ങളിൽ സർക്കിൾ ഓഫീസുകളിലേക്കും പ്രതിഷേധ മാർച്ചുകൾ സംഘടിപ്പിക്കുന്നു.

സമരത്തിന് ആധാരമായ വിഷയങ്ങൾ പരിഹരിക്കുന്നതിന് കൂടിയാലോചനകൾക്ക് ഇടമൊരുക്കണമെന്ന് ആവശ്യപ്പെടുന്നു.

ലോകോത്തര നിലവാരത്തിലേയ്ക്ക് വൈദ്യുതി ബോർഡിനെ ഉയർത്താനുള്ള സംസ്ഥാന സർക്കാരിന്റെ സുപ്രധാന പരിപാടികളോട് സമകാലികമാക്കിത്തന്നെ സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും ശ്രേയസ്സിന് അടിത്തറയായിവർത്തിക്കാനുതകുന്ന പുത്തൻ കരാർ സമയബന്ധിതമായിതന്നെ ഉരുത്തിരിയുമെന്നാണ് ഏവരുടേയും പ്രതീക്ഷ. തദനുസൃതമായ നടപടികൾ മാനേജ്മെന്റ് ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. പുതിയ കരാറിന്റെ പ്രാരംഭ നീക്കങ്ങൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ ഈ സംഘടന സമഗ്രമായ അവകാശ പത്രിക തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ
എം. പി. ഗോപകുമാർ
ജനറൽ സെക്രട്ടറി

---



ജി.എസ് 14/2023 19.06.2023

ഡോ. രാജൻ എൻ. ഖൊബ്രഗഡെ ഐ എ എസ്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കെ.എസ്.ഇ.ബി ലിമിറ്റഡ്

സർ,

KSEB ജീവനക്കാരുടെ സ്ഥാനക്കയറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനം കാലാകാലങ്ങളിൽ ഉഭയകക്ഷി ചർച്ചകളിലൂടെ രൂപപ്പെടുത്തിയ കരാർ വ്യവസ്ഥകളാണ്. എന്നാൽ കരാർ വ്യവസ്ഥകൾ പ്രകാരം അടിസ്ഥാന തസ്തികകളിലേക്ക് പ്രമോഷൻ നൽകുവാനുള്ള മുഖ്യ യോഗ്യതാമാനദണ്ഡമായ ദീർഘകാല അനുഭവ പരിജ്ഞാനം പരിഗണിക്കാതെ CEA റഗുലേഷന്റെ പേരിൽ സാധാരണ തൊഴിലാളികളുടെ പ്രമോഷനുകൾ വിളംബപ്പെടുത്തുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടപ്പോൾ വർക്കേഴ്സ് ഫെഡറേഷൻ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയായിരുന്ന ശ്രീ. എം എം മണി സംഘടനകളുടെ യോഗം വിളിക്കുകയും പ്രശ്നപരിഹാരത്തിനുള്ള ശരിയായ പോംവഴിയായി നിലവിലെ ജീവനക്കാരുടെ യോഗ്യതയിൽ വ്യതിചലനം വരുത്തി കൊണ്ട് സർക്കാർ ഉത്തരവാകുകയും ചെയ്തു. പ്രസ്തുത സർക്കാർ ഉത്തരവിനെ ചോദ്യം ചെയ്തു കൊണ്ട് നടന്ന കോടതി വ്യവഹാരങ്ങൾക്കൊടുവിൽ ബഹു. സുപ്രീം കോടതിയിൽ നിന്നും അനുകൂല വിധി ലഭിക്കുകയുണ്ടായി. തുടർന്ന് വിവിധ തസ്തികകളിലേയ്ക്ക് പ്രമോഷനുകൾ നൽകിയപ്പോഴും ഇലക്ട്രിസിറ്റി വർക്കിൽ നിന്നും ലൈൻമാനിലേക്കുള്ള പ്രമോഷനുകൾ അടിസ്ഥാനരഹിത കാരണങ്ങൾ നിരത്തി പാതിവഴിയിൽ തടസ്സപ്പെടുത്തുന്ന രീതിയാണ് മാനേജ്മെന്റ് ഭാഗത്ത് നിന്നും ഉണ്ടായത്. പരമോന്നത നീതിപീഠം പുറപ്പെടുവിച്ച വിധിയുടെ അന്ത:സത്തയ്ക്ക് വിരുദ്ധമായി നിശ്ചിത കാലയളവിനുള്ളിൽ (5/7 വർഷം) ജീവനക്കാർ ഐ.ടി.ഐ അല്ലെങ്കിൽ ഡിപ്ലോമ യോഗ്യത നേടണമെന്ന അപ്രായോഗിക വ്യവസ്ഥകൾകൂടി ഉൾക്കൊള്ളിച്ച് 21/04/2022ൽ പുറത്തിറക്കിയ ബോർഡുത്തരവ് കാര്യങ്ങൾ കൂടുതൽ കുഴപ്പത്തിലാക്കി. CEA നിഷ്ക്കർഷിക്കാത്ത പരീക്ഷാ സമ്പ്രദായങ്ങൾക്ക് സാധാരണ തൊഴിലാളികളെ വിധേയരാക്കുവാനുള്ള തൊഴിലാളി വിരുദ്ധ സമീപനം തിരുത്തണമെന്നാവശ്യപ്പെട്ട് ഈ സംഘടന അധികൃതർക്ക് നിരവധി കത്തുകൾ നൽകുകയും വിവിധ പ്രക്ഷോഭ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സമയബന്ധിത പ്രമോഷനുകൾ നൽകാതിരിക്കൽ, വർദ്ധിത എണ്ണം ജീവനക്കാരുടെ വിരമിക്കൽ എന്നീ കാരണങ്ങളാൽ ഫീൽഡ് ഓഫീസുകളിൽ മാനവ വിഭവ ശേഷിയിൽ വലിയ കുറവാണ് അനുഭവപ്പെടുന്നത്. ഉപഭോക്തൃസേവനം കണിശമായി ഉറപ്പുവരുത്തേണ്ട സെക്ഷനാഫീസുകളുടെ പ്രവർത്തനങ്ങളെയാകെ താളംതെറ്റിക്കുന്നവിധത്തിൽ താഴെ തട്ടിൽ വർദ്ധിത എണ്ണം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന ഗുരുതരസ്ഥിതി വിശേഷമാണ് നിലവിലുള്ളത്.

വിവരിച്ച ഗൗരവ സാഹചര്യത്തിൽ സി.ഇ.എ റഗുലേഷൻ 2023 പ്രകാരമുള്ള സംരക്ഷണ വ്യവസ്ഥകൾ കൂടി പരിഗണിച്ച് നിലവിലെ സാംഗ്ഷൻഡ് സ്ട്രംഗ്തിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി അടിയന്തിരമായി എല്ലാ പ്രമോഷനുകളും നൽകണമെന്ന് ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ
എം പി. ഗോപകുമാർ
ജനറൽ സെക്രട്ടറി

ജി.എസ് 12/2023 23.05.2023

ശ്രീ. കെ. കൃഷ്ണൻകുട്ടി

ബഹു. ഊർജ്ജ വകുപ്പ് മന്ത്രി

പ്രിയപ്പെട്ട ശ്രീ. കെ കൃഷ്ണൻകുട്ടി,

കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ സ്മാർട്ട് മീറ്റർ പദ്ധതി ടോട്ടക്സ് മാതൃകയിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഠിക്കുവാൻ നിയോഗിച്ച വിദഗ്ദ്ധസമിതി റിപ്പോർട്ട് പ്രാഥമികമായി പരിശോധിക്കുകയുണ്ടായി. ഇച്ഛാശക്തിയോടെ തുടർ തീരുമാനങ്ങൾ കൈക്കൊണ്ടാൽ ആശങ്കകൾ ദൂരീകരിച്ച് പൊതുമേഖലയിൽ തന്നെ പദ്ധതി നടപ്പിലാക്കാനാവുമെന്ന സൂചനയാണ് റിപ്പോർട്ട് പകർന്ന് നൽകുന്നത്.

1. സ്മാർട്ട് മീറ്റർ പദ്ധതിയും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയുമായി യാതൊരു ബന്ധവുമില്ലെന്ന സംഘടനകളുടെ അഭിപ്രായത്തെ തത്വത്തിൽ ഭാഗികമായി അംഗീകരിക്കുന്നതാണ് കമ്മിറ്റി റിപ്പോർട്ട്.

2. പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിന് ഒരു വർഷം കാലാവധി നീട്ടി വാങ്ങിയാൽ 'സി-ഡാക്ക്' സാങ്കേതികവിദ്യ ഉപയോഗിച്ചുതന്നെ പൊതുമേഖലയിൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നാണ് കമ്മിറ്റി വിലയിരുത്തിയിരിക്കുന്നത്.

3. ടോട്ടക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ പദ്ധതി നടപ്പിലാക്കാതിരുന്നാൽ ഇതര പദ്ധതികൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ധനസഹായം നഷ്ടമാകുമോ എന്നത് സംബന്ധിച്ച് വിദഗ്ദ്ധ സമിതിക്കു തന്നെ വ്യക്തതയില്ലെന്നും ഇക്കാര്യം സംസ്ഥാന സർക്കാർ നേരിട്ട് വ്യക്തത വരുത്തേണ്ട വിഷയമാണെന്നുമാണ് സമിതി ശുപാർശ ചെയ്തിട്ടുള്ളത്.

4. പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവ് കുറയ്ക്കുന്നതിനും ഉപഭോക്താക്കളുടെ ബാധ്യത കുറയ്ക്കുന്നതിനുമായി കമ്പനിയ്ക്കുള്ള പ്രതിഫലം കെ എസ് ഇ ബി സ്വന്തം ഫണ്ടിൽ നിന്നും നൽകുന്നതാണെന്ന സമിതി നിർദ്ദേശം നടപ്പിലായാൽ പദ്ധതിയുടെ ബാധ്യതയാകെ കെ എസ് ഇ ബിയുടെ ചുമലിലാവുകയും സ്ഥാപനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെടുകയും ചെയ്യുമെന്ന കാര്യം ഉറപ്പാണ്.

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന നവ ഉദാരവത്കരണ നയങ്ങളുടെ ഭാഗമായി പൊതുമേഖലാ വൈദ്യുതി കമ്പനികളെ സ്വകാര്യ മേഖലയ്ക്ക് അടിയറ വയ്ക്കുവാനുള്ള നടപടികളുടെ ഭാഗമായി മാത്രമേ ടോട്ടക്സ് മാതൃക സ്മാർട്ട് മീറ്റർ പദ്ധതിയേയും കാണുവാൻ കഴിയുകയുള്ളൂ. ഇത്തരം നടപടികൾക്കെതിരെ ദേശീയതലത്തിൽ തന്നെ വൈദ്യുതി മേഖലയിലെ സംഘടനകൾ കൂട്ടായി പ്രതിരോധം ഉയർത്തി വരുന്ന കാര്യം താങ്കൾക്ക് അറിവുള്ളതാണല്ലോ.

കേരളത്തിലെ സുപ്രധാന പൊതുമേഖലാ സ്ഥാപനത്തിലെ സംഘടനകൾ കൂട്ടായി ഉയർത്തിയ ആശങ്കയും എതിർപ്പും കണക്കിലെടുക്കാതെ പദ്ധതിയുമായി മുന്നോട്ട് പോകുവാനുള്ള മാനേജ്മെന്റ് തീരുമാനം ഈ രംഗത്ത് പതിറ്റാണ്ടുകളായി നിലനിൽക്കുന്ന തൊഴിൽ സമാധാനത്തിന് ഭംഗം വരുത്തുവാൻ ഇടയാക്കുമെന്ന കാര്യം നിസ്തർക്കമാണ്. അതിനാൽ എൽഡിഎഫ് സർക്കാരിന്റെ നയങ്ങൾക്ക് അനുരോധമായി സ്മാർട്ട് മീറ്റർ പദ്ധതി പൊതുമേഖലാ സംവിധാനത്തിലൂടെ ഘട്ടം ഘട്ടമായി നടപ്പിലാക്കണമെന്ന ആവശ്യം പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതുണ്ട്.

വിവരിച്ച ഗൗരവ സാഹചര്യത്തിൽ സ്മാർട്ട് മീറ്റർ വിഷയത്തിൽ സംഘടനകൾ കൂട്ടായി ഉന്നയിക്കുന്ന ആവശ്യങ്ങളുടെ ചുമര് ചേർന്ന് ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ബോർഡ് മാനേജ്മെന്റിന് നൽകണമെന്ന് ആവശ്യപ്പെടുന്നു.

1 സ്മാർട്ട് മീറ്റർ പദ്ധതി ടോട്ടക്സ് മാതൃകയിൽ നടപ്പിലാക്കുന്നത് ഉപേക്ഷിക്കണം.

2 സ്മാർട്ട് മീറ്റർ ടോട്ടക്സ് രീതിയിൽ നടപ്പാക്കിയാൽ മാത്രമേ മറ്റു പദ്ധതികൾക്ക് കേന്ദ്ര ധനസഹായം നൽകുകയുള്ളൂവെന്ന കേന്ദ്ര ഊർജ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിലപാട് നിയമപരമല്ലായെന്ന കാര്യം കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിക്കുകയും നിലപാട് തിരുത്തുവാൻ ആവശ്യപ്പെടുകയും വേണം.

3 പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന് കാലാവധി നീട്ടിനൽകുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കണം.

മുകളിൽ പരാമർശിക്കപ്പെട്ട ഗൗരവ വിഷയങ്ങളിൻമേൽ കൂടിയാലോചനകൾ നടത്തി സംസ്ഥാന താത്പര്യം സംരക്ഷിക്കുന്ന സമവായ തീരുമാനങ്ങൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നു.

സ്നേഹപൂർവ്വം

കാനം രാജേന്ദ്രൻ

പ്രസിഡന്റ്

---

ജി.എസ് 09/2023 04.04.2023

ശ്രീ. പിണറായി വിജയൻ

ബഹു. മുഖ്യമന്ത്രി

സർ,

വിഷയം: കെ.എസ്.ഇ.ബി.എൽ ഡയറക്ടർമാരെ നിശ്ചയിക്കുന്നതിന് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പിൻവലിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

സൂചന: GO(MS) No. 4/2023/POWER Dated, Thiruvananthapuram 25.03.2023 നമ്പർ സർക്കാർ ഉത്തരവ്

സൂചന ഉത്തരവ് പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡിന്റെഡയറക്ടർമാരെനിയമിക്കുന്നതിനായിചീഫ്സെക്രട്ടറി അധ്യക്ഷനായി അഞ്ചംഗ സമിതിയെ നിയോഗിച്ചിരിക്കുകയാണ്. നാളിതുവരെ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരുന്ന അധികാരങ്ങൾ ഇനിമേൽ ഐ.എ.എസ് ഉദ്യോഗസ്ഥന്മാർ മാത്രം ഉൾപ്പെട്ട ഒരു കമ്മിറ്റിയ്ക്ക് വിട്ടു നൽകിയതിന്റെ കാരണങ്ങളൊന്നുംതന്നെ വ്യക്തമാക്കാതെയാണ് ടി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

പൂർണ്ണമായും സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കെ.എസ്.ഇ.ബി.എൽ കമ്പനിയിൽ സീനിയറായ ചീഫ് ഇൻജിനീയർമാരിൽനിന്ന് കഴിവും പ്രാപ്തിയും സർക്കാർ നയങ്ങൾക്ക് അനുരോധമായി പണിയെടുക്കുന്നവരേയുമാണ് ഡയറക്ടർമാരായി നിയമിച്ചുവരുന്നത്. സംസ്ഥാനത്തിന്റെയും സ്ഥാപനത്തിന്റെയും സുഗമമായ മുന്നോട്ടുപോക്കിനും പുരോഗതിക്കും തികച്ചും പ്രായോഗികമായിരുന്ന നിലവിലെ രീതി മാറ്റി തീരുമാനിച്ച ഉത്തരവ് പിൻവലിച്ച് മാതൃകാ പൊതുമേഖലാ സ്ഥാപനമായി കെ.എസ്.ഇ.ബി.എൽ - ന് തുടർന്നും പ്രവർത്തിക്കാൻ സാഹചര്യമൊരുക്കണമെന്നാണ് ഈ സംഘടനയുടെ അഭിപ്രായം.

കേന്ദ്രസർക്കാരിന്റെ നവഉദാരവത്ക്കരണ നയങ്ങൾക്ക് ബദലായി കേരളം ഊർജ്ജരംഗത്ത് സൃഷ്ടിച്ച ബദൽ വികസനരീതി ഇനിയും മുന്നോട്ടു കൊണ്ടുപോകുന്നതിന് സംസ്ഥാന സർക്കാർ നയങ്ങളോട് അനുകൂല കാഴ്ചപ്പാടുള്ളവരും വൈദ്യുത ഉത്പാദന-പ്രസരണ-വിതരണ രംഗങ്ങളിൽ പതിറ്റാണ്ടുകളുടെ അനുഭവ സമ്പത്തുള്ളവരുമായ ഡയറക്ടർമാരുടെ കൂട്ടായ നേതൃത്വമാണ് കൂടുതൽ അഭികാമ്യം. എല്ലാറ്റിനുമുപരിയായി സംസ്ഥാന സർക്കാരിന് പൂർണ്ണ അവകാശ അധികാരങ്ങളുള്ള കമ്പനി മാനേജ്മെന്റിനെ നിശ്ചയിക്കുവാനുള്ള കമ്മിറ്റിയിൽ കേന്ദ്രസർക്കാർ പ്രതിനിധിയായ സി.ഇ.എ ചെയർമാനെകൂടി നിയമിച്ചതിലെ വൈരുദ്ധ്യവും ഞങ്ങൾ ചൂണ്ടിക്കാട്ടുന്നു. കെ.എസ്.ഇ.ബി.എൽ ഡയറക്ടർ ബോർഡിൽ ചെയർമാൻ, ഫിനാൻസ് ഡയറക്ടർ, അനൗദ്യോഗിക അംഗം എന്നിവരൊഴികെ എല്ലാ സ്ഥാനങ്ങളിലും ബോർഡിലെ ചീഫ് ഇൻജിനീയർമാരിൽ നിന്നും അനുയോജ്യരായവരെ നിയമിക്കുന്ന നിലവിലെ രീതിതന്നെ തുടരണമെന്നാണ് ഈ സംഘടനയുടെ നിലപാട്.

വിവരിച്ച ഗൗരവവിഷയത്തിൽ താങ്കളുടെ അടിയന്തിര ഇടപെടൽ ഉണ്ടാകണമെന്നും സൂചന ഉത്തരവ് പിൻവലിച്ച് കെ.എസ്.ഇ.ബി.എൽ – ൽ ഡയറക്ടർമാരെ നിയമിക്കുന്ന നിലവിലെ രീതിതന്നെ തുടരണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ
എം.പി. ഗോപകുമാർ
ജനറൽ സെക്രട്ടറി

---

ജി.എസ് 02/2023 11.01.2023
ഡോ. രാജൻ എൻ. ഖൊബ്രഗഡെ ഐ എ എസ്
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കെ.എസ്.ഇ.ബി ലിമിറ്റഡ്
സർ,

വിഷയം: കെ എസ് ഇ ബി ജീവനക്കാർക്ക് അർഹതപ്പെട്ട ഡി.എ, ലീവ് സറണ്ടർ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന: 1. ജി.എസ്. 30/2022 ആയി 24.08.2022 ബഹു. ഊർജ്ജ വകുപ്പ് മന്ത്രിക്ക് നൽകിയ കത്ത്
2. ജി.എസ്. 23/2022 ആയി 03.06.2022 ൽ കെ എസ് ഇ ബി ചെയർമാന് നൽകിയ കത്ത്
3. ജി.എസ്. 26/2022 ആയി 26.07.2022 ൽ കെ എസ് ഇ ബി ചെയർമാന് നൽകിയ കത്ത്
4. കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടറുടെ 06.01.2023 തീയതിയിലെ 03/2023 (P&HR) സർക്കുലർ.

സൂചന 1, 2, 3 ഉൾപ്പെടെ നിരവധി കത്തുകളിലൂടെ ജീവനക്കാരുടെ സുപ്രധാന ആനുകൂല്യങ്ങളായ ക്ഷാമബത്ത, ലീവ് സറണ്ടർ എന്നിവയുടെ വിതരണത്തിലുണ്ടായ തടസ്സവും ഗുരുതര കാലതാമസവും ബഹു. വൈദ്യുതി വകുപ്പ് മന്ത്രിയുടെയും താങ്കളുടെയും ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി.

നമ്മുടെ സ്ഥാപനം മെച്ചപ്പെട്ട സാമ്പത്തികനിലയിൽ മുന്നോട്ടു പോകുന്ന ഈ ഘട്ടത്തിലും മേൽവിവരിച്ച രണ്ട് സുപ്രധാന വിഷയങ്ങളിലും അനുകൂല തീരുമാനങ്ങളെടുക്കാതെ കാര്യങ്ങൾ അനിശ്ചിതത്വത്തിന്റെ ചുഴിയിലായത് ജീവനക്കാരിൽ വ്യാപക പ്രതിഷേധങ്ങൾക്കും കടുത്ത നിരാശയ്ക്കും ഇടയാക്കിയിരിക്കുകയാണ്.

ദീർഘകാല കരാർ പ്രകാരം ആൾ ഇന്ത്യാ കൺസ്യൂമർ പ്രൈസ് ഇൻഡക്സ് നിശ്ചയിക്കുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിൽ ക്ഷാമബത്ത നൽകുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 01.01.2022, 01.07.2022 തീയതി മുതൽ പ്രാബല്യത്തിൽ ലഭിക്കേണ്ട ക്ഷാമബത്ത വൈദ്യുതി ബോർഡിൽ ഇനിയും അനുവദിച്ചിട്ടില്ല.

കുടുംബ ചെലവിൽ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതകൾ നിറവേറ്റുവാൻ ഗണ്യവിഭാഗം ജീവനക്കാരും ആശ്രയിക്കുന്നത് അർജിത അവധി സറണ്ടർ ചെയ്ത് ലഭിക്കുന്ന തുകയാണ്. എന്നാൽ മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഇപ്രാവശ്യം ഏൺഡ് ലീവ് സറണ്ടർ തുക എല്ലാ വിഭാഗം ജീവനക്കാർക്കും അനുവദിക്കുന്നതിൽ ചില തടസ്സവാദങ്ങൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് ഉൾപ്പടെ ഒഴിവാക്കാനാകാത്ത അധിക സാമ്പത്തിക ബാധ്യത നിറവേറ്റേണ്ട ഈ സമയത്ത് തൊഴിലാളികളുടെ ലീവ് സറണ്ടർ തുക യഥാസമയം നൽകാതിരിക്കുന്നത് നീതീകരിക്കാവുന്ന കാര്യമല്ല.

സൂചന 4 പ്രകാരം കേരളത്തിലെ സുപ്രധാന പൊതുമേഖലാ സ്ഥാപനമായ കെ എസ് എഫ് ഇയിൽ ക്ഷാമബത്ത അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ആനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ആനുകൂല്യനിഷേധത്തിന് തുല്യമായതിനാൽ മേൽവിവരിച്ച വിഷയങ്ങളുടെ ഗൗരവപ്രാധാന്യം കണക്കിലെടുത്ത് കെ എസ് ഇ ബി യിലും ഡി.എ, ലീവ് സറണ്ടർ എന്നിവ അനുവദിക്കുവാൻ സത്വര നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നു.

എം.പി. ഗോപകുമാർ
ജനറൽ സെക്രട്ടറി

# അഭിനന്ദനങ്ങൾ



ഡോ. പി എൻ ബിജു

കോൺക്രീറ്റ് ഡാമുകളിൽ ഭൂകമ്പ തരംഗങ്ങളുടെ പ്രതിഫലനം എന്ന വിഷയത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു. പള്ളത്ത് കെ.എസ് ഇ ബി എൽ ഡാം സേഫ്റ്റി സർക്കിൾ ഡപ്യൂട്ടി ചീഫ് എഞ്ചിനീയറും ഓഫീസേഴ്സ് ഫെഡറേഷന്റെ സംസ്ഥാന പ്രസിഡന്റുമാണ്.




എൻ.സി.സി.ഒ.ഇ.ഇ.ഇ സംസ്ഥാന സമരപ്രഖ്യാപന കൺവെൻഷൻ
ഉദ്ഘാടനം സ: എളമരം കരീം എം.പി.

---




മലപ്പുറം
ഉദ്ഘാടനം
സ: റ്റി. ഷാജികുമാർ
സംസ്ഥാന വൈസ് പ്രസിഡന്റ്




പത്തനംതിട്ട ഡിവിഷൻ
സമാപന സമ്മേളനം
ഉദ്ഘാടനം
സ: റ്റി. ഷാജികുമാർ
സംസ്ഥാന വൈസ് പ്രസിഡന്റ്

---



AITUC കേരള സംസ്ഥാന ട്രഷറർ
CPI കേരള കൺട്രോൾ കമ്മീഷൻ അംഗം
ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് ചെയർമാൻ

**സ: എം.വി. വിദ്യാധരന് ആദരാഞ്ജലികൾ**



മുൻമന്ത്രി
**വക്കം പുരുഷോത്തമന് ആദരാഞ്ജലികൾ**



പ്രമോഷനുകളും നിയമനങ്ങളും നൽകുക
ഡി എ, ലീവ് സറണ്ടർ അനുവദിക്കുക
തിരുവനന്തപുരം
വൈദ്യുതി ഭവനിൽ
പ്രകടനവും
യോഗവും
ഉദ്ഘാടനം: എം.പി. ഗോപകുമാർ
ജനറൽ സെക്രട്ടറി
KSEBL ന്റെ പുരപ്പുറ സോളാർ പദ്ധതി ഇന്ത്യയ്ക്ക് മാതൃക
കേരളത്തിന് ഉത്തർപ്രദേശിന്റെ ആദരം






KEWF
ജനുവരി 24
പ്രതിഷേധ ദിനം
തിരുവനന്തപുരം വൈദ്യുതി ഭവനിൽ
പ്രകടനവും യോഗവും
ഡി എ,
ലീവ് സറണ്ടർ
അനുവദിക്കുക




ജെ. ചിത്തരഞ്ജൻ അനുസ്മരണ സമ്മേളനം ബഹു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി
സ: ജി.ആർ. അനിൽ  ഉദ്ഘാടനം നിർവ്വഹിക്കുന്നു.




എം. സുകുമാരപിള്ള അനുസ്മരണ സമ്മേളനം ബഹു.  ഡെപ്യൂട്ടി സ്പീക്കർ സ: ചിറ്റയം ഗോപകുമാർ ഉദ്ഘാടനം നിർവ്വഹിക്കുന്നു.




സ: എം.വി. വിദ്യാധരൻ അനുസ്മരണയോഗം എ.ഐ.ടി.യു.സി കേരള സംസ്ഥാന കൗൺസിൽ സെക്രട്ടറി
സ: എം.പി. ഗോപകുമാർ  ഉദ്ഘാടനം നിർവ്വഹിക്കുന്നു.






തിരുവനന്തപുരം കേന്ദ്ര ഓഫീസിനോട് ചേർന്ന് നിർമ്മിച്ച എ.എൻ. രാജൻ ഹാൾ ഉദ്ഘാടനം സ: കാനം രാജേന്ദ്രൻ നിർവ്വഹിക്കുന്നു.

Edited, Printed & Published by M.P. Gopakumar on behalf of Kerala Electricity Workers Federation, Thiruvananthapuram 695014
Printed at Expat Print House, Kazhakootam, Thiruvananthapuram